പുസ്തകം ൩. ൧൧൦൦. ലക്കം ൨, ൩.

# വിദൂഷകൻ.




വരിസംഖ്യ ഒരു കൊല്ലത്തേക്കു ൩ ക.

ഒരു ലക്കത്തിനു ൪ — അണ ൨ റ്റം.

വിഷയവിവരം.


൧. പ്രസാധകക്കുറിപ്പുകൾ.
൨. രസികരംഗം.
൩. പാനലബന്ധം.
൪. വിവാഹഭ്രമം.
൫. ബഹുരസം.
൬. കോഞ്ഞപുരാണം.
൭. ശൂപാർശ.
൮. ഒരു വിളംബരം.
൯. കൊച്ചുണ്ണിയോട്.
൧൦. പഴയ തഹശീൽദാർ.
൧൧. കരുണയുടെ കാരണം.
൧൨. മാമാ വെങ്കിടൻ.
൧൩. രണ്ടേരണ്ടു വാക്ക്.
൧൪. പാതിവ്രത്യത്തിൻെറ ഫലം.
൧൫. ആളൊഹരിറെഗുലേഷൻ.
൧൬. ഹംസസന്ദേശം.
൧൭. പാതിരിയും ശിഷ്യരും.
൧൮. പരസ്യങ്ങൾ.

# ഭാനുമതിഅമ്മയും ഭാസ്കരൻനായരും.

—:*:*:—

ഒരു സരസസംഭാഷണം.

ഭാനുമതിഅമ്മ:— ഓണമടുത്തില്ലെ? എന്താണനങ്ങാതിരിക്കുന്നതു്?

ഭാസ്കു:—വിശേഷിച്ച അനങ്ങാനെന്തുള്ളൂ? നെല്ലു അറയിൽ കിടപ്പുണ്ടു്. ജവുളി എടുക്കാൻ ചിട്ടി പിടിച്ചിരിക്കുന്നു.

ഭാനു:—അതൊക്കെ എനിക്കുമറിയാം എന്റെ പ്രത്യേകകാര്യമാണു് ഞാൻ സൂചിപ്പിച്ചു പറഞ്ഞതു്. ഈക്കൊല്ലം നിങ്ങളുടെ കസവുനേരിയതൊന്നും എനിക്കു വേണ്ടാ.

ഭാസ്കു:—അതിനെന്താ? നേര്യതു വേണ്ടെങ്കിൽ നല്ലജാതിപ്പട്ടുകളുണ്ടല്ലൊ നിന്റെ ഇഷ്ടം പോലെ വാങ്ങിത്തരാം.

ഭാനു:—ഈ കടകളിലെ പട്ടൊന്നും എനിക്കാവശ്യമില്ല. അതിനൊക്കെ വിലകൂടും. കൊല്ലത്തു ജീവരക്ഷാമണി വൈദ്യശാലക്കാരുടെ പക്കൽ ഒരുതരം പട്ടുണ്ടു്. വളരെ വിശേഷമാണു്. അഞ്ചുനീളവും രണ്ടുവീതിയുമുള്ള ആ പട്ടു നിലത്തുവയ്ക്കാൻ തോന്നുകയില്ല വിലയോ വളരെസഹായം. ൩—രൂപയേയുള്ളു. അങ്ങേതിലെ സാവിത്രി, ഈയിടെ ഒന്നുവരുത്തി. അതു കണ്ടപ്പോൾ മുതൽ എനിയ്ക്കു ആഗ്രഹമുദിച്ചതാണു്.

ഭാസ്കു:—പട്ടിന്റെ നിറമെന്തു്?

ഭാ:—എല്ലാനിറത്തിലുമുണ്ടു്. വെള്ള, റോസ്, മഞ്ഞ, നീലം, ചെമപ്പു്, എല്ലാനിറവുമുണ്ടു്. സാവിത്രിവരുത്തിയതു റോസ് നിറമാണു്. എനിയ്ക്കു വെള്ളപ്പട്ടുമതി.

ഭാസ്കു:—ഓഹോ! എന്നാൽ അതിലൊന്നു വരുത്തിത്തരാം. മേൽവിലാസം അറിയാമോ?

ഭാനു:—ജീവരക്ഷാമണി വൈദ്യശാല മെയിൻ റോഡ് കൊല്ലം എന്നെഴുതിയാൽമതി.

ഭാസ്കു:—വൈദ്യശാലയാണെങ്കിൽ മരുന്നുകളും അവിടെ കാണുമല്ലോ.

ഭാനു:—എല്ലാ രോഗങ്ങൾക്കും മരുന്നുകൾ ഉണ്ടു്. ഒരു കാറ്റലാഗ് കൂടെ അയച്ചുതരാൻ എഴുതിയാൽ ഉടനെവരും. ഓണം കഴിഞ്ഞിട്ടു മരുന്നുകൾക്കെഴുതാം. പിന്നെ ഒരു കാര്യം കൂടി എഴുത്തിൽ പറയണേ! ഒരുകുപ്പി മോഹിനി കുന്തളതൈലവും ഒരുകുപ്പി സെന്റും കൂടിയേകഴിയൂ. ഇതാ ഈയിടെ എന്റെ തലമുടി കൊഴിഞ്ഞുതുടങ്ങിയിരിക്കുന്നു. അതു പുരട്ടിയാൽ തലമുടി പനംകുലപോലെ വളരും. വിലയോ ഒരു രൂപായേയുള്ളു. സെന്റിനു മുക്കാൽരൂപയേ വിലയുള്ളു.

ഭാസ്കു:—സെന്റു പല തരത്തിൽ കാണുന്നുണ്ടല്ലോ. ഇവരുടെ സെന്റു നല്ലതോ?

ഭാനു:—വളരെ വിശേഷമായ സെന്റാണു്. ഒരുതുള്ളി ദേഹത്തു പുരട്ടിയാൽ മൂന്നു ദിവസത്തേയ്ക്കു അതിന്റെ വാസന ഉണ്ടായിരിക്കും. മുണ്ടിൽ പുരട്ടിയാലും അതുപോലെ തന്നെ അടിച്ചുനനച്ചാലും വാസന പോവുകയില്ല.

ഭാസ്കു:—ആട്ടെ. എന്നാൽ ഒരു കാർഡു ഇങ്ങെടുക്കൂ. ഇപ്പോൾതന്നെ എഴുതിയേക്കാം. ജീവരക്ഷാമണി വൈദ്യശാല, മെയിൻറോഡ്, കൊല്ലം എന്നുമതിയല്ലോ മേൽവിലാസം.

ഭാനുമതി:—ഓഹോ മതി.

—*—

## അബദ്ധം

ഒന്നാംപേജ് കഴികെയുള്ള ചിലപേജുകളുടെ നമ്പർതെററായും "മാമാവെങ്കിടൻ" എന്ന ലേഖനത്തിന്റെ അവസാനഭാഗത്തിനുപകരം മറെറാരു കാളം ഇരട്ടിപ്പായും അച്ചടിച്ചുപോയിട്ടുണ്ടു്. വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

നല്ല അവസരം! സുഖമായ ഏർപ്പാട്!

# വിദൂഷകൻ വിൽപ്പന

താഴെക്കാണുന്ന ഏജൻറന്മാർമുഖേന നടത്തുവാൻ വേണ്ട ഏർപ്പാടുചെയ്തിരിക്കുന്നു. പുതിയ ലക്കം നാലണവിലയ്ക്കും പഴയലക്കങ്ങൾ രണ്ടണവിലയ്ക്കും ഏജൻസികളിൽ കിട്ടുന്നതാണ്.

മുൻകൂർ ഒന്നായി രൂപാകൊടുക്കണമെന്നില്ല, അഞ്ചൽച്ചെലവിന്റെ ഉപദ്രവത്തെ ഭയപ്പെടേണ്ടാ. ഓരോലക്കവും രൊക്കവിലകൊടുത്തു വാങ്ങിവായിച്ചു രസിച്ചുകൊള്ളാം.

## തിരുവനന്തപുരം:—

എസ്. എസ്. നാരായണയ്യർ, ബുക്ക് സെല്ലർ, സ്റ്റേഷണറിമെർച്ചന്റ്

തിരുവനന്തപുരം.

## കൊല്ലം.

എസ്. റ്റി. റെഡ്യാർ ആൻഡ് സൺസ്., വി. വി. ബുക്കുഡിപ്പോ, കൊല്ലം.

## ആലപ്പുഴ.

വി. വി. ബുക്കുഡിപ്പോ, (ബ്രാഞ്ച്), ആലപ്പുഴ

## തൃശ്ശിവപേരൂർ.

വി. വി. ബുക്കുഡിപ്പോ, (ബ്രാഞ്ച്) തൃശ്ശിവപേരൂർ

—:o:—

സ്ഥിരവരിക്കാരായി ചേരുവാനിച്ഛിക്കുന്നവർ മേല്പടി ഏജൻസികളിൽ ആറുമാസത്തെയോ ഒരു കൊല്ലത്തേയോ വരിസംഖ്യ ഏല്പിച്ചു എഴുതിഅയച്ചാലും മാസിക ശരിക്കു കിട്ടുന്നതാണ്.

മാനേജർ,
വിദൂഷകൻ,
കൊല്ലം — പരവൂർ.

# നല്ലസ്വൎണ്ണാഭരണങ്ങൾ വേണോ?

എങ്കിൽ

## ഞങ്ങളോടാവശ്യപ്പെടുക.

മിതമായവിലയ്ക്കും ചുരുങ്ങിയ പ്രതിഫലത്തിനും ചെയ്തുകൊടുപ്പാൻ തയ്യാർ.

തനിപ്പവൻ! അസൽപ്പണി! നല്ലകല്ല്!

ഒന്നാംതരം ഇമിറ്റേഷൻ കല്ലുവച്ചതുമുണ്ട്.

ദിനേദിനേ മാറിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ ഫാഷനിൽ അവരവരുടെ ഇഷ്ടാനുസരണം അതിവിശേഷമായ രീതിയിൽ പണിചെയ്ത കമ്മൽ, മാല, അസ്ഥിയൽ, മൂക്കുത്തി; കട്ടക്കൻ, കാപ്പു മുതലായ ഏതുതരം ആഭരണങ്ങളും കല്ലുവച്ചതും വയ്ക്കാത്തതും ആവശ്യംപോലെ ഞങ്ങളുടെ പക്കൽ എപ്പോഴും ഉണ്ടായിരിക്കുന്നതാണു.

വി. പി. അയപ്പാൻ ആവശ്യപ്പെടുന്നവർ അഡ്വാൻസ് അയച്ചിരിക്കണം. കൂടുതൽവിവരങ്ങൾക്കു എഴുതുക.

പി. പൊടിയപ്പനാചാരി, ആൻഡ് ബ്രദേഴ്സ്,
ആഭരണവ്യാപാരം,
കമ്പോളം, കൊല്ലം—പരവൂർ.

# ആഭരണശാല.

പരോപകാരത്തേയും പൊതുജനനന്മയേയും മുൻനിറുത്തി പ്രവൎത്തിക്കുന്ന ഒരു നവീന

## വ്യവസായമന്ദിരം.

ഇവിടെ രത്നംപതിച്ചതും പതിക്കാത്തതുമായ എല്ലാമാതിരി ആഭരണങ്ങളും മിതമായക്കൂലിയിൽ ഹിതമായരീതിയിൽ കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടും. ഇവിടത്തെ പണിത്തരങ്ങൾ പെരുമാററങ്ങൾ മുതലായവയിലുള്ള നിഷ്കാപട്യം പരീക്ഷിച്ചറിയേണ്ടതാണു്.

രത്നാഭരണങ്ങൾക്കു നാലിൽഒന്നും സ്വൎണ്ണാഭരണങ്ങൾക്കു നാലിൽ മൂന്നും വില മുൻകൂർ അടച്ചു ആവശ്യപ്പെടുന്നവൎക്കു വീ. പി. അയച്ചുകൊടുക്കുവാനും ഞങ്ങൾ തയ്യാറാണു്.

അപേക്ഷിക്കേണ്ടും മേൽവിലാസം:-

പി. മാടസ്വാമിആചാരി
ആൻറ് ബ്രദേഴ്സ്,
വഞ്ചിയൂർ, തിരുവനന്തപുരം.

ഡാക്ടർ എം. എൻ. പിള്ളയുടെ

# ബി. & എസ്. സൊളൂഷൻ

നിങ്ങൾക്കു ശരീരത്തിനു ശക്തിയും ബുദ്ധിക്കു ഉന്മേഷവും പ്രവൃത്തിക്കു തൻേറടവും ശരീരത്തിനും തലച്ചോറിനും ആരോഗ്യവും പ്രത്യേകിച്ചു വിദ്യാൎത്ഥികൾക്കു ഓൎമ്മശക്തിയും ആവശ്യമുണ്ടെങ്കിൽ

ബീ. ആൻറ് എസ്. സൊളൂഷൻ
സേവിക്കുക.

ചെറുപ്പക്കാൎക്കുണ്ടാകാറുള്ള ഇന്ദ്രിയസ്ഖലനത്തിനു ഇതു ഒരു കൈകണ്ട ഔഷധമാണു്.

ഒരുമാസത്തേക്കുള്ള കുപ്പി ൧-൮ രൂ ൨.
ചെറിയകുപ്പിക്കു രൂ ൧.

## മസൂരിയെ

തടയുന്നതിനുള്ള സിദ്ധൌഷധം രൂപാ ൧.
മസൂരിരോഗത്തിനുള്ള സിദ്ധൌഷധം രൂ ൧.

ഡാക്ടർ എം. എൻ. പിള്ള,
എൽ. എം. എസ്. (ഹോമിയോ)
തിരുവനന്തപുരം.

# വിദൂഷകൻ.

# THE MALABAR PUNCH

പുസ്തകം ൩. { ൧൧൦൦. } ലക്കം ൨. ൩.


## പ്രസാധകക്കുറിപ്പുകൾ

### വിദൂഷകനുംകൂടി

## അനുമോദിക്കുന്നു.

—*—

നമ്മുടെ റാണിമഹാരാജാവു തിരുമനസ്സുകൊണ്ടു് തിരുവുള്ളമുണ്ടായി സ്വന്തം ദിവാനായി കല്പിച്ചു നിയമിച്ചതു്, ബാരിസ്റ്റർ മിസ്റ്റർ മാറിസ്‌വാട്ട്സിനെയാണെങ്കിലും ഈ സ്ഥാനത്തു് ഈ ഗഡുവിൽ ഈവിധത്തിൽ നിയമിക്കപ്പെടുവാൻ ഇത്ര സുസമ്മതനായിട്ടും ഇത്ര യോഗ്യനായിട്ടും ഇത്ര മര്യാദക്കാരനായിട്ടും മിസ്റ്റർ മാറിസ്‌വാട്ട്സല്ലാതെ ഈ സംസ്ഥാനത്തും മറുസംസ്ഥാനങ്ങളിൽപോലും മറ്റാരുമില്ലെന്നു കാര്യകാരണസഹിതം യുക്തിയുക്തമായി വിദൂഷകൻ അന്നേതന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതാകുന്നു. ഈ അഭിപ്രായത്തെ നാനാജാതി മതസ്ഥന്മാരും ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും മെമ്പ്രന്മാരും അമെമ്പ്രന്മാരും തമ്പിമാരും തമ്പുരാക്കന്മാരും, എന്നുവേണ്ട, വണ്ടിക്കാരു്, വള്ളക്കാരു് വരെയുള്ള സർവരും സർവത്ര തലകുലുക്കി സമ്മതിച്ചിട്ടുള്ളതുമാകുന്നു. ഈ സ്ഥിതിക്കു് മിസ്റ്റർ മാറിസ്‌വാട്ട്സ് രാജധാനിയിൽ വന്നു കഴിഞ്ഞാലുടനെ അദ്ദേഹത്തിനൊരു മംഗളപത്രം വിദൂഷകൻവകയായി പ്രത്യേകമായി പബ്ലിക്കായി സമർപ്പിക്കുവാൻ ഭദ്രമായി പ്രൈവറ്റായി നിശ്ചയിച്ചിരുന്ന അവസരത്തിലാണു് ആ ഉചിതകൃത്യവും അതിന്റെ ഭാരവാഹിത്വവും തിരുവനന്തപുരം പബ്ലിക്ക്തന്നെ പ്രൈവറ്റായി ആലോചിച്ചു ഭംഗിയായി പബ്ലിക്കായി ആ കാര്യം നിർവഹിച്ചതു്. അനിതരസാധാരണവും അത്ഭുതപൂർവവുമായിത്തന്നെ ആ മംഗളക്രിയ നടത്തുവാനും നടത്തിക്കുവാനും വിദൂഷകസ്ഥാനത്തുനിന്നു് തിരുവനന്തപുരം പബ്ലിക്കിന്റെ "ലെഗാൻ" പിടിച്ച മിസ്റ്റർ ഹൂഗപർഫിനെ ഈ വിഷയത്തിൽ എത്രതന്നെ അനുമോദിച്ചാലും പിന്നെയും പിന്നെയും അനുമോദിക്കുവാൻതന്നെ തോന്നിപ്പോകുന്നു. ഈ മഹാകാര്യനിർവഹണത്തിനായി പുറപ്പെട്ട രണ്ടാമനായി ഗണിക്കപ്പെട്ടിരുന്നാലും യഥാർത്ഥത്തിൽ ഒന്നാമനായിത്തന്നെ ലാലസിച്ചിരുന്നു. അദ്ധ്യക്ഷകിരീടധാരണംകൊണ്ടു് ആ സുവർണ്ണാവസരത്തെ അത്യന്തജാജ്വല്യമാനമാക്കിച്ചെയ്ത പൊതുക്കാര്യപ്രസക്തശിരോമണിയായ മിസ്റ്റർ ച. പരമേശ്വരൻപിള്ളയേയും മറ്റൊരു സാക്ഷാൽ ഹൂഗപർഫായിട്ടുതന്നെ ഞങ്ങൾ അനുമോദിച്ചുകൊള്ളുന്നു. അവസരോചിതവും സന്ദർഭസുന്ദരവുമായ ബാൻഡുനാഗസ്വരാദിവിവിധവിഭവങ്ങളോടും ആലവട്ടവെഞ്ചാമരാദി അഖിലതര ചടങ്ങുകളോടും കൂടിയ ആ മഹാമഹോത്സവത്തിനു് പാത്രവാനായ ശ്രീമാൻ മാറിസ്‌വാട്ട്സ് അവർകളേയും ഇവയെല്ലാക്കെയും ഹേതുഭൂതയായ ശ്രീപത്മനാഭസേവിനിയായ വഞ്ചിസംവർദ്ധിനിയായ മഹാറാണി റീജന്റു തിരുമനസ്സിനേയും ഞങ്ങൾ സർവാത്മനാ അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു. വിശിഷ്യ, ഏവംവിധങ്ങളായ സർവ ആഡംബരങ്ങളും അലങ്കാരങ്ങളും സഹായസഹകരണങ്ങളും സുഖസൌകര്യ

ങ്ങളും പ്രദാനംചെയ്‌വാൻ തയാറെടുത്തു് ഏററവും ഊർജ്ജസ്വലമായി കാത്തുനിന്നിരുന്ന ശ്രീമാൻ ജൂബിലിടൌൺഹാൾ അവർകളേയും ഏതുവിഷയത്തിലും ഏതുസമയത്തും മിസ്റ്റർ ടൌൺഹാളിനോടൊന്നിച്ചു ചേളിക്കുവാൻതക്ക പരോപകാരതല്പരതയും മഹാമനസ്കതയും ഇവയ്ക്കുവേണ്ട ടിക്കററും സർട്ടിഫിക്കററുംകൂടി വാങ്ങീട്ടുള്ള തിരുവനന്തപുരം "പബ്ളിക്കി"നേയുംകൂടി പ്രത്യേകം പ്രത്യേകമായും പൊതുവായും ഞങ്ങൾ അനുമോദിക്കുകയും അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു. ഇനിയും, തിരുവനന്തപുരം "പബ്ളിക്കി"നെ അനുകരിച്ചു് തിരുവിതാംകൂറിലെ നാനാജാതിമതസ്ഥന്മാരും നാനാജാതിമതസ്ഥന്മാരിലുള്ള വിവിധാവാന്തരവിഭാഗക്കാരും പ്രത്യേകംപ്രത്യേകമായും, തിരുവിതാംകൂറിലെ ഓരോരോ താലൂക്കുകാരും ഒത്തൊരുമിച്ചു് പൊതുവായുംകൂടി വേണ്ട മംഗളപത്രങ്ങൾ ശ്രീമാൻ മാറിസ്സ് വാട്ട്സ്സ് അവർകൾക്കു് സമർപ്പിക്കാതിരിക്കുകയില്ലെന്നു വിശ്വസിക്കുകയും അവരെയെല്ലാം മുൻകൂറായി പ്രോത്സാഹിപ്പിക്കുവാനും അനുമോദിക്കുവാനും കൂടി ഞങ്ങൾ തയാറായി ഇരുന്നുകൊള്ളുകയും ചെയ്യുന്നു. ഉദ്യോഗവും ഭരണവും എല്ലാംകഴിഞ്ഞു് ഭരതവാക്യവുംപാടി ദിവാൻജിമാരു് രാജ്യംവിട്ടുപോകുമ്പോൾ മംഗളപത്രസമർപ്പണങ്ങൾക്കായി കോപ്പുകൂട്ടുന്നതിനേക്കാൾ അവർ ദിവാൻജിമാരായി രാജ്യത്തു പ്രവേശിക്കുമ്പോൾ തന്നെ കാലേകൂട്ടിത്തന്നെ മംഗളപത്രങ്ങളെല്ലാം സമർപ്പിക്കുവാൻ വട്ടംകൂട്ടുന്ന ഏർപ്പാടു് അത്യന്തം ഉൽകൃഷ്ടവും ശ്രേഷ്ഠവും ഹൃദ്യവും ഹൃദയങ്ഗമവുമായ ഒരേർപ്പാടാണെന്നുതന്നെ ഞങ്ങൾ മനഃപൂർവ്വം അഭിപ്രായപ്പെടുകയും ഈ ഏർപ്പാടുതന്നെ നീണാൾ നിലനിന്നു കാണ്മാൻ ആഗ്രഹിക്കുകയും ചെയ്യുന്നതോടുകൂടി ഇനിമേലും ഈ വിഷയത്തിൽ തിരുവനന്തപുരംപബ്ളിക്കും ശ്രീമാൻ ജൂബിലി ടൌൺഹാൾ അവർകളും അപ്പഴപ്പോൾ ഉണ്ടാവുന്ന 'ഹൂഗാർഫ'ന്മാരുമൊന്നുചേർന്നു് വേണ്ട കൃത്യനിഷ്ഠയോടും ബദ്ധശ്രദ്ധയോടുംകൂടി യഥോചിതം വേണ്ടതു പ്രവർത്തിച്ചുകൊള്ളുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

* * *

## റെവന്യൂ
## ദേവസ്വം ഓപ്പറേഷൻ.

—*—

"..... ശുചീന്ദ്രം, ശ്രീപത്മനാഭസ്വാമികോവിൽ മുതലായ മഹാക്ഷേത്രങ്ങളിലെ പൂജ, വഴിപാടു്, ശീവേലി, ഊട്ടു, സദ്യ, സർവ്വാണി മുതലായ തൊള്ളായിരത്തിതൊണ്ണൂററൊന്‍പതിൽ ചില്വാനം അടിയന്തിരങ്ങളും കീഴ്പതിവുപോലെ യാതൊരു നീക്കുപോക്കും തട്ടുമുട്ടുംകൂടാതെ നടത്തിക്കിട്ടുന്ന ശമ്പളവും പററിക്കൊണ്ടു്......"എന്നോ മറേറാ പണ്ടു പണ്ടു ചേരമാൻപെരുമാൾ തിരുമനസ്സിലെക്കാലത്തങ്ങാൻ സൃഷ്ടിക്കപ്പെട്ട ആ നെടുനെടുങ്കൻവാചകം വെട്ടിയെടുത്തു ചവററുകുട്ടയിലിട്ടതിൽ ബാക്കി കിട്ടിയ മുറിവാലൻ നീട്ടോടുകൂടി ദിവാനുദ്യോഗവുമേററു് കിന്നരിത്തലപ്പാവും വച്ചു് ഭക്തിവിലാസത്തു പാളയമടിച്ച ശ്രീമാൻ മാറിസ്സ് വാട്ട്സ്സ് അവർകളുടെ ആഗമനത്തോടുകൂടി, വലിയതുറക്കടപ്പുറം പോലെ കിടന്നിരുന്നറെവന്യൂദേവസ്വംതുറകൾ രണ്ടും രണ്ടുപാത്രമായതായി കേൾക്കുന്നു. ഈ 'ഓപ്പറേഷൻ' മൂലം റെവന്യൂദേവസ്വങ്ങളെ പാലും വെള്ളവും പോലെ വേർതിരിച്ചു് വെവ്വേറെ സർവ്വേചെയ്തു കല്ലിട്ടു് പട്ടയവും മാറിപ്പിടിച്ചു് പേരുമാററിക്കരവുമൊടുക്കി ആക്ടിങ് ദിവാൻ കൃഷ്ണപിള്ളയ്ക്കു ദേവസ്വംദിവാൻവേലയും കിന്നരിത്തലപ്പാവൊന്നു വേറേയും കൊടുത്തു് റെവന്യൂദേവസ്വഭാഗപത്രം രജിസ്റ്റരാക്കപ്പെട്ടതായി സർവ്വത്രാപരസ്യമാക്കിയിരിക്കുന്നു. തിരുവെഴുത്തുവിളംബരമൊന്നു വേറേയും ഗസററിലിട്ടു പ്രസിദ്ധമാക്കിയിരിക്കുന്നു. എന്നാലും, മേല്പടി ദേവസ്വങ്ങളുടേയും, മേല്പടി ദേവസ്വങ്ങളിലേയും മററെല്ലാ മേജർ മൈനർ ദേവസ്വങ്ങളിലേയും പൂജ, വഴിപാടു്, ശീവേലി, ഊട്ടു, സദ്യ, സർവ്വാണി മുതലായ സകല അടിയന്തിരങ്ങളുടേയും, കൊടി, കുട, തഴ, ആന, അമ്പാരി, ആലവട്ടം മുതലായ സർവ്വ ലൊട്ടുലൊട്ടുക്കുകളുടേയും, കൊട്ടു, പാട്ടു, കൂത്തു. തുള്ളൽ. ആട്ടമോട്ടം ചാട്ടം എന്നീ സകല ചടങ്ങുകളുടേയും, എന്നുവേണ്ട, കുരുക്കൾ. മാരാൻ, വാരരു്, പിഷാരടി, പോററി, തന്ത്രി, ചന്ത്രക്കാരൻ, മുതലുവടി, മാനേജരു്, ഗ്രൂപ്പാപ്സരു്, കമ്മിഷണരു് മുതലായ സർവ്വരുടേയും സർവ്വത്തിന്റേയും മേൽ ഒഴിച്ചാൽ ഒഴിയാത്ത മാററിയാൽ മാറാത്ത അധികാരാവകാശസ്വാതന്ത്ര്യങ്ങൾ ഇക്കാലംവരെ സകല ദിവാൻജിമാർക്കുമുണ്ടായിരുന്നിട്ടുള്ളതും ഇപ്പോൾമുതല്ക്കു മാത്രം ദിവാൻജി ഒരു 'ക്രിസ്തീയകത്തോലിക്കവെള്ളക്കാരസ്വദേശീയദിവാൻജി'യായതുകൊണ്ടു് മേല്പടി അധികാരാവകാശസ്വാതന്ത്ര്യങ്ങൾ പ്രയോഗിക്കാൻ പാടില്ലെന്നു പ്രത്യേകമായി വല്ല 'വിലക്കും കല്പന'യുമുണ്ടായിട്ടുണ്ടെങ്കിൽ ആയതു് എത്രയും സങ്കടകരമായിട്ടുള്ളതുമാകുന്നു. മറെറല്ലാവകുപ്പുകളിലുമെന്നപോലെ ദേവസ്വംവകുപ്പിലും കൂടി ശ്രീമാൻ മാറിസ്സ് വാട്ട്സ്സ് അവർകൾക്കു് സർവ്വാധികാരങ്ങളും സ്വാതന്ത്ര്യങ്ങളും ന്യായമായി കൊടുക്കേണ്ടതാണെ

ണാകുന്നു ഞങ്ങളുടെ പ്രബലമായ അഭിപ്രായം. പബ്ളിക്ക് റോഡിൽക്കൂടി മനുഷ്യർക്കു സഞ്ചരിക്കാൻ പാടില്ലെന്നു അഭിപ്രായപ്പെടുന്ന 'ഇണ്ടന്തുരുത്തികൾ' ഈ വിഷയത്തിൽ എത്രഭയങ്കരമായ വിരോധാഭിപ്രായം പുറപ്പെടുവിച്ചാലും പൊതുജനനേതാക്കന്മാരും പ്രസിദ്ധപൌരപ്രമാണികളുമായ മെസ്സേഴ്സ് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള, ഹരിപ്പാട്ടു കൃഷ്ണയ്യർ മുതലായ മഹായോഗ്യന്മാരെല്ലാം ഞങ്ങളുടെ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുമെന്നു തന്നെ ഞങ്ങൾ വിശ്വസിക്കുന്നു. തിരുവിതാംകൂർ ദിവാൻജി ഒരു അഹിന്തുവോ, അവർണ്ണനോ, അധഃകൃതനോ ആരായിരുന്നാലും അയാളെ ദിവാൻജിയാക്കുന്ന "നീട്ടും വാളും മോതിരവും തലപ്പാവും" മററും രാജസ്ഥാനത്തുനിന്നു അയാൾക്കു എപ്പോൾ കൊടുക്കുന്നുവോ അപ്പോൾമുതൽ ആയാൾക്കു, ഔദ്യോഗികമായ ഉയർച്ച മാത്രമല്ല സാമുദായികവും ആദ്ധ്യാത്മികവുമായ ഉയർച്ചകൂടി സിദ്ധിക്കുന്നതാണെന്നാകുന്നു ഞങ്ങൾ വിചാരിക്കുന്നതു. തിരുവനന്തപുരത്തെ ഒരു സാധാരണനായരെ ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു "ഉടവാളും പല്ലക്കും" കൊടുത്തു ഇരിങ്ങാലക്കുടയ്ക്കു അയക്കുമ്പോൾ ആ വിദ്വാൻ അവിടത്തെ "തച്ചുടയകയ്മളാ"വുകയും ആഢ്യൻനമ്പൂരിമാരിലും വലിയ ആഢ്യൻനമ്പൂരിയായിത്തീരുകയും ചെയ്യുന്നു. അതു എല്ലാ ഇണ്ടന്തുരുത്തികളുംകൂടി സമ്മതിച്ചു തലകുലുക്കുകയുംചെയ്യുന്നു. അതുപോലെ, തിരുവിതാംകൂർ ദിവാൻജിയുടെ ജാതിയോ മതമോ എന്തായിരുന്നാലും ദിവാൻജി ദിവാൻജിയായിരിക്കുന്ന കാലത്തോളം ഒരു സവർണ്ണദിവാൻജിക്കുള്ള സർവ്വസ്വാതന്ത്ര്യങ്ങളും അധികാരങ്ങളും അവകാശങ്ങളും അനുഭവിക്കാവുന്നതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. സഭാപി ശ്രീപത്മനാഭപാദസേവയിലിരിക്കുന്ന രാജസ്ഥാനത്തുനിന്നും നൾകുന്ന "ഉടവാളിനും കിന്നരിത്തലപ്പാവി"നും മററും ആ ശക്തിയുണ്ടെന്നു "തച്ചുടയകയ്മൾ"തന്നെ വിളിച്ചുപറയുന്നു. ആകയാൽ ശ്രീമാൻ മാറിസ്സ് വാട്ട്സ് അവർകൾക്കു ദേവസ്വം വകുപ്പിൻമേൽകൂടി സർവ്വസ്വാതന്ത്ര്യങ്ങളും അധികാരങ്ങളും കല്പിച്ചുനൾകുന്നതുകൂടാതെ, മേല്പടി മിസ്റ്റർ മാറിസ്സ് വാട്ട്സ് തിരുവിതാംകൂർ ദിവാൻജിയായിരിക്കുന്ന കാലത്തോളം അദ്ദേഹത്തിനു ക്ഷേത്രപ്രവേശവും, ഉത്സവത്തിനും ആറാട്ടിനും മററും, ദിവാൻജിമാരുടെ കീഴ്‌പതിവുപോലെ, മുറയ്ക്കു സന്നിഹിതനാവാനുള്ള അവകാശസ്വാതന്ത്ര്യങ്ങളുംകൂടി കല്പിച്ചുകൊടുക്കേണ്ടതാണെന്നാകുന്നു ഞങ്ങളുടെ അഭിപ്രായം. ഇക്കാര്യത്തിൽ സർവ്വശക്തികളോടുംകൂടി വിപരീതാഭിപ്രായം പുറപ്പെടുവിച്ചേക്കാവുന്ന 'ഇണ്ടന്തുരുത്തി' കളെക്കൂടി ഒരുവിധം സമാധാനിപ്പിക്കേണ്ട ആവശ്യകത രാജസ്ഥാനത്തേക്കുണ്ടായിരുന്നേക്കാമെന്നു ഞങ്ങൾ സമ്മതിക്കുന്നു. അതിനുവേണ്ടി ദേവസ്വംവകുപ്പിലും, ക്ഷേത്രപ്രവേശനത്തിനും മററും മി. മാറിസ്സ്‌വാട്ട്സിനു സ്വാതന്ത്ര്യം അനുവദിക്കുന്നതിനു മുമ്പായി വല്ല 'തുലാപുരുഷദാന' ങ്ങളോ 'ഹിരണ്യഗർഭ' ങ്ങളോ മറേറാ നടത്തി, അഞ്ചാറുദിവസത്തേക്കു എല്ലാ ഇണ്ടന്തുരുത്തികൾക്കും സർവ്വമുറജപവിഭവങ്ങളോടുംകൂടി മൃഷ്ടാന്നഭോജനവും "വെററപ്പാക്കും" അവൽപ്പൊതിയും മററും കൂടാതെ ഈ എല്ലാ ദിവസങ്ങളിലും അരയരയുറുപ്പിക "പ്രതിഗ്രഹ"മായിട്ടുംകൂടി കൊടുത്തുകളഞ്ഞാലും ഒട്ടും തരക്കേടില്ലാത്തതാകുന്നു. ഭക്തിവിലാസം വെടിപ്പാക്കാനും മോട്ടാർക്കാറു വാങ്ങാനുമെന്നപോലെ മറെറാരു ഇരുപതിനായിരം ഇതിനുംകൂടി ചെലവെഴുതിക്കളഞ്ഞാലും വേണ്ടില്ല. ഇങ്ങനെ ഒരു സന്ധിയേപ്പാടിനു "ഇണ്ടന്തുരുത്തി"കൾ സമ്മതിച്ചാലുമില്ലെങ്കിലും രാജസ്ഥാനത്തെ "തിരുവുള്ള"മുണ്ടാകുന്നപക്ഷം ഈ വക സകലഏർപ്പാടുകളും നടപ്പാക്കുവാൻ യാതൊരു കുഴപ്പവുമുണ്ടാവുന്നതല്ല.

ഇങ്ങനെയായാൽ ദിവാൻജി സ്ഥാനത്തേക്കു മററു യാതൊരു വിഘ്നങ്ങളുംകൂടാതെതന്നെ ഒരു അഹിന്തുവിനേയോ, അവർണ്ണനേയോ, അയ്യൻകാളിയേയോ ആരെ വേണമെങ്കിലും നിയമിക്കാവുന്നതാകുന്നു. "റെവന്യൂദേവസ്വം ഓപ്പറേഷൻ" കഴിക്കാതെതന്നെ കഴിക്കാവുന്നതുമാകുന്നു. ശ്രീമാന്മാരായ ഹരിപ്പാട്ടു കൃഷ്ണയ്യരും ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയും കൂടാതെ മെസ്സേഴ്സ് ജീ. രാമൻമേനോൻ, ഏ. കേ. പിള്ള മുതലായ മഹാശയന്മാരുംകൂടി ഞങ്ങളുടെ ഈ അഭിപ്രായത്തെ പ്രബലമായി പിന്താങ്ങുമെന്നുതന്നെ ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

—*—

## ആളോഹരി സ്വർഗ്ഗത്തിലേക്കു്.

അനേകകാലമായി കൂട്ടുകുഡുംബനരകത്തിൽ കിടന്നു നട്ടംതിരിയുന്ന നായന്മാർക്കു ആളോഹരിസ്വർഗ്ഗത്തിന്റെ സ്വർണ്ണപ്പടിവാതൽ തുറന്നുകിട്ടുന്ന ആ സുമംഗളസുദിനം ഈ വരുന്ന പൊന്നിൻചിങ്ങമാസത്തിലെ ഒന്നാംതീയതിയാകുന്നു. ഈ ഒന്നാംതീയതിയോടുകൂടി ആരംഭിക്കുന്ന ആ സുവർണ്ണകാലം ഏററവും വേഗത്തിൽ സാമ്പ്രാപ്തമാകുവാൻ ചെയ്ത

തിയിൽ ചീഫ്ജസ്റ്റീസിൻെറ അഭിപ്രായത്തിനു ഒരു ഫുൾബെഞ്ചു വിധിപോലുള്ള പ്രാബല്യം ഉണ്ടായിരിക്കേണ്ടതുമാകുന്നു. ഇതുകൂടാതെ മെസ്സേഴ്സ് മന്ദത്തു പത്മനാഭപിള്ള, എം. എൻ. നായർ എന്നീ മാന്യന്മാരെ ഭാഗാവലോകനത്തിനും ഭാഗകാൎയ്യാന്വേഷണത്തിനുമായി തിരുവിതാംകൂറൊട്ടുക്കു യഥേഷ്ടം സഞ്ചരിക്കുവാൻ ലൈസൻസും സ്പെഷ്യൽകാറുംകൊടുത്തു് സഞ്ചാരസിക്രട്ടറിമാരായി അയയ്ക്കേണ്ടതും ആളോഹരിഭാഗത്തിനു വല്ല സ്ഥലത്തും വല്ല തക്കമോ തകരാറോ, കുഴപ്പമോ വിഷമമോ കാണുന്നപക്ഷം മേല്പടിയാന്മാർ അവരുടെ സൎവ്വശക്തികളും പ്രയോഗിച്ച് സകല തടസ്സങ്ങളും നീക്കംചെയ്യാൻ അശ്രാന്തപരിശ്രമം ചെയ്യേണ്ടതും എന്നാലും സാദ്ധ്യമാവാത്ത കേസുകളുണ്ടെങ്കിൽ വിവരംഅപ്പഴപ്പോൾ മേല്പടി സ്പെഷ്യൽഹൈക്കോടതിയിലേക്കു വിശദമായി റിപ്പോർട്ടുചെയ്യേണ്ടതുമാകുന്നു. ഏതു താലൂക്കിലെങ്കിലും പ്രവൃത്തിയിലെങ്കിലും സഞ്ചാരസിക്രട്ടറിമാരുടെ സാന്നിദ്ധ്യം ആവശ്യമെന്നു കണ്ടാൽ അതാതു താലൂക്കുകമ്മിററിക്കോ സബ്ബ്കമ്മിററിക്കോ വിവരത്തിനു കമ്പിയടിക്കാൻ അധികാരമുണ്ടായിരിക്കേണ്ടതാകുന്നു. ഈവ്യവസ്ഥകൾനടപ്പിൽ വരുത്തുന്നതിനും, വന്നുകഴിഞ്ഞാലും സഹായമായും, വ്യവസ്ഥകൾ നടപ്പിൽ വരുമ്പോൾ ഓരോരോ താലൂക്കിലും പ്രവൃത്തിയിലുമുള്ള കമ്മിററിക്കാരുടെ പ്രവൃത്തിഫലത്തിയെക്കുറിച്ചു വിശദമായും, സഞ്ചാരസിക്രട്ടറിമാരുടെ ആഗമനനിൎഗ്ഗമനങ്ങൾ, റിപ്പോർട്ടുകൾ മുതലായവയെപ്പററി ക്രൂലങ്കഷമായും "സ്പെഷ്യൽഹൈക്കോടതി."അപ്പീൽകേസുകൾ തീരുമാനങ്ങൾ മുതലായുള്ള എല്ലാ കാൎയ്യങ്ങളെക്കുറിച്ചും പൂൎണ്ണമായും വേണ്ടപ്പെട്ട എല്ലാ പ്രസിദ്ധീകരണങ്ങളും ചെയ്യാനുള്ള സകല ചുമതലയും ഉത്തരവാദിത്വവും "നാഷനൽ പ്രിൻറിങ് ആൻഡ് ട്രേഡിങ് കമ്പനി." ക്കു വിട്ടുകൊടുക്കേണ്ടതുമാകുന്നു കൂടാതെ. ഈ വ്യവസ്ഥകളനുസരിച്ച്"ആളോഹരിഭാഗ"ംനടക്കുന്ന കാലത്തോളം മേല്പടി കമ്പനിയിലെ മാനേജിങ് ഡയറക്ടർതന്നെ ഭാഗം വഴിയായി സമുദായത്തിലേയ്ക്കു വന്നുചേരുന്ന വരുമാനങ്ങളുടേയും സ്വത്തുക്കളുടേയും ട്രസ്റ്റിയായും രെജാൻജിയായും ഇരിക്കേണ്ടതുമാകുന്നു.

ഈ വ്യവസ്ഥകളിന്മേലും വേണ്ടിവന്നാൽ കൂടുതലായി വ്യവസ്ഥകളുണ്ടാക്കി കൂട്ടിച്ചേൎത്തും യാതൊരു കേസും വഴക്കുംകുഴപ്പവും കണ്ടാമണ്ടിയും കൂടാതെതന്നെ സകല നായന്മാൎക്കും "ആളോഹരിസ്വർഗ്ഗം" പ്രാപിക്കാവുന്നതാകുന്നു. ഈ സംസ്ഥാനത്തുള്ള എല്ലാനായന്മാരും നായകന്മാരും പ്രമാണികളും പ്രധാനികളും എല്ലാവരും വിശിഷ്യ "നാഷണൽക്ലബ്ബ്കമ്മററി"ക്കാരും പ്രത്യേകിച്ച് "നായർ സർവീസ് സൊസൈററി."ക്കാരും എല്ലാവരുമെല്ലാവരുംകൂടി ഒത്തൊരുമിച്ച് മേല്പടി വ്യവസ്ഥകൾ നടപ്പാക്കുവാനും ഗവൺമെൻറിനെക്കൊണ്ടു ഈ ഏൎപ്പാടുകളെല്ലാം അംഗീകരിപ്പിക്കുവാനും സമുദായസ്നേഹപൂൎവ്വം വേണ്ട അദ്ധ്വാനം ചെയ്യുമെന്നുതന്നെ ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

—*—

കൊല്ലം എസ്. റി. റെഡ്യാർ ആൻറു് സൺസ് അയച്ചുതന്ന ൧൧൦൨-ാമാണ്ടത്തെ "വിദ്യാഭിവർദ്ധിനി."ഡയറിയും ഒററത്താൾപഞ്ചാംഗവും കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. പതിവുപോലെ രണ്ടും വളരെവളരെ കമനീയമായിട്ടുണ്ടെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

—*—

# രസികരംഗം.

'ഡർബാർഫിസിഷനാ'യി മിസ്സസ്സ് പുന്നൻലൂക്കോസിനെ സ്ഥിരപ്പെടുത്തിയില്ലെങ്കിൽ ക്രിസ്ത്യാനികൾ ആകമാനം ക്ഷോഭിക്കും. ഡാക്ടർതമ്പിയെ ഡർബാർ ഫിസിഷനാക്കിയില്ലെങ്കിൽ പഴയ ജാതാക്കമാനിങ്ങ്ആപ്സർ മന്ദത്താൻ ഒരു പുതിയ 'ജാതാ' യുമായി ഉടനെ തലസ്ഥാനത്തെത്തും. പാവം! ദിവാൻസായ്‌വു എന്തുചെയ്യും? "ഡർബാർസർജൻ" എന്നൊരു പുതിയഉദ്യോഗംകൂടി സൃഷ്ടിച്ചു ഇവരിൽ ഒരാളെ "ഡർബാർസർജനാ"ക്കുവാൻ വിഷമമുണ്ടോ ആവോ?

*　　　　*　　　　*

പാഠ്യപുസ്തകാച്ചടിക്കുത്തക ലണ്ഡനിൽ കിടക്കുന്ന മാക്മില്ലനും ലങ്മാനുമൊക്കെ കൊടുത്തിട്ടും സമയത്തിനു പുസ്തകംകിട്ടാത്തതെന്തുകൊണ്ടാണെന്നൊരു മെമ്പർ ചോദിച്ചപ്പോൾ, "താമസത്തിൻെറ കാരണം അവരുടെ മറുപടി കണ്ടിട്ടേ നിശ്ചയിക്കാൻതരമുള്ളു" എന്നു ഗവൺമെൻറുഭാഗത്തുനിന്നു പറഞ്ഞിട്ടും തൃപ്തിപ്പെടാതെമേല്പടി മെംബർ ഉടനെ പാക്കെററിൽ കയ്യിട്ടു തൻെറ പേഴ്സെടുത്തു വിദ്യാഭ്യാസഡയറക്ടരുടെ നേരേ നീട്ടിക്കൊണ്ടു "ഇതാ ഒന്നു കമ്പിയടിച്ചുചോദിച്ചാട്ടേ, കമ്പിച്ചെലവു ഞാൻ സഹിച്ചോളാം. എങ്കിലും കൌൺസിൽ തീരുംമുമ്പ് അവരുടെ മറുപടി എന്താണെന്നറിഞ്ഞേ ഞാൻ വീട്ടിൽപോകൂ" എന്നുപറഞ്ഞുവത്രേ.

*　　　　*　　　　*

തിരുമാസംപ്രമാണിച്ചുണ്ടായിരുന്ന 'കറിക്കുവെട്ടി'ന്നു ദിവാൻജിക്കു പകരം "കറിക്കു വെട്ടി"യതു ദേവസ്വംകമ്മിഷണർ മി. ആർ. കൃഷ്ണപിള്ളയായിരുന്നുവത്രെ. പക്ഷേ ദിവാൻജിക്കുപകരം സദ്യയുണ്ണാനുള്ള ചുമതലയും മി. കൃഷ്ണപിള്ളക്കുണ്ടായിരിക്കാം. കൂടാതെ, ഉത്സവത്തിനും ആറാട്ടിനുംമററും ദിവാൻജിക്കുപകരം നടക്കാനുള്ള പണിയുംകൂടി ഏല്പിച്ചിട്ടായിരിക്കാം മേല്പടിയാനെ ദേ: കമ്മിഷണരാക്കിവിട്ടതു്. ഈവക കാര്യങ്ങളെല്ലാംകൂടി മി. കൃഷ്ണപിള്ളക്കു ഒരു സ്പെഷ്യൽഅലവൻസ് കൂടി കൊടുക്കരുതേ?

* * *

ഇതിനിടെ ഒരു ദിവസം അർദ്ധരാത്രി 'ഭക്തിവിലാസമന്ദിര'ത്തിൽ പ്രവേശിച്ചു "ഉർവ്വശീമേനകരംഭതിലോത്തമാ"ദി സ്വർവ്വധൂജനങ്ങൾ നൃത്തംതുടങ്ങിയതായും സ്വർഗ്ഗത്തുനിന്നും അവർ പ്രത്യേകമായി കയറിക്കൊണ്ടു വന്നിരുന്ന അമൃതുമുഴക്കെ "ഗ്യാലൻ ഗ്യാലൻ"കണക്കിനു കാഴ്ചക്കാർക്കൊക്കെ ഒഴിച്ചുകൊടുത്തതായും അക്കൂട്ടത്തിൽ പററിക്കൂടിയ മുക്കുടിയന്മാരിൽ ചിലർ ഉർവ്വശിമേനകാദികളെ അവിടെയൊക്കെ ഇട്ടോടിച്ചതായും മററും ഒരു തിരുവനന്തപുരത്തുകാരൻ സ്വപ്നം കണ്ടിരിക്കുന്നുവത്രെ. "സ്വപ്നം ചലർക്കു ചിലകാലമൊത്താ"ലും ഇല്ലെങ്കിലും ഈ അസംബന്ധത്തിനും ഭക്തിവിലാസത്തിനും തമ്മിലുള്ള സംബന്ധമെന്താണെന്നു ജോലിയില്ലാത്ത വല്ല ജ്യോതിഷക്കാരും അറിയിക്കുന്നപക്ഷം അവർക്കു പത്തുറുപ്പികയുടെ ഒരു സമ്മാനം കൊടുക്കാമെന്നു മേല്പടി സ്വപ്നക്കാരൻ ഇങ്ങോട്ടെഴുതിയിരിക്കുന്നു. ഇത്തരം അസംബന്ധസ്വപ്നം കാണാതിരുന്നാൽ പത്തുറുപ്പികസമ്മാനം സ്വപ്നക്കാരനു കൊടുക്കാമെന്നു ഞങ്ങൾ അങ്ങോട്ടും എഴുതിയിരിക്കുന്നു.

* * *

"ഫിലാസഫി"പ്രൊഫസ്സറായി മാററപ്പെട്ട പഴയ ചീഫ്ഇൻസ്പെക്ടർ മി. ശാസ്ത്രികു പെട്ടെന്നു ദേഷ്യം വരത്തക്കനിലയിൽ എന്തോ സംസാരിച്ചുപോയ ഒരു വിദ്യാർത്ഥിയോടു താൻ ചീഫ്ഇൻസ്പെക്ടരാണെന്നുള്ള ഓർമ്മയിലിരുന്ന മി. ശാസ്ത്രി, "തന്നെ കുളത്തൂപ്പുഴയ്ക്കു സ്ഥലംമാററിയിരിക്കുന്നു; പൊയ്ക്കോളൂ"എന്നു പറഞ്ഞുവത്രെ. ഉടനേ കാര്യംമനസ്സിലാക്കിയ വിദ്യാർത്ഥി "ഉത്തരവു്. അപ്പോൾ കാളേജുംകൂടി കുളത്തൂപ്പുഴയ്ക്കു മാറേറണ്ടിവരുമല്ലോ സാർ" ഈ മറുവടികേട്ടു പെട്ടെന്നു ദിവാസ്വപ്നത്തിൽനിന്നെന്നപോലെ ഉണർന്ന ഗുരുവും ശിഷ്യനും പിന്നെ വളരെനേരം "ഫിലാസഫി"യിൽതന്നെ ചിരിച്ചുവത്രെ.

* * *

ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിലെങ്ങാൻ ഒരു "ദിവാൻപണി"ക്കു"ശട്ടംകെട്ടി"ക്കൊടുക്കുന്നപക്ഷം ആ ഉപകാരംചെയ്യുന്ന ആളിനു നാല്പതിനായിരം ഉറുപ്പിക രൊക്കംകൊടുക്കാൻ താൻ തയ്യാറുണ്ടെന്നു് ഇതിനിടെ ഒരു സായിപ്പ് ലണ്ടനിലെ "ഡെയിലി ലയർ"പത്രത്തിൽ ഒരു പരസ്യം ചെയ്തിരുന്നുവത്രെ. ഈ സംഗതി പരസ്യത്തിലാണെങ്കിലും കാര്യം ബഹുരഹസ്യത്തിലാണു നടത്തേണ്ടതെന്നും അതിൽ സിദ്ധാന്തിച്ചിരുന്നുവത്രെ. പരസ്യപ്രകാരമോ രഹസ്യപ്രകാരമോ ഇത്തരത്തിൽ വല്ലതും വല്ലനാട്ടുരാജ്യങ്ങളിലും നടന്നിട്ടുണ്ടോ എന്നന്വേഷിക്കുവാൻ, കാഷ്മീർയുവരാജാവിന്റെ രഹസ്യവൃത്താന്തങ്ങൾ പരസ്യപ്പെടുത്തിയ ചില ഇംഗ്ലീഷ്ലേഖകന്മാർകൂടി ഒരു "രഹസ്യക്കമ്മിററി"രൂപീകരിച്ചിരിക്കുന്നുപോൽ. അടിസ്ഥാനമില്ലെങ്കിലും ഉണ്ടെങ്കിലും "അരമനരഹസ്യം അങ്ങാടിയിൽ പരസ്യ"മെന്നുണ്ടല്ലോ!!

* * *

പ്രിൻസിപ്പാൾ മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർക്കു ഒരു "ലേഡീട്യൂട്ടറെ" അയച്ചുകൊടുക്കണമെന്നു അദ്ദേഹം ഗവമ്മേൻറിലേക്കെഴുതിയിരിക്കുന്നതായും വലിയ ശിപാർശചെയ്യുന്നതായും കേൾക്കുന്നു. സംഗതി വാസ്തവമാണെങ്കിൽ കുറേക്കാലത്തേക്കു മിസ്റ്റർ അയ്യങ്കാരെ 'ലേഡീപ്രിൻസിപ്പാലായി' ഗേൾസ് കാളേജിലേക്കും അവിടെനിന്നും മിസ്സ് വ്വാട്ട്സിനെ പ്രിൻസിപ്പാലായി ആർട്ട്സ്കാളേജിലേക്കും പരസ്പരം സ്ഥലം മാററുന്നതു വലിയ ഉപകാരമായിരിക്കും. ഇങ്ങനെയാണെങ്കിൽ മി. അയ്യങ്കാർക്കു ഒന്നിനുപകരം ഒൻപതു ലേഡീട്യൂട്ടറന്മാരെ ഒന്നിച്ചു ഭരിക്കുവാൻ കഴിയുന്നതാണല്ലോ. ഗവമ്മേൻറ് ഈ വിഷയത്തിൽ മി. അയ്യങ്കാർക്കനുകൂലമായി വേണ്ട നടപടി നടത്താതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

* * *

"നായർ റഗുലേഷൻ നടപ്പായാലും ആരും ഭാഗിക്കരുതു്. ഭാഗിച്ചാലും ഓഹരി ആരും വില്ക്കരുതു്. ......"എന്നിത്യാദി നായർസർവീസ്സൊസൈററിയിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള "പത്തുകല്പനകൾ" യേശുക്രിസ്തുവിന്റെ പത്തുകല്പനകളെന്നപോലെ എല്ലാവരും ആദരിക്കുവാനും അനുസരിക്കുവാനും വേണ്ടി എങ്ങാണ്ടോകാരായ ഒരു 'യുവജനസമാജ്' ക്കാർ അച്ചടിപ്പിച്ചു ലഘുപുസ്തകമാക്കി തിരുവിതാംകൂറൊട്ടുക്കു "ഫ്രീ' യായി വിതരണം ചെയ്യാൻവേണ്ടഏർപ്പാടുകൾചെയ്തിരിക്കുന്നതായി ഇവിടെ അറിയിച്ചിരിക്കുന്നു. മേല്പടസർവീസിനും സൊസൈററിക്കുമൊക്കെ ത്രീചിയേഴ്സ്!!

—*—



തിരുവനന്തപുരത്തെ ‘ഹ്ഗപർഫ’ന്മാരും വിദൂഷകനുംകൂടി ദിവാൻ ശ്രീ. വാട്ട്സ്സായ്വ അവർകളെ

അനുമോദിക്കുന്നതു്.

# പാനപ്രബന്ധം.

—൦—

(കൊച്ചുണ്ണിനമ്പൂതിരി)

കണ്ടാട്ടിൽകൊച്ചുവീട്ടിൽ കരുടരെയഖിലം
    തന്റെവൈദഗ്ദ്ധ്യവാസ്സാൽ
തിണ്ടാട്ടിക്കൊണ്ടിരിപ്പോൾക്കൊരുകവിതിള്ള
    കവച്ചിന്നയശ്ശുന്നകാന്തൻ
പൊണ്ടാട്ടിഭ്രാന്തിവാങ്ങിച്ചുടനിതുമുഴുവൻ
    കീറിട്ടുരെക്കളഞ്ഞും
കൊണ്ടാട്ടിപ്പാരമോടിയ്ക്കുകകൃതിയവിടെ
    ഞാന്നവൻതന്നെയുംന്നീ!    ൧.

വേൾക്കാൻവന്നു വെറുത്തുവേർപിരികയും
    ചെയ്തുള്ളോരന്നാൾമുതൽ–
ക്കീക്കല്യാണദിനംവരയ്ക്കിഹകഴിഞ്ഞു
    ള്ളോരു കാര്യാദികൾ
കേൾക്കാനാഗ്രഹമൊട്ടുമില്ലഭവതി
    യ്യെന്നാകിലും ഞാനിതാ
വാക്കഞ്ചാറുകളത്തിട്ടുന്നു കഴുത
    ക്കാമംകരഞ്ഞെന്നപോൽ    ൨.

ഞാനിപ്പോൾ നിവസിച്ചിട്ടുന്നൊരിവീട
    ത്തിക്കൊല്ലമുണ്ടായനൽ
പാനപ്രാഭവമോതിനിന്റെചെവിയിൽ
    കേററാതെമാററിടുമോ
പാനിക്കുംഭമുലച്ചിമാർമുടികളിൽ
    താങ്ങാതെതാഴത്തിടും
ക്രുനിച്ചുക്കികുനിഞ്ഞിരുന്നുതലയാ
    ട്ടിക്കൊണ്ടുകേട്ടിടണം.    ൩.

കാലത്തന്നുതുടങ്ങിപാനയുടെ നൽ
    പൂജാദികർമ്മങ്ങളെ
ച്ചേലാളുംപരിയാരവീട്ടിനുടയോർ
    തച്ചാട്ടുകാരെന്നിവർ
പാലാഴിത്തിരപോലെ തത്രപെരുകും
    കോലാഹലംചൊല്ലുവാൻ
മേലല്ലോ മമശേമുഷീലാഭവദനേ
    മോപ്പാളക്രൂപ്പുംകുചേ.    ൪.

തക്കിത്തക്കിട്ടതെയ്യത്തരികിടതിമിതോ
    മെന്നുവാദ്യംമുഴക്കി
പ്പൊക്കിപ്പൊക്കിപ്പൂകത്തും കതിനവെടികളും
    വച്ചുമൂളിച്ചനേരം
ചക്കീചാരായവാണി ചെവിതുറവുളരെ
    ക്കൌതുകത്തോടുകൂടി
ത്തിക്കിത്തള്ളിത്തിരക്കിത്തെരുതെരെയവിടെ
    ക്കൂടിനാനാജനങ്ങൾ.    ൫.

നാക്കാൽച്ചൂളമടിച്ചുചീററിയധികം
    ചക്രംതിരിഞ്ഞപ്പൊഴും
മൂക്കാകുംകുഴൽതന്നിൽനിന്നുപുകയും
    പാരംപൊഴിച്ചങ്ങിനേ
തീക്കണ്ണാന്തമിഴിച്ചുലേസ്സുകൊടിയും
    വീശിക്കരംതാഴ്ത്തിന–
ല്ലൂക്കാളുംപുകവണ്ടിപോലെ പലരും
    പാനയ്ക്കുപാഞ്ഞെത്തിനാർ.    ൬

താക്കോലും മേല്മുണ്ടും മെതിയടി
    ബനിയൻഷർട്ടുശീലക്കടെസ്സിൽ
ക്കൂക്കോലുന്നോരു കയ്യിൽ ചെറുഡയറി
    നടക്കാത്തകൈവാച്ചുമേന്തി
വാക്കൊട്ടിംഗ്ലീഷിലോതിപ്പുതിയൊരുതരമാം
    നോവൽവായിച്ചുകൊണ്ടി
ട്ടാക്കൊട്ടത്തേങ്ങപൊട്ടിച്ചൊരുമുറിനയനേ
    വന്നിതാസുന്ദരന്മാർ.    ൭.

മൂക്കോളംകള്ളുമോന്തി ച്ചെറുതൊരുവെളി
    വില്ലാതെയവ്യക്തമാകും
വാക്കോരോന്നോതി നേരിട്ടുമൊരുവരെയും
    പേടിയുംകൂടിടാതെ
കേൾക്കൊററാൽക്കൊങ്കയാളേപലരെയു
    മധികം ചീത്തചൊല്ലിക്കയൊക്ക
ന്നാക്കോരന്മാരെയും ഞാനൊരുപടിയവിടെ
    ക്കണ്ടുകൈകൊണ്ടുകൂപ്പീ.    ൮.

---

നംപൂതിരി:–കേളാ,നീകണ്ടോടാ നൂൽചക്രം?
കേളൻ:–അടിയൻ എത്രചക്രം കണ്ടിരിക്കുന്നു. വെള്ളംവററിക്കുന്നതല്ലേ?
നം:–വിഢ്ഢി അതല്ലാ. നൂൽചക്രമാണിതു്.. ആദ്യം വെള്ളികൊണ്ടു ചക്രമായി. പിന്നെ ചെമ്പുകൊണ്ടായി. ഇപ്പോൾ നൂലുകൊണ്ടും ചക്രമുണ്ടാകുന്നുപോലും. അമ്പോ! കണ്ടുപിടിത്തം!!

---

കുട്ടി അച്ഛനോടു:– ഞങ്ങളുടെ വാദ്ധ്യാർ പഠിപ്പിക്കാൻ ബഹുമിടുക്കനാണു്.
കേട്ടുനിന്ന അരിവെയ്പുകാരൻ:–വെറുംമണ്ടനാണെന്നു ഞാൻ പറയുന്നു.
കുട്ടി:–നിനക്കെങ്ങിനെ മനസ്സിലായി?
അ:–കുഞ്ഞിനെ വിളിക്കാൻ ഇന്നാലെ പള്ളിക്കൂടത്തിൽ ഞാൻചെന്നപ്പോൾ ഇരുപതിൽനിന്നു എട്ടുപോയാൽഎത്രയാണെന്നു ഒരു കുട്ടിയോടുചോദിച്ചില്ലേ?ആ കുട്ടിയല്ലേപന്ത്രണ്ടെന്നുപറഞ്ഞുകൊടുത്തതു്. അറിയാമെങ്കിൽ ചോദിക്കുമോ? അതാണു മണ്ടനാണെന്നു പറഞ്ഞതു്.

അഷ്ടിയ്ക്കാശപെരുത്തുമണ്ണിലിഴയും
കൌപീനപുച്ഛത്തൊടും
കുട്ടിപ്പെൺമണിമാരെനോക്കിവെളിയിൽ
ദ്ദന്താങ്ങൾകാണിച്ചുടൻ
കഷ്ടിച്ചഞ്ചുമിനിട്ടിലേറെയൊരുദിക്കിൽ
തന്നെനിൽക്കാതെഈ
മട്ടിൽക്കണ്ടുകുരങ്ങിനോടുകിടയാം
നമ്പൂരിവർഗ്ഗത്തെയും ൯

തത്തിച്ചാടിവിയർത്തൊലിച്ചചെറുതാം
പൂണൂലിടത്തിട്ടുവേ-
ഗത്തിൽകോണകവാലഴിച്ചുസുഖമേ
റുംമൂത്രശങ്കയ്ക്കുടൻ
കുത്തിപ്പൂട്ടുവിരൽക്കിടയ്ക്കു...............
കടത്തിപ്പിടി
ച്ചെത്തിടുന്നകുളക്കരെച്ചിലരുടൻ
വൻപുള്ളനമ്പൂരിമാർ ൰.

* * *

പാളത്താറുമുടുത്തുപച്ചമലയാളത്തിൽ
തമിഴ്ഭാഷയും
കേളത്യന്തമാച്ചിട്ടും പടികഴച്ചോരൊന്നു
ചൊല്ലിത്തദാ
തോളത്താറുമുഴത്തിലുള്ളവലുതാംവേഷ്ടി
ത്തരംതൂക്കിനൽ
സ്സാളഗ്രാമമുലച്ചയേവരുമൊരപ്പിൻ
കേശർവക്കേശർതാൻ ൰൧

ജാക്കററും കമ്മൽകയ്യിൽകൊലുസു
വിലസിട്ടുംധോറിപാവാടമാറിൽ
പ്പോക്കററിട്ടുള്ളഡപ്പിക്കളുർമുലഗഡിയാ
രട്ടിയുംകെട്ടിയേന്തി
നാക്കററത്തുള്ളതേൻമാമ്പഴമൊഴികൾ
പൊഴിയ്ക്കുന്നകൊച്ചച്ചിമാരെ-
ക്കേൾക്കററംതെല്ലുമില്ലാതവിടെയെവിടയും
വേണ്ടപോൽകണ്ടതില്ല. ൰൨.

ഗാത്രത്തെക്കഴുകുന്നതിന്നൊരുവളാ
വാപിക്കരെച്ചെന്നനി
ന്നാത്തവ്വിൽത്തരമെന്നുറച്ചിതവൾതൻ
മുമ്പിൽകടന്നോതിഞാൻ
ഏത്തപ്പകപസമാധരേതവപദത്തണ്ടാരിൽ
ന്നുറെറാന്നുന്നു
റേത്തംപോടിവണങ്ങിടാംപറകനീ
ചോദിപ്പതിന്നുത്തരം ൰൩.

നാട്ടുംനിന്നുടെനാട്ടിലുള്ളപുരുഷസ്ത്രീവർഗ്ഗ
നാമങ്ങളും
വീട്ടുംകുട്ടിജനിച്ചൊരാഴ്ചതിഥിയും
നക്ഷത്രവുംഗോത്രവും
പാട്ടുംപൈങ്കിളിവാണിവേട്ടപുരുഷൻ
മാരെത്രപേരുണ്ടതും
കൂട്ടംമോദമൊടൊന്നുനിന്നുപറയൂ
കേൾക്കട്ടെപാർക്കട്ടിഞാൻ ൰൪.

ചത്തെന്നിങ്ങിനെ കേട്ടതാരു തരുണി
നീയോനിനക്കിന്നിമേൽ
പുത്രന്മാരുജനിച്ചിട്ടുന്നൊരവരോ
ഭ്രാന്തററഞാൻതന്നെയോ
കൊത്തച്ചക്കമുലത്തടത്തിൽ വിടരാൽ
കാണിയ്ക്കിടപ്പെട്ടൊരാ
വിത്തം കൈവശമെത്രയുണ്ടതുമറി
ഞ്ഞീടാൻ പറഞ്ഞീടണം ൰൫

തട്ടിക്കേറിവെരുത്തുകാതിൽ വിരലി
ട്ടാരോമനത്തുമണി
കൂട്ടിത്തത്തകയത്തുചൊല്ലി മറുവാ
ക്കെന്നോടുപിന്നെപ്രിയേ
ഏട്ടിൽക്കൂട്ടതലായതില്ലിഹ വയ
സ്സഖ്യാതെരണ്ടില്ലഞാൻ
പൊട്ടിക്കൊങ്കമുളച്ചമില്ലിവളിലോ
കാമാർത്തികാമിപ്രഭോ ൰൬

കൃഷ്ണൻ:-പണ്ടു കററം ചെയ്യുന്നവരെ പിടിച്ചുകൊണ്ടുവരുന്നതിനു ഏതുജാതിക്കാരെയാണു അധികാരികൾ നിയമിച്ചിരുന്നതു്.

രാമൻ:-പ്രത്യേകം ഒരു ജാതിക്കാരെ നിയമിച്ചിരുന്നോ. എന്തുനേരമ്പോക്കാണിതു്.

കൃ:-നേരമ്പോക്കൊ. ഒരിക്കലുമില്ല. ആയ്യപ്പട്ടന്മാരെ ആയിരുന്നു. "കാര്യക്കാരതുകേട്ടുടനെ നാലായ്യപ്പട്ടന്മാരെയയച്ചു" എന്നാണുകുഞ്ചൻനമ്പ്യാർ പറഞ്ഞിരിക്കുന്നതു്.

കച്ചവടക്കാരൻ:—നിങ്ങൾ എന്താണു് ആ പണം ഇതുവരെതരാഞ്ഞതു്.

വൃദ്ധൻ:—പണത്തിനല്ലെ നോട്ടെഴുതിതന്നതു്. ഞാൻ വന്നു നിങ്ങളോടു കുറച്ചു സാമാനം ആവശ്യപ്പെട്ടു. പണം എൻെറ കൈവശം ഇല്ലെന്നും പറഞ്ഞു. പണത്തിനുനോട്ടെഴുതിതന്നാൽ മതിയെന്നു നിങ്ങൾപറഞ്ഞു. പണത്തിനുപകരം ഞാൻ നോട്ടുമെഴുതിതന്നു. അപ്പോഴേ ഏർപ്പാടും തീൻറു. ഇനി ഞാൻ പണവുംതരണോ?

തെമ്മാടിത്തിരുമേനികേൾക്കണമുണ്ണത്തി
യ്യാമുദന്തങ്ങളി
ന്നിമ്മങ്കയ്യുറിവുള്ളതൊക്കെയടിയൻ
മിണ്ടാതെമന്ദീട്ടുമോ
വെൺമാടപ്പെരുവങ്കനിന്റെ തലയെ
ന്നാണെന്റെവീട്ടിന്റെറപേ--
രമ്മാവൻവടികൊണ്ടുശേഷമഖിലം
ചൊല്ലിത്തരുംസത്വരം ൧൭

തീയിൽത്തീനിന ചുട്ടപപ്പടമുഖീ കേൾക്കേണ
മിക്കാര്യവും
നീയിന്നാദരവോടുപിന്നെയവള
ന്നൊന്നൊപ്പുലഭ്യങ്ങളായ്
വായിൽത്തോന്നിയതൊക്കെയോതിയവിടെ
ക്കാണുംകുളം തന്നിലേ-
യ്ക്കായിത്തള്ളിമറിച്ചുവീഴ്ത്തികഴവ
ന്നെൻപ്രേമക്കുടാരമേ ൧൮

വാനത്തിന്നധിപന്റെ വാഹന * മഹോ
രാത്രംവിസർജ്ജിയ്ക്കുവോ
രാനപ്പിണ്ടമെതൃത്തുതോററമുലയെ
ച്ചേരുന്നമാറുജ്വലേ
ആനന്ദത്തോടനേകമാളുകൾ കുളത്തിങ്കൽ
പ്രവേശിച്ചുടൻ
നാനാലീലനടത്തി ×നാലു മണിയാ
യപ്പോളിരപ്പാളികൾ ൧൯

പയ്യെപ്പാമരരേക്കടന്നുപിടികൂടിക്കാത്തു
വാങ്ങിയ്ക്കുവാൻ
തയ്യാറായിനടന്നിട്ടുന്നതലയ
ന്നാരാദ്ധ്യവക്ഷോരുഹേ
അയ്യപ്പൻകളിയെന്നപേരുകലരും
ഘോഷംനടത്തീതദാ
നെയ്യപ്പസ്തനിമാർ ചവിട്ടിയടിയിൽ
താഴ്ത്തുന്ന പാഴ്ത്തയ്യലേ ൨൦

പട്ടന്മാരുടെയഗ്രഹാരമതിൽ നിന്നഥോട്ടു
പാൽക്കിണ്ടിസ
ന്തുഷ്ടന്മാർ പലരൊത്തു ഘോഷമൊടെഴു
ന്നള്ളിച്ചു സന്ധ്യയ്ക്കുടൻ

* ഉമ്പർകോനുടയ കൊമ്പനാന-അതിന്റെ പിണ്ടത്തിനു വലിപ്പംകൂടുമെല്ലോ എന്നു വിചാരിച്ചു കവി പ്രയോഗിച്ചതാണു്.

× കുളഞ്ചാട്ടം കനൽച്ചാട്ടം അയ്യപ്പൻകളി പാൽക്കിണ്ടി എഴുന്നള്ളിയ്ക്കൽ ഇങ്ങനെ ചിലതു പാനയ്ക്കുള്ള പ്രത്യേക വിശേഷങ്ങളാണു്.

പിട്ടല്ലിപ്പുണ്ണി പാനകൾക്കു പതിവുണ്ടെന്നി
ട്ടതീപ്പന്തലിൽ
പ്പെട്ടന്നങ്ങിനെകൊണ്ടുവന്നവിടെ വ
ച്ചൂച്ചിച്ചു കൊച്ചുച്ചികൾ ൨൧.

ഇഷ്ടത്തിന്നൊത്തുപൂജിച്ചതിനുടെപുറ
മേക്കൂടി നല്ലാക്കരക്കർ
വട്ടത്തിൽപ്പാനപാടിപ്പൊടിതകൃതികുലു
ക്കിക്കഴിഞ്ഞോരുശേഷം
കൊട്ടപ്പോൾതെല്ലുറ്റത്തിച്ചിലരവിടെയുടൻ
തോററമോരോന്നു ചൊല്ലി
കൊട്ടത്തേങ്ങാക്കുചേ മൽച്ചെവിയതിനതി
സന്തോഷവും തന്നുതള്ളേ ൨൨.

ആലിൻകൊമ്പൊരുപത്തുവണ്ടിയവിടെ
ത്തീയിട്ടു കത്തിച്ചുമേ
മേലീക്കോമരവും കരയ്ക്കധിപരും തീയിൽ
ക്കളിയ്ക്കുന്നതും
കാലിൽ ചൂട്ടുപിടിച്ചിടാതെ തിരിയെ
പ്പോരുന്നതും കണ്ടുഞാൻ
പാലിന്നൊത്തുനരച്ച കുന്തളമണേ
വൻമാസപിണ്ഡസ്തനി × ൨൩.

മുറ്റത്തില്ലമതിൻപടിയ്ക്കലെ വരി
ക്കപ്ലാവിലുണ്ടായിട്ടും
പെട്ടച്ചക്കകൾ പേടിപൂണ്ടു തലതാൻ
താഴ്ത്തുന്നകൊങ്കദ്വയേ
മുട്ടാതിങ്ങിനെപാനമൂന്നുദിവസംനന്നായ്
നടത്തീടിനാ
രിഷ്ടംപൂണ്ടു"കൊട്ടത്തിരപ്പുള്ളി."യതാം
ദേശത്തു ദോശാനനേ. ൨൪.

(ശുഭം)

×പന്ത്രണ്ടാംമാസത്തിന്റെ പിണ്ഡംപോലെ തലക്കുത്തു്.

നമ്പൂതിരി:—എന്താരാമൻ നമ്മെ ശകാരിച്ച ആ പട്ടരുടെ പേരിൽ നമുക്കു് ഒരു അന്യായം കൊടുക്കണെമല്ലോ.

രാമൻ:—സിവിലോ ക്രിമിനാലോ?

നമ്പൂ:—എവിടെ ആയാലും വേണ്ടുകില്ല.

രാമൻ:—അങ്ങതിൽനിന്നും കൊടുത്ത അന്യായം ഇന്നലെയാണു് തള്ളിയതു്.

നമ്പൂതിരി:—അതാണു ഞാൻ പറയുന്നതു് തള്ളും. എനിക്കു് ദേഹത്തിനു സുഖമില്ലാതെഇരിക്കയാ. തള്ളും പിടിയുമില്ലാത്തിടം നോക്കിക്കൊടുക്കുന്നതാണു് നല്ലതു്.



പരിതാപകരമായ പര്യവസാനം.

നായർതറവാടും ഓഹരിക്കാരും.

# വിവാഹഭ്രമം

— ൧ —

(പവിത്രേശ്വരൻ)

പൂർവാർദ്ധം.

നേരം സന്ധ്യയായി വരുന്നു. ഭാരതിഅമ്മയുടെ ദീനം ഏതാണ്ടുഅവസാനിക്കാറായി. എനിയ്ക്കു വല്ലായ്മയില്ലാതില്ല. എന്നാൽ ഞങ്ങളുടെ വിവാഹംകഴിഞ്ഞു ആറുമാസംകഴിഞ്ഞതുമുതൽ ഒരു അസ്വാരസ്യബന്ധത്തിൽ കഴികയായിരുന്നു. ഭാരതി— കഷ്ടം! അന്നത്തെ ഭാരതിയോടു എനിക്കു പ്രേമം തന്നെയായിരുന്നു. ഈ ഭാരതിഅമ്മ— നാലുകുട്ടികളുടെ മാതാവുമായ ഈ 'അമ്മ' ഏറിയോരു നാളായി എന്നോടു യാതൊരു അനുഭാവവുംഇല്ലാതെ ഇരിക്കയായിരുന്നു. വിവാഹംചെയ്യുന്നതിനുമുമ്പാണു അതിലുള്ള സുഖാനുഭവമെന്നു ആരോ പറഞ്ഞതു ശരിതന്നെയാണ്. എത്രനാൾ ആ സങ്കല്പസുഖത്തിൽ ലയിച്ചിരുന്നു ഞാൻ? ആദ്യമാദ്യം, പണിത്തിരക്കു ഉണ്ടെന്നുള്ള നാട്യത്തിൽ ഭാരതിയോടു സല്ലപിക്കാതെ ഇരുന്നുതുടങ്ങി. ഇയ്യിടെയായി ഞങ്ങൾതമ്മിൽ യാതൊരു ലോക്യവുംഇല്ലാതെ ഇരിക്കയാണ്. നളിനി —ആ കുട്ടിയോടുമാത്രം എനിയ്ക്കു സ്നേഹമാണു— ഇങ്ങിനെ ഓരോന്നു വിചാരിച്ചു വിചാരിച്ചു ഇരുന്നപ്പോൾ നളിനി തലയുംഅഴിച്ചു കണ്ണും പൊത്തിക്കൊണ്ടു അടുത്തുവന്നു.

ഞാൻ.—എന്താ കുഞ്ഞേ.

നളിനി:—അമ്മ ഇനി ജീവിക്കുമോ അച്ഛ!

ഞാൻ:—ആരു പറഞ്ഞു മരിച്ചെന്നു.

നളിനി:—അച്ഛൻ നോക്കു.

ഞങ്ങൾ 'അകായിൽ' ചെന്നു നോക്കി. കഠിനഹൃദയനായ ഞാൻതന്നെ ഒന്നു അമ്പരന്നു പോയി. പൂർവകാലസ്മരണയാണു എന്നെ വ്യാകുലപ്പെടുത്തിയതു. അവളുടെ അച്ഛന്റെ മാളികപ്പുറത്തു 'കാറൊടിടഞ്ഞ മുടി' യും ചീകിക്കൊണ്ടുനിന്നിരുന്ന ആ സുന്ദരരൂപമെവിടെ? വികൃതവും ഭയാനകവുമായ ഇപ്പോഴത്തെ ആകൃതിയെവിടെ? എന്നിങ്ങനെ ഞാൻ ഓർത്തു അല്പം വ്യാകുലമനസ്കനായി നോക്കിനിന്നു. ആരോടുംമിണ്ടാതെ എന്റെ 'ആഫീസു' മുറിയിൽവന്നു ചാരുകസാലയിൽ വീണു.

* * *

നാലുമാസം കഴിഞ്ഞു. കുട്ടികളൊക്കെ അവരുടെ വീട്ടിലാണുതാമസം. ഞാൻതനിച്ചും. എനിയ്ക്കു ഡാക്ടർപണിയിൽ നിന്നുള്ള വരവു കുറഞ്ഞുവരികയാണ്. എന്റെ അഭിമാനരക്ഷണത്തിനും മാത്രമുള്ള വക എനിയ്ക്കു ലഭിക്കുന്നില്ല. 'ചാത്തനാട്ടുഗോവിന്ദപ്പണിക്കർ, എം. ഡീ.' എന്ന പേരല്ലാതെ അതിനൊത്ത വരവൊന്നുംതന്നെ ഇല്ല. എന്റെ കാർതന്നെ ആ ആദംസേട്ടിനു കൊടുത്തു. എങ്കിലും ഞാൻ പഴേ അവസ്ഥ ഒന്നുംവിടാതെ കഴിച്ചുകൂട്ടുകയാണ്.

ഒരു മീനമാസത്തിലെ ശനിയാഴ്ച. ഞാൻ എന്റെ ബംഗ്ലാവിന്റെ 'കോലായിൽ' ഇരിക്കയായിരുന്നു. ഒരുത്തൻ ഓടിക്കിതച്ചുവന്നു ഒരു കത്തു കയ്യിൽതന്നു.

ഞാൻ:—എവിടുന്നാടാ ഇതു?

വന്നവൻ:—മുല്ലശ്ശേരീന്നു.

മുല്ലശ്ശേരി എന്നു ഞാൻ കേട്ടിട്ടുണ്ട്, എന്നുകരുതി കത്തുപൊളിച്ചുവായിച്ചു.

സീ. ജീ. പണിക്കർ എം ഡീ അവർകൾക്കു

ശ്രീ. മുല്ലശ്ശേരി
൯൯. മീനം. ൧൭.

ഇവിടെ പാറുക്കുട്ടിയ്ക്കു കലശലായ സുഖക്കേടു. ഇത്രടം ഒന്നുവന്നാൽ വലിയ ഉപകാരമായിരിക്കും. ശേഷം മുഖദാവിൽ.

എന്നു് നാരായണിഅമ്മ.

'വണ്ടിഉണ്ടോ' എന്നു ഞാൻ.

'ഇതാ വരുന്നു' എന്നയാളും.

ഒരഞ്ചുമിനിട്ടിനകം വണ്ടിയിൽകേറി ഞങ്ങൾ മുല്ലശ്ശേരിക്കുപോയി നേരം അഞ്ചരമണിയായപ്പോൾ ഞങ്ങൾമുല്ലശ്ശേരി പടിക്കൽ എത്തി. സുമാർ അമ്പതുവയസ്സുള്ള ഒരു പ്രൌഢയായ സ്ത്രീ അല്പം പരിഭ്രമത്തോടുകൂടി എന്നെ കാത്തു നില്ക്കയായിരുന്നു.

എന്നെകണ്ടു ഉടൻ 'വരില്ലെ എന്നു സംശയിച്ചു. ആശ്വാസമായി കണ്ടതു' എന്നു പറഞ്ഞു കൂട്ടിക്കൊണ്ടു അകത്തുചെന്നു. അവരുടെ മകൾ പാറുക്കുട്ടിഅമ്മയുടെ 'കിടക്കറ' യിൽനിന്നു. ഒരു സോഫായിൽ ആ രോഗിണി കിടക്കയായിരുന്നു. മദ്രാസ് 'മൊസ്ലി' ലുള്ള ഒരു ചതുരക്കളത്തൻ കുട്ടുതുണി ദേഹത്തുണ്ട്. പാരവശ്യമുള്ള ആ മുഖത്തും ഒരു അസാധാരണമായ തേജസ്സു കാണാനുണ്ടായിരുന്നു. ഞാൻ ആ ലാവണ്യധാമത്തിന്റെ കൈകൾപിടിച്ചു പരിശോധന നടത്തി. വൈദ്യുതശക്തിയാലെന്നപോലെ എന്റെഹൃദയം അപ്പോൾ സ്പന്ദിക്കുന്നതു എനിക്കു അ

റിയാമായിരുന്നു ഞാൻ പിന്നെ ഒന്നോ രണ്ടോ പ്രാവശ്യംകൂടി ആ മുഖത്തു സൂക്ഷിച്ചു നോക്കിയിട്ടു പോരികയുംചെയ്തു.

അങ്ങിനെകഴിഞ്ഞു നാലുകൊല്ലം. അപ്പോഴേക്കും 'ആളോഹരിബില്ല്' കൌൺസിലിൽ പാസായി. എനിക്കു ഒരു വിവാഹം ചെയ്വാൻ കുറെ ധൃതി തോന്നിത്തുടങ്ങി. മാത്രമല്ല, ആ ഡർബാർ ഹാളിൽ വച്ചു ബാരിസ്റ്റർ പരമേശ്വരമേനവനും മേജർമേനോനും സകുടുംബം 'പരിലസി'ക്കുന്നതുകണ്ടു എനിയ്ക്കു അനല്പമായ അസൂയയും തോന്നാതിരുന്നില്ല. എന്നാൽ എനിയ്ക്കു വിവാഹകാര്യത്തിൽ കുറെച്ചൊരു ബുദ്ധിമുട്ടും ഇല്ലാതില്ല. അതു വായനക്കാർക്കാകട്ടെ, എന്റെ സ്നേഹിതന്മാർക്കാകട്ടെ അറിവാൻ വഹിയാത്ത ഒന്നാണ്. പ്ലാങ്കാവിൽ ഭാർഗ്ഗവി എന്ന സ്ത്രീയെ നാഗരികന്മാർ അധികം കണ്ടിരിക്കയില്ല. അവൾ പത്തനാപുരം താലൂക്കിലെ ഒരു ഒഴിഞ്ഞകോണിലാണു താമസം. ഒത്ത ദേഹം, നല്ല വെളുപ്പ്, വൃത്താകാരമായ മുഖം, കറുത്ത പുരികക്കൊടിയും ചുരുണ്ട തലമുടിയും, റ ളന്ന കാ ം. ഇതാണ് ഭാർഗ്ഗവിയുടെ ആകൃതി. പഴയ സമ്പ്രദായത്തിലുള്ള റവുക്കയും മുലക്കച്ചയും ആയി, അലഞ്ഞുലഞ്ഞു നടക്കുന്ന ഭാർഗ്ഗവിയുടെ ആകൃതി അതിരമണീയംതന്നെ. ഏതാണ്ടു മുപ്പതിനോടടുത്ത വയസ്സ്. ഭാർഗ്ഗവിയുടെ ഭർത്താവായിരുന്നതു മാലൂസമ്പ്രതിപ്പിള്ളയുടെ അനന്തരവൻ ഗോവിന്ദപ്പിള്ളയായിരുന്നു. എന്നാൽ ഭാർഗ്ഗവിഅമ്മയുടെ വിവാഹത്തിനുശേഷവും ഞങ്ങൾ തമ്മിൽ അനുരക്തരാണെന്നു തെററിദ്ധരിക്കയാൽ ഗോവിന്ദപ്പിള്ള ഭാർഗ്ഗവിയെ ഉപേക്ഷിച്ചുകൊളുമ്പിൽ പൊയ്ക്കളഞ്ഞു. അങ്ങിനെ ഭാർഗ്ഗവി അനാഥയായിരിക്കുന്നസ്ഥിതിക്കു, എന്നോ അസ്വസ്ഥചിത്തനാക്കിയെന്നുപരമാത്ഥം ഞാൻ ആരിൽനിന്നും മറച്ചുവയ്ക്കണമെന്നു വിചാരിക്കുന്നില്ല.

മുല്ലശ്ശേരി പാറുക്കുട്ടി അമ്മയുടെ സുഖക്കേടു ഭേദമാകുന്നതോടുകൂടി എനിക്കു അവളോടുള്ള അനുഭാവവും കൂടിവന്നു. ഒരു സായാഹ്നസമയം ഞാൻ അവളുടെ ദേഹത്തിന്റെ അരികിലുള്ള കസാലയിൽ ഇരിക്കയായിരുന്നു. അടുത്തുകിടന്ന മേശമേൽ ഞാൻ എന്റെ മനോഗതിയെ മറയ്ക്കാനായി വിരൽകൊണ്ടു കൊട്ടിക്കൊണ്ടിരുന്നു.

ഞാൻ:– പാറുക്കുട്ടിയുടെ ദീനംമാറിയതിൽ എനിയ്ക്കു അസാധാരണമായ സന്തോഷമുണ്ട്.

പാറു.– മാറിയില്ലല്ലോ.

ഞാൻ:– മാറി. മാറി. കൂടിയാൽ രണ്ടുദിവസത്തിനകം നിശ്ശേഷം ഭേദമാകും.

ആട്ടെ. കുറച്ചു ഒരുവർത്തമാനംചോദിക്കട്ടേ, മുഷിയല്ലേ.

പാറു:– എന്താവോ.

ഞാൻ:– അവിടെ കുഞ്ഞുങ്ങളുടെ അമ്മ മരിച്ചു ഞാൻ ഏകാന്തവാസമായി കഴിക്കയാണെന്നു അറിയാമല്ലോ.

പാറു: അതിന്?

ഞാൻ: മനസ്സിലാക്കാൻ പാറുക്കുട്ടിയ്ക്കു ശക്തിയില്ലേ?

പാറു:– (ഒന്നും മിണ്ടിയില്ല.)

*  *  *

നാരായണിഅമ്മയ്ക്കു ഞങ്ങളുടെ വിവാഹത്തിൽ സന്തോഷമാണെന്നു പിന്നീടുള്ള പെരുമാററത്തിൽനിന്നു മനസ്സിലായി. ചില സ്നേഹിതരുടെ ഉത്സാഹത്തിൽ വിവാഹം താമസിയാതെ കൊണ്ടാടണമെന്നും നിശ്ചയിച്ചു.

*  *  *

ഉത്തരാർദ്ധം.

എനിയ്ക്കു അന്നു ഇരുപത്-വയസ്സുകാലം. ഞങ്ങളുടെ വീട്ടിലെ പ്രാഭവവും അന്തസ്സും എനിയ്ക്കു നല്ലപോലെ അറിയാമായിരുന്നു. സാധാരണ എന്റെ പങ്ങാതിമാരേക്കാൾ ഉയർന്നപടിയിലാണു എന്റെ സ്ഥിതി എന്നായിരുന്നു എന്റെ വിചാരം. മണനൂരേ ആശാൻ എന്നെ കുറേ സംസ്കൃതം വായിപ്പിച്ചിട്ടുണ്ട്. പുതിയ പരിഷ്കാരം ഒന്നും എനിയ്ക്കു സിദ്ധിച്ചിട്ടില്ല. അക്കാലത്തു എന്റെ വിവാഹകാര്യങ്ങൾ ചിലർ രഹസ്യമായി സംസാരിക്കുന്നതു കേട്ടിട്ടുണ്ട് എന്നോടു നേരിട്ടു ഒരിക്കൽ അമ്മായി എന്തോ സൂചിപ്പിച്ചിട്ടുണ്ട്. അത്രേ ഉള്ളൂ. ഒരു ദിവസം ഞാൻ അമ്പലക്കുളത്തിൽ നിന്നു കുളിച്ചു വരികയായിരുന്നു. വഴിയരികിലായി ഒരാൾ നിന്നിരുന്നു. അയാൾ എന്നെ കലശലായി ഒന്നു തുറിച്ചു നോക്കി. ആൾ സുമുഖനാണ്. വയസ്സു പര് കഷ്ടി. ക്രാപ്പുചെയ്തു സ്പെന്നക്കണ്ണടയും ആയി നിന്നിരുന്ന അയാളിന്റെ രൂപഗുണം എന്നെ ആവർജിച്ചു എന്നു വ്യക്തമായി പറയാൻ എനിയ്ക്കു മടിയുണ്ട്. അല്പം ഒരു 'അമ്പരപ്പ്' ഞാൻ കാട്ടിയോ എന്നു സംശയിച്ചുകൊണ്ടു വീട്ടിലേയ്ക്കു പോകയുംചെയ്തു. ആ അജ്ഞാതനായ പുരുഷനെ പിന്നെ പലവുരു ധ്യാനിച്ചിട്ടുണ്ടാവണം. എന്റെ സഹോദരിമാർ എന്നെ പരിഹസിക്കല്ലേ. ഒന്നുരണ്ടുമാസം കഴികെ അദ്ദേഹം ഒരിക്കൽ എന്റെ വീട്ടിൽ വന്നു. അദ്ദേ

ഹത്തെ അമ്മാവൻ വേണ്ടപോലെ കുശലപ്രശ്നങ്ങൾ ചെയ്തു സല്ക്കരിച്ചു. അന്നദ്ദേഹം അവിടെ താമസിക്കയാണു ചെയ്തതു്. പിറേറന്നാൾ രാവിലെ ഞങ്ങളുടെ ചെറിയ കുളക്കടവിൽ വച്ചു് അദ്ദേഹം എന്നെ കണ്ടു.

അദ്ദേഹം:—ഭാൎഗ്ഗവിയ്ക്കു എന്നെ പരിചയമില്ല. അല്ലേ.

ഞാൻ:—ഇല്ല.

അ:—ഞാൻ ചാത്തന്നാട്ടു ആണു്. ഗോവിന്ദപ്പണിക്കർ എന്നാണു പേരു.

ഞാൻ:—കേട്ടിട്ടുണ്ടു്.

അ:—ഞാൻ വന്നതു ഭാൎഗ്ഗവിയെ ഒന്നു പരീക്ഷിക്കാനാണു്. ഭാൎഗ്ഗവിയുടെ സ്നേഹം ഒന്നുമാത്രം ആശിച്ചാണു വന്നതു. (അദ്ദേഹത്തിന്റെ സ്വരം ഇടറുന്നില്ലേ എന്നു ഞാൻ ശങ്കിച്ചു.)

ഞാൻ:—(മൌനവും പൂണ്ടു നിന്നു.)

അ:—പറയൂ ഭാൎഗ്ഗവിയെ ഞാൻ ഒന്നു തൊടട്ടെ.

ഞാൻ ഒന്നും മിണ്ടിയില്ല. കുളക്കടവു് പലതരം ചെടികളാലും മറവും ആവൃതമായിരുന്നു. നേരം പ്രഭാതമായി വരുന്നതേയുള്ളൂ. അദ്ദേഹം, അവിചാരിതമായി എന്റെ അടുത്തുവന്നു തൊട്ടു. വിദ്യുച്ഛക്തിയാൽ എന്നപോലെ ഞാൻ ഒന്നു ഞെട്ടി.

* *

നാൾ കുറെ ആയി. അദ്ദേഹം ബി. എ. പാസ്സായി. ഞങ്ങൾ തമ്മിൽ ഏറിയോരുനാളായി വലിയ ലൌക്യത്തിലും സ്നേഹത്തിലും ആണു്. അവിടെ ഒരിക്കലോ മറേറാ ഈ 'അടുപ്പ്' ത്തെപ്പററി എന്തോ പറഞ്ഞതായി എനിക്കു തോന്നി. അദ്ദേഹം ഡാക്ടർപരീക്ഷയ്ക്കു ബിലാത്തിയിൽ പോകുന്ന ഒരുങ്ങുന്നതായി ഞാൻഅറിഞ്ഞു. ഒന്നുകാണേൻ അക്കാലത്തു എനിക്കു വലിയ ഉൽക്കണ്ഠയായിരുന്നു. ഒരു വൈകുന്നേരം ഞാൻ കുളിയുംകഴിഞ്ഞു ഈറനാംചുററിക്കൊണ്ടു വന്ന അവസരത്തിൽ യദൃച്ഛയാ അദ്ദേഹത്തെ ഞാൻ കണ്ടു. വേറെയാരും അടുത്തില്ലായിരുന്നു.

അദ്ദേഹം എന്റെ കൈകൾ പിടിച്ചുംകൊണ്ടു് "പ്രേമം, ഞാൻ തിരികെ വരുന്നതുവരെ ഇങ്ങിനെ ഇരിക്കാമോ?" എന്നുചോദിച്ചു.

എന്റെ കണ്ണുകളിൽ അശ്രുക്കൾനിറഞ്ഞു തൊണ്ട ഇടറിക്കൊണ്ടു. "ഞാൻ"—എന്നു വിരമിച്ചു.

ഈ ഭാഗം ഇവിടെ നിൽക്കട്ടെ.

വൎഷം മൂന്നുനാലുകഴിഞ്ഞു. അദ്ദേഹത്തിന്റെ കത്തുകൾ ഞാൻ നിധിപോലെ സൂക്ഷിച്ചുവന്നു. അദ്ദേഹം തിരികെ വന്നു സീ. ജീ. പണിക്കർ എം. ഏ. എം. ഡി. മേമാസം ൧൭-ാംനു-തിരികെ എത്തുന്നതാണു് എന്ന ഏതോ ഒരു പത്രത്തിൽ ഞാൻ പുളകിതഗാത്രയായിട്ടാണു വായിച്ചതു. അദ്ദേഹം വന്നു. എന്നെ വന്നുകാണുകയുംചെയ്തു. അന്നു ധൃതിയിലാണു വന്നതും. അധികമൊന്നും സംസാരിക്കാൻ സാധിച്ചില്ല.

പിന്നെ അദ്ദേഹത്തിന്റെ കഥ കേട്ടതു പോങ്ങാട്ടു നാരായണിഅമ്മയെ വിവാഹം ചെയ്യാൻ നിശ്ചയിച്ചപ്പോഴാണു. എന്റെ സ്ഥിതി വായനക്കാർ ഊഹിക്കയാണു നല്ലതു്. എനിക്കു അക്കാൎയ്യം പറക തന്നെ വഹിയ. എത്രദിവസം ഞാൻ കണ്ണീർകുടിച്ചു എന്നു അമ്മായ്ക്കുമാത്രമേ അറിയാവൂ. ഏതാണ്ടു നാലഞ്ചുമാസം കഴിഞ്ഞപ്പോൾ മല്ലൂർ ഗോവിന്ദപ്പിള്ള എന്നെ കല്യാണംകഴിച്ചു. പക്ഷെ എന്റെ പാപനേതരമായ ബന്ധം ഓൎത്തു അദ്ദേഹം എന്നെ ഉപേക്ഷിച്ചു. അക്കഥയൊന്നും ഞാൻ വിസ്തരിക്കുന്നില്ല.

൯൯—മാണ്ടു ഇടവത്തിലാണു എന്നു തോന്നുന്നു. അദ്ദേഹം, എന്റെ പ്രേമബന്ധു, വീണ്ടും വൈവാഹിതനാകാൻ ഭാവിച്ചു. എങ്ങിനെയോ ആ സുകൃതിനി പാറുക്കുട്ടിഅമ്മ എന്റെ ദയനീയാവസ്ഥ അറിഞ്ഞു അതിനുനിന്നു പിൻവാങ്ങിപോലും! ഒരു വൈകുന്നേരമുണ്ടു അദ്ദേഹം വരുന്നു. ഒരു വലിയമലാക്കാകെയൻ—ഒഴുത്തു കട്ടത്തുണ്ടുപോലും ഇല്ല. കൈയ്യനും കറക്കി കറക്കി വീട്ടിനുമുമ്പെത്തു ഇവനു അമ്മായിയോടു കുശലങ്ങളും പറഞ്ഞുതുടങ്ങി. ഒടുവിൽഅദ്ദേഹത്തെ സ്വീകരിക്കാൻ എനിക്കുസമ്മതമാണോ എന്നു അമ്മാവി എന്നോടുവന്നു ചോദിച്ചു. ഞാൻ ഇതുകേട്ടു പ്രേമമൂഢയായി അവിടെ കുറെ അധികം മിണ്ടാതെനിന്നശേഷം 'എനിക്കു അദ്ദേഹത്തെ വേണ്ട' എന്ന മറുപടിയും പറഞ്ഞു.

(സമാപ്തം)

---

ഒരു വലിയ വിരൂപി ഒരിക്കലും കണ്ണാടിനോക്കിയിരുന്നില്ല. യദൃച്ഛയാ ഒരിക്കൽ കണ്ണാടിനോക്കാനിടയായി. തന്റെ മുഖം കണ്ണാടിയിൽ പ്രതിഫലിച്ചുകണ്ടയുടനെ "ഹെ!—മനുഷ്യർ എന്തു വിരൂപികളാണു്" എന്നു പറഞ്ഞു കണ്ണാടിയെടുത്തു ദൂരെ എറിഞ്ഞു.

* * * *

# ബഹുരസം.

—*—

അവൻ:—ഈ പുഷ്പങ്ങൾ വളരെ ഭംഗിയുള്ളവയാണ്. എനിക്കു അവ നിന്നെ ഓൎമ്മപ്പെടുത്തുന്നുവെന്നു നിനക്കറിയാമോ?

അവൾ:—പക്ഷെ, അവ ശരിയായ പുഷ്പങ്ങളല്ലല്ലോ. അവ മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടവയാണല്ലോ.

അവൻ:—അതെ, പക്ഷെ അതാക്കും അറിവാൻകഴിയുകയില്ല.

*　　*　　*

ജോസഫ് ഒരു പുതിയകുതിരയേയും ഡോക്കാട്ടും വാങ്ങിയിട്ടു അധികമായിട്ടില്ല. ഒരുദിവസം അവൻ സവാരിക്കു പുറപ്പെട്ടുപോകുമ്പോൾ അവിടത്തെ ഡാക്ടർ നടന്നുപോകുന്നതുകണ്ടു അദ്ദേഹത്തേയും അതിൽകയററിയിരുത്തി. ഒരഞ്ചുമിനിട്ടുതികച്ചു കഴിയുന്നതിന്നുമുമ്പായികുതിര ഭയപ്പെട്ടുവണ്ടിക്കു രണ്ടു ചവിട്ടുകൊടുക്കുകയും വണ്ടിമറിക്കുകയുംചെയ്തു. രണ്ടുപേരും താഴത്തുവീണുവെന്നു പ്രത്യേകംപറയേണ്ടതില്ലല്ലോ. ഡാക്ടർ വീണസ്ഥലത്തുനിന്നു തട്ടിക്കുടഞ്ഞു എഴുന്നേററു ജോസേഫിനോട് കോപത്തോടെ:—"ഇത്ര പരിചയമില്ലാത്ത കുതിരയെക്കെട്ടിയ വണ്ടിയിൽകയറുവാൻ എന്നെ ക്ഷണിച്ചതെന്തിന്നു?" ജോസേഫ് (ശാന്തതയോടുകൂടി):— ഇപ്രാവശ്യം എല്ലാന്നും നേരുങ്ങാത്തതു ദൈവകാരുണ്യംതന്നെ. ഈ കുതിരയെ ഓടിക്കുമ്പോൾ ഒരു ഡാക്ടർ അടുത്തുണ്ടാവാൻ ഞാൻ എപ്പോഴും താല്പൎയ്യപ്പെടുന്നു."

*　　*　　*

ഒരുകൃഷിക്കാരൻ ഒരുദ്യോഗസ്ഥന്നു നാലുപിടക്കോഴിയെ രാവിലെവിററുവെങ്കിലും മൂന്നെണ്ണത്തിനെയേ കൊടുത്തുള്ളു. വൈകുന്നേരമായപ്പോൾ നാലാമത്തെ കോഴിയേയും കൊണ്ടുവന്നു ഇങ്ങനെ പറഞ്ഞു:—"ഈകോഴി ഉച്ചതിരിയുന്നതുവരെമുട്ടയിട്ടില്ല."

*　　*　　*

തപാൽമാസ്റ്റർ (ഒരുകത്തുതൂക്കിനോക്കിയിട്ടു):— ഇതു ഒരണക്കുപോകയില്ല. അരയണമുദ്രകൂടി പതിക്കണം.

കത്തിന്റെ ഉടമസ്ഥൻ:— അതുപോകട്ടെ. എന്നെ അത്രവിഡ്ഢിയെന്നു ധരിക്കേണ്ട. അരയണ മുദ്രകൂടി പതിക്കുന്നപക്ഷം കത്തിന്റെ ഘനം കൂട്ടുമെന്നു എനിക്കറിയില്ലേ?

*　　*　　*

അച്ഛാ, ഉറക്കു വരാതിരിപ്പാൻ ഒരു വിദ്യകണ്ടുപിടിച്ചിട്ടുണ്ടെന്നു അച്ഛന്നറിയാമോ!

അച്ഛൻ:—നീ ഒരു ചെറിയ കുട്ടിയായിരുന്നപ്പോൾ തന്നെ ഞങ്ങൾക്കു ആ വിദ്യ അനുഭവമായിരുന്നു.

*　　*

ഭാൎയ്യ. (ദ്വേഷ്യത്തോടെ) നിങ്ങളുടെ അഭിപ്രായം എന്റേതിനോടു താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം എന്റേതിന്റെ അത്ര നന്നായിരിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?

ഭൎത്താവ്:—പ്രിയെ, ഇല്ല—ജീവകാലത്തേക്കു മുഴുവൻ ഒരു സഖിയെ തിരഞ്ഞെടുത്തകാൎയ്യത്തിലുള്ള നമ്മുടെ അഭിപ്രായത്തിൽ നിന്റേതും എന്റേതും താരതമ്യപ്പെടുത്തുവാൻ സാദ്ധ്യമല്ല.

*　　*　　*

ലൈഫ് ഇൻഷുറൻസ് ഡാക്ടർ:—ഈ കുടുംബത്തിൽ ആൎക്കെങ്കിലും ബുദ്ധിക്കു സ്ഥിരമില്ലായ്മയുണ്ടോ?

മിസിസ്സ്സ്മിത്ത്:—ഇല്ല, പക്ഷെ എന്റെ ഭൎത്താവ് താനാണ് ഈ വീട്ടിലെ മേധാവി എന്ന് ചിലപ്പോഴൊക്കെ വിചാരിക്കാറുണ്ട്.

*　　*　　*

രാധയെ ശീട്ടില്ലാത്തതിന്നു ടിക്കററു പരിശോധന ഉദ്യോഗസ്ഥൻ തടഞ്ഞു നിറുത്തിയപ്പോൾ തനിക്ക് "സീസൺടിക്കററു"ണ്ടെന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം "ശീട്ടുണ്ടെങ്കിൽ കാണിക്കേണ്ട. ഇല്ലെങ്കിൽ കാണിച്ചാൽമതി."

*　　*　　*

രാത്രിയിൽപോകുന്ന വണ്ടിയിൽ കിടന്നുറങ്ങിയിരുന്ന ഒരാൾ പെട്ടെന്നു ഉണൎന്നു എഴുന്നേററിരുന്നു. എന്നോടു:—"ദയവുചെയ്തു കോഴിക്കോട്ടിന്റെ ഇപ്പുറത്തോ അപ്പുറത്തോ നാം എന്നുപറഞ്ഞുതരുമോ?"

ഞാൻ:—ഇപ്പുറത്ത്.

അയാൾതൃപ്തിപ്പെട്ടു വീണ്ടുംകിടന്നുറങ്ങി.

*　　*　　*

ഭാൎയ്യ:—എനിക്കു സാരിവാങ്ങുവാൻ പത്തുറുപ്പികതരണം. തന്റെഭാൎയ്യആവശ്യപ്പെട്ടഉടനെ അതുകൊടുക്കുന്നപക്ഷം ഇരട്ടിസംഖ്യയുടെ ഫലമാണെന്നു ഓൎക്കുക.

ഭൎത്താവു:—എന്നാൽ ഇതാ അഞ്ചുറുപ്പിക.

*　　*　　*

രാമൻ:—എടോ, താനെന്താണ് ഞാൻ ഒരുചതിയനാണെന്നു മാധവനോടു പറയുവാൻ കാരണം?

ഗോവിന്ദൻ:—അല്ല, അതു ഒരുരഹസ്യകാൎയ്യമല്ലല്ലോ.

*　　*　　*

ഒരു കൈനോക്കുകാരൻ ഒരാളുടെ കൈയ്യുനോക്കി വളരെയൊക്കെ വാഗ്വാദം കഴിച്ചശേഷം ആ ആൾ - രണ്ടു ചക്രംഎടുത്തു രേഖാശാസ്ത്രജ്ഞന്നുകൊടുത്തു. ഇതു കണ്ടു കുപിതനായ ശാസ്ത്രി-

-ഇത്രനേരം കിടന്നു വായിട്ടലച്ചതിനു രണ്ടു ചക്രം. ഇതറിഞ്ഞിരുന്നുവെങ്കിൽ ഞാൻ നോക്കുകില്ലായിരുന്നല്ലോ.

ആൾ:-കാര്യം ശരിതന്നെ ശാസ്ത്രിജി-പക്ഷെ നിങ്ങളുടെ കാര്യം സ്വയം അറിയാൻ പാടില്ലാത്ത നിങ്ങൾ മററുള്ളവരുടെ ഭാഗ്യം പറയുന്നതെങ്ങിനെ? അതിനു രണ്ടു ചക്രം ധാരാളം.

* * * *

ഒരു വർത്തമാനപ്പത്രക്കാരൻ നിയമസഭാ സ്ഥാനാർത്ഥിയോടു:-സർ, എൻെറ പത്രമേ വോട്ടിനുവേണ്ടി നിങ്ങൾക്കു വിട്ടിരിക്കയാണ്. ഓരോ ലക്കത്തിലും നിങ്ങളെ പ്രശംസിച്ചാണ് ഈയിട മുഖപ്രസംഗങ്ങൾ: തിരഞ്ഞെടുപ്പിനു ശേഷം.

സ്ഥാനാർത്ഥി:-നിശ്ചയമായും, വളരെ സന്തോഷം- തിരഞ്ഞെടുപ്പു കഴിയട്ടെ.

തിരഞ്ഞെടുപ്പുകഴിഞ്ഞു പത്രക്കാരൻ പ്രതിനിധിയെ അടുത്തു:-സാർ,

പ്രതിനിധി:-എന്തു്?

പ്രവർത്തകൻ:-വല്ലതും......

പ്രതിനിധി:-നിങ്ങൾ എനിക്കില്ലാത്ത ഗുണങ്ങൾ ഉണ്ടാക്കിപ്പറഞ്ഞതിനു, നിങ്ങളുടെ പത്രംകൂടി ഞാൻ ഉപേക്ഷിച്ചിരിക്കയാണ്-പോണം.

* * *

ഒരു വെറും ഉൾനാടൻ റെയിലിൽകയറി എവിടെയോ പോകയായിരുന്നു. ട്രെയിനിൽ കൂട്ടവും അധികം. അടുത്ത ഒരു സ്റ്റേഷനിൽ സാമാന്യം യോഗ്യനായ ഒരു പരിഷ്കാരികൂടി കയറി. എങ്ങും ഇരിക്കാൻ ഇടമില്ലാഞ്ഞതുകണ്ടു നാടനോടു:-ഞാൻ താങ്കളെ അല്പം ഉപദ്രവിക്കണമെന്നു കരുതുന്നു. ക്ഷമിക്കണം.

നാടൻ:-നിങ്ങളുടെ ഉപദ്രവമേൾക്കാൻ ഞാനാളല്ല. പിന്നെ ഉപദ്രവിച്ചാൽ ഞാൻ നിങ്ങളുടെ വീട്ടു കേറി ഉപദ്രവിക്കും. ആലോചിച്ചുവേണം.

* * * *

ഒരു അച്ഛൻ എന്തോ കുററത്തിനു മകനെ അടിക്കുന്നതിനിടയിൽ ഇപ്രകാരംപറഞ്ഞു:- "എടാ തെമ്മാടി. നീ അനുഭവിക്കുന്നതിൽ ഇരട്ടിവേദന എനിയ്ക്കുണ്ടു്".

ഉടനെ ആ കുട്ടി:-"അങ്ങിനെ ആണെങ്കിൽ എൻെറ പൊന്നച്ഛാ അടി നിറുത്തരുതേ"എന്നുചോദിച്ചു.

* * *

ഒരു സംസ്കൃതപണ്ഡിതർ തൻെറ മകനോടു ഈവിധം സദുപദേശം ചെയ്തു:-മാതൃവൽപരദാരാണി, പരദ്രവ്യാണിലോഷ്ടവൽ, ആത്മവൽ സർവ്വഭൂതാനി-യഃ പശ്യതി സപണ്ഡിതഃ എന്ന ശ്ലോകം ചൊല്ലി അതിൻെറ അർത്ഥംപറഞ്ഞു കേൾപ്പിച്ചു- മകനെ!-പരസ്ത്രീകളെ സ്വന്തതള്ളയായി വേണം കരുതാൻ- കേട്ടോ.

മകൻ-വളരെനല്ലതു്.അപ്പോഴേ അച്ഛാ എൻെറ ഭാര്യ അവിടത്തെ തള്ളയായി അല്ലേ.

പണ്ഡിതർക്കുകോപം വന്നു. "കഴുത അധികപ്രസംഗി നിനക്കു ഒന്നും മനസ്സിലാവില്ല. നിന്നെ ഞാൻ പഠിപ്പിക്കില്ല. ഇനിമേൽ ഇങ്ങനെ തെമ്മാടിത്തരം പറയരുതു്......."

"അന്യൻെറ ദ്രവ്യത്തെ-മൺകട്ടപോലെ വിചാരിക്കണം-മനസ്സിലായോ."

മനസ്സിലായി— അപ്പോൾ ഇനി ചക്രംകൊടുക്കാതെ, അതുമിതുംവാങ്ങാമല്ലോ. അച്ഛനുംകൂടിത്തരാം. പോരെ!

പണ്ഡിതൻ:-അധികപ്രസംഗി എനിക്കു കഴികയില്ല. ഹാ! അന്യൻെറ ആത്മാവിനെ സ്വന്തം പോലെ കരുതണം- കേട്ടോ?

മകൻസമ്മതിച്ചു പിററന്നുകാലത്തെ കളികഴിഞ്ഞുവരാൻ തന്ത ആജ്ഞാപിച്ചു. കുട്ടി കുളത്തിൽ ചെന്നു അകത്തുനിന്നു ഒരു കൊച്ചുപയ്യനെ എടുത്തു വെള്ളത്തിൽമുക്കി തിരിച്ചുവീട്ടിൽവന്നു.

പണ്ഡിതൻ:-എന്തെടാ കുളിക്കാഞ്ഞതു്?

കുട്ടി:=കുളിച്ചല്ലോ.

പണ്ഡിതൻ:-കള്ളംപറയുന്നോ?

കുട്ടി:— എന്തു്? ആത്മവൽസർവ്വഭൂതാനി!

* * *

എഴുത്തും വായനയും പരിഷ്കാരവും അറിയാത്ത ഒരു മലനാട്ടുഗൃഹസ്ഥൻ രാത്രിയിൽ അവിടെ ചെന്ന ഒരു പരിഷ്കാരിയോടു്:-

പിള്ളേ രാമായണംവായിക്കാൻ അറിയാമോ?

പരിഷ്കാരി:-അറിയാമേ.

ഗൃഹസ്ഥൻ പുസ്തകമെടുത്തുകൊടുത്തു പരിഷ്കാരി വായനതുടങ്ങി.

ഗൃഹ:-പിള്ളേ, ഹാർമ്മോണിയം വായിക്കാൻ അറിയാമോ?

പരി:-അറിയാമേ.

ഗൃഹ:-എന്നാൽ വായിക്കണം. (ഹാർമ്മോണിയം ഒരു വാദ്യവിശേഷമാണെന്നു നാടനു മനസ്സിലായില്ല.)

* * *

ജഡ്ജി:–(ചോദ്യത്തിന്നുമാത്രം ഉത്തരം പറയേണമെന്ന താക്കീതോടുകൂടി സാക്ഷിയോട്):– നീ വണ്ടിയോടിക്കാറുണ്ട്, ഇല്ലേ?

സാക്ഷി:–ഇല്ല, ഞാൻ വണ്ടിയോടിക്കാറില്ല.

ജഡ്ജി:–നീ ഇപ്പോൾ വക്കീൽ ചോദിച്ചപ്പോൾ ഉണ്ടെന്നു പറഞ്ഞുവല്ലോ.

സാക്ഷി:–ഇല്ല. ഞാൻ പറയുകയുണ്ടായില്ല.

ജഡ്ജി:–നീ സത്യംചെയ്തു പറയുക. നീ വണ്ടി ഓടിക്കാറില്ലേ?

സാക്ഷി:–ഞാൻ സത്യംചെയ്തുപറയുന്നു. ഞാൻ വണ്ടി ഓടിക്കാറില്ല.

ജഡ്ജി:–എന്നാൽ നിന്റെ ജോലി എന്താണ്?

സാക്ഷി:–കുതിരയെ ഓടിക്കുകയാണ് എന്റെ ജോലി.

* * *

നമ്പൂരി:–എന്താ നിങ്ങളുടെ ദിവാന്റെ പേര്?

കോമു:–വാട്ട്സ് എന്ന്.

നമ്പൂരി:–എന്താ പറഞ്ഞത വാട്ട്സോ? അബദ്ധം. അങ്ങിനെ നപുംസകമായിട്ട ഒരു പേരു വരുമോ ഒരിക്കലും ഇല്ല. വാട്ട്സൻ വാട്ട്സി എന്നല്ലേ വരാൻതരമൊള്ളൂ.

* * *

ഒരുനാടൻ തന്റെ ഭാര്യയോടും ആറുമാസം പ്രായമായ കുട്ടിയോടുംകൂടി ഒരു നാടകം കാണാൻ പോയി. കളിതുടങ്ങിയപ്പോൾ കുട്ടികരയാൻതുടങ്ങി. ഉടനെ മാനേജർവന്നു കുട്ടിയെയുംകൊണ്ടു നിങ്ങൾ പുറത്തുപോകണം ടിക്കററിന്റെ വില തിരിച്ചു തരാമെന്നു പറഞ്ഞു. ഈശ്വരകൃപയാൽ കുട്ടി കരച്ചിൽ നിറുത്തി ഉറക്കംപിടിച്ചു. കളി പകുതിയായപ്പോൾ മൂപ്പക്കു മുഷിച്ചിലും ഉറക്കവുംവന്നുതുടങ്ങി. ഉടനെ അയാൾ ഭാര്യയോട് "നാണി, കുഞ്ഞിനെ നുള്ളി ഉണർത്തു" എന്നും പറഞ്ഞു.

* * *

താൻ നല്ലൊരു ചിത്രമെഴുത്തുകാരനെന്നു തന്നത്താൻ വിചാരിച്ചിരുന്ന ഒരാൾ വളരെ അദ്ധ്വാനിച്ചും അധികസമയം ചിലവഴിച്ചും, ഒരു വയലിൽ പുല്ലുതിന്നുകൊണ്ടിരുന്ന ഒരു പശുവിന്റെ ചിത്രം വരച്ചുണ്ടാക്കി. ആ ചിത്രത്തിന്റെ ഗുണദോഷത്തെപ്പററി അറിയുവാൻവേണ്ടി വളരെ യോഗ്യനായ ചിത്രമെഴുത്തുകാരനെ കാണിച്ചു. അദ്ദേഹം ഒന്നുരണ്ടു മിനിട്ടുനേരം ആ ചിത്രം നോക്കിയതിന്നുശേഷം താഴെപ്പറയുന്ന അഭിപ്രായത്തോടുകൂടി അതു മടക്കിക്കൊടുത്തു:—"കപ്പൽ ചീത്തയായിട്ടുണ്ടെന്നു പറയുന്നില്ല. പക്ഷെ കടൽ വല്ലാതെ പച്ചനിറമായിരിക്കുന്നു."

* * *

ഒരു സ്കൂൾ ഇൻസ്പെക്ടർ ഒരു ക്ലാസ്സുപരീക്ഷയിൽ കുട്ടികളോട്:–"സേവൻനമ്പൂരി നാണംപറഞ്ഞു കേശവപിള്ള ദിവാനെ തടവിലാക്കിയല്ലൊ. എന്നാൽ കേശവപിള്ളയിൽ ആരോപിച്ച കുററം എന്താണെന്നു അറിയാമോ?"

സമർത്ഥനായ ഒരു കുട്ടി:—അറിയാം. വ വിട്ടുകളഞ്ഞതാണ്.

* * *

ഈയിടനടന്ന നാമിനേഷൻ ലഹളയിൽ ഒരു ഡ്രൈവർ ഒരു നാട്ടുംപുറത്തുകാരനെ മോട്ടാറിൽകേററി ഓടിച്ചുപോകുമ്പോൾ ഒരു ഇറക്കത്ത് ബ്രേക്കു ഇട്ടിട്ടു നിൽക്കാതെ വണ്ടി ചെന്ന് ഒരു മരത്തിൽ അടിച്ചു മറിഞ്ഞുവീണു. ദൈവകൃപയാൽ ഡ്രൈവർക്കും നാടനും വലിയ പരുക്കൊന്നും പററിയില്ല. നാടൻ ഗൌരവത്തിൽ മണ്ണൊക്കെ തുത്തുകളഞ്ഞു വണ്ടിയുടെ സമീപം ഇരുന്നുകൊണ്ടു പാളപ്പൊതി എടുത്തുവച്ചു ഒന്നു മുറുക്കിക്കൊണ്ടു ഇപ്രകാരം ചോദിച്ചു:–

"അപ്പഴേ–സാറെ! നിങ്ങൾക്കു ഈ വണ്ടി നിറുത്തണമെന്നുള്ളടത്തെല്ലാം ഇതുപോലെ ഓരോ മരം വേണ്ടേ?"

— * —

# ശ്രീമഹാകോന്തപുരാണം.

## കിളിപ്പാട്ട്.

— * —

(കവിഷണ്ഡൻ.)

അഗസ്ത്യപുരവാസ്തുതളത്തിൽകിളിക്കുട്ടി
നകത്തുകിടക്കുന്നമുത്തിതള്ളതത്തമ്മെ
അഴകൊടാശ്രീകോന്തപുരാണംമുഴുക്കനീ
പിഴകൂടാതെന്നോടുപറഞ്ഞു കേൾപ്പിക്കേണം
ശ്രീകോന്തപുരാണത്തെചെവിയുൾക്കുട്ടാലപ്പോൾ
ശ്രീകോവിൽക്കകത്തുള്ളോരീശനാം വിറച്ചീടും
അപ്രകാരമുള്ളനല്ലപ്പുരാണത്തെയല്ലോ
മല്ലനാംനിന്നോടോതാൻപേടിയാകുന്നിതയ്യോ
സുരതാധ്വരംഭഗമോക്ഷം ലി...പാഖ്യാനം
കരകാണ്ടീടാതൊരുതലയണസ്ഥിതയും
കനിഷ്ഠംകുസൃതിയുംകോന്തുണംപോക്രിത്തരം
തനിച്ചുരണകളമിതിലല്ലയോ മുന്നം
മുനിശ്രേഷ്ഠനായീട്ടുംശ്രീമഹാവേദവ്യാസൻ
ജനിപ്പിച്ചതുകള്ളൻമലന്മക്കിടന്നുട ർ
ഭാരതംതൊട്ടുള്ളോരുകിളിപ്പാട്ടിൽനിന്നെല്ലാം
പാരമോരോരോകോപ്യം കട്ടുവച്ചിട്ടുണ്ടിതിൽ

ആയതുമുഴുവനും ചൊല്ലുവാൻ ശ്രീശങ്കരൻ
നായരാം ശംഖുമുനിതാനൊഴിഞ്ഞാരുമില്ല.
മെല്ലയീപ്പുരാണത്തെ രചിച്ചനമ്പൂരിയ്ക്കു
നല്ലതാം മാനസം ഭ്രാന്തായെന്നങ്ങു ചൊല്ലിമുനി
എങ്കിലും കുറഞ്ഞൊന്നു പറഞ്ഞു കേൾപ്പിച്ചീടാം
പൈങ്കിളിക്കുലധർമ്മം വെടിഞ്ഞു നടക്കാമോ
ഭാണ്ഡങ്ങൾ പന്ത്രണ്ടാണീ ശ്രീകോന്തപുരാണ-
ത്തിൽ
കാണ്ഡമപ്പതിൻ പേരും വെവ്വേറെ പറഞ്ഞീടാം
പലഹാരഭാണ്ഡവും പഴവ്വത്തഭാണ്ഡവും
പലർക്കും രുചിയ്ക്കാത്ത ചങ്കഭാണ്ഡവും പിന്നെ
കെട്ടുഭാണ്ഡവും, തലയണഭാണ്ഡവും കേട്ടാൽ
ഒട്ടും പൂജകഭാണ്ഡം ശ്രീപടവലഭാണ്ഡം.
തട്ടമാടഭാണ്ഡവും, ചോറഭാണ്ഡവും, മട-
പ്പിടിഭാണ്ഡവും, മുമ്പേ കഴിഞ്ഞതിൽ ക്രമത്താലെ
സുരതാധാരഭാണ്ഡം, കുചമർദ്ദനഭാണ്ഡം,
വിരഹോദ്വേഗനാമം ഭാണ്ഡങ്ങൾ പന്ത്രണ്ടാണ്
ഓരോരോ ഭാണ്ഡത്തിലുമുള്ളൊരു കഥാസാരം
പാരാതെ പറഞ്ഞീടാം പ്രത്യേകം കേട്ടീടണം
ക്ഷേത്രത്തിൽനിന്നു നമ്പൂതിരിമാർ കരഞ്ഞതും
നേത്രവാരിയിൽനിന്നും വാരിജൻ ജനിച്ചതും
വാരിച്ചോറുണ്ണവിപ്രന്മാർ കൊട്ടത്തിൽനിന്നും
വാരിച്ചാത്തനായതും സന്താനം വർദ്ധിച്ചതും
ഇട്ടിരാസുവിപ്രേന്ദ്രൻ കെട്ടിഞാന്നു ചത്തതും
ഇട്ടിക്കണ്ടപ്പൻവാദ്ധ്യൻ കാശിയ്ക്കു ഗമിച്ചതും
ഗർഭിണി മരിച്ചതും പാപിള്ള ജനിച്ചതും
നൽപ്പെണ്ണാമൊരുത്തിയെ സർപ്പത്താൻ കടിച്ചതും
അച്യുതൻ മാണിക്യർജമ്മയെ പ്പിടിച്ചൊരു
കൊച്ചുചുംബനം ചെയ്തു കൊങ്കയിൽ ചൊറിഞ്ഞതു-
മെയ്യുണ്ണിചരിതവും ഗോമോക്ഷവുമപ്പോൾ [ത്തും
തയ്യലാളദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചതും
വീട്ടിലുള്ളോരെയെല്ലാം കോന്തൻ കൊഞ്ഞനം
[കാട്ടി
പാട്ടിൽതല്ലിയോടിച്ചു ഞെളിഞ്ഞു നടന്നതും
... ... പാഖ്യാനത്തെയാ കോന്തനന്നൊരു മുനി
പുംഗവൻ പ്രത്യേകിച്ചു പറഞ്ഞു കൊടുത്തതും
മുത്തിപ്പറാക്കീട്ടാൻ കുടുംബത്തിലുള്ളോർക്കു
കഞ്ഞിവെള്ളം പോലും ഞാൻ കൊടുത്തീടുകി
[ല്ലെന്നു
കോന്തനച്ചരിച്ചതും ഭ്രാന്തനെ ജയിച്ചതും
ശാന്തനച്യുതൻ സുരതാധാരം ചെയ്യിച്ചതും
മാണിക്കരാജമ്മയെ പാണിപീഡനം ചെയ്തതും
നാണിച്ചിടാതച്യുതൻ സുഖിച്ചു വസിച്ചതും
ഇപ്പുരാണത്തിന്നകത്തുള്ളൊരു കഥാസാര-
മിപ്രകാരമാണെന്നു ധരിച്ചുകൊണ്ടിടേണം

# ശുപാർശ എന്നുണ്ടായി?

—*—

(കേ. എൻ. വി. പി.)

ലോകം ഇന്നും ഇന്നലെയും ഉണ്ടായതല്ല. കഴിഞ്ഞ ആണ്ടിലോ ഒരു ശതാബ്ദം മുമ്പോ ഉണ്ടായതല്ല. ഇതുണ്ടായിട്ടു പല കൊല്ലങ്ങൾ കഴിഞ്ഞു. രാമരാവണയുദ്ധം നടന്നു. കുരുപാണ്ഡവയുദ്ധവും ഭംഗിയായിത്തന്നെ കഴിഞ്ഞുകൂടി. അനേകതരങ്ങളും ഉണ്ടായിട്ടുണ്ട്. സത്യം നടന്നിട്ടുണ്ട്. സ്ത്രീകളെ മോഷ്ടിച്ചുകൊണ്ടുപോയിട്ടുണ്ട്. സമുദ്രം അന്നും ഉണ്ടായിരുന്നു ഇന്നും അതുപോലെതന്നെ കടക്കുന്നു. കൊടുങ്കാറ്റടിക്കാറുണ്ട്. മഴപെയ്യാറുണ്ട്. ഇതെല്ലാം അന്നും ഇന്നും ഒരുപോലെതന്നെ യാതൊരു വ്യത്യാസവുമില്ല. എന്നാൽ ഇന്നിപ്പോൾ പ്രബലമായിരിക്കുന്ന ശുപാർശയും കൈക്കൂലിയും അന്നത്തെക്കാലത്തുമുണ്ടായിരുന്നോ? അതോ ഇക്കാലത്തു നല്ലവണ്ണം കണ്ടുപിടിച്ച കൈകണ്ട വിദ്യയാണോ? ഇതെല്ലാം ആലോചിക്കേണ്ടതാണ്. ഞാൻ ആലോചിച്ചു. തല നല്ലതുപോലെ ഉപയോഗിച്ചു. നല്ല മാർക്ക് കിട്ടത്തക്കവണ്ണമുള്ള ഉത്തരം കണ്ടുപിടിച്ചു. മാന്യമഹാശയന്മാരെ! ശുപാർശ ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. അതു വളരെ മുമ്പുതന്നെ തുടങ്ങി. ആദികാലത്തു ദൈവത്തെ നേരിട്ടു കാണാമായിരുന്നല്ലോ. അന്നു ദൈവവും മനുഷ്യരുമായി വലിയ അകലം ഉണ്ടായിരുന്നില്ല. മനുഷ്യകാര്യത്തിനുവേണ്ടി ദേവന്മാരും ദേവകാര്യത്തിനുവേണ്ടി മനുഷ്യരും അന്യോന്യം വേണ്ടതു പ്രവർത്തിച്ചിട്ടുണ്ട്. നിശ്ചയം. വിജയന്റെ തപശ്ശക്തിയാലുലകം തപിച്ചപ്പോൾ അവന്റെ കാര്യസാധ്യത്തിനുവേണ്ടി ദേവന്മാർ ഒത്തൊരുമിച്ചു പ്രവർത്തിച്ചു. അവർ "വെള്ളിക്കുന്നാം പുരദ്വിട്ടിൻ പള്ളിമേടയിലെത്തി" ദേവേന്ദ്രനെക്കൊണ്ടു നല്ലൊരു ശുപാർശ ചെയ്യിച്ചു. തന്മൂലം വിജയന്റെ കാര്യം സാദ്ധ്യമാവുകയും ചെയ്തു. താഴ്ന്നതരം ശുപാർശക്കാരൻ ഇന്ദ്രനാണ്. അയാളെക്കൂടാതെ വലിയ സ്ഥാനങ്ങളിൽ ശുപാർശ ചെയ്യുന്നതിന് അന്നു മറ്റാരും ഉണ്ടായിരുന്നില്ല. എല്ലാവരും ഇന്ദ്രനെക്കണ്ടു കൈവണങ്ങുകയും അദ്ദേഹം തെളിഞ്ഞെങ്കിൽ ബ്രഹ്മാവിനോടോ ശിവനോടോ ഒന്നു പറയുകയും ചെ

---

മൂത്രം വീഴ്ത്തുവാൻ വൈകി നമുക്കെന്തു ചെയ്യും
സൂത്രാക്രൂടീട്ടും കിളിക്കൂട്ടികവിട്ടുവാണാൽ.

[തുടരും]

—*—

സ്ഥിരുന്നു. ത്രിപുരന്മാർ, താരകാസുരൻ ഇവരുടെ നിഗ്രഹത്തിനുവേണ്ടി എന്തുംപാടാണു പെട്ടത്. താരകാസുരനിഗ്രഹം ക്ഷിപ്രസാദ്ധ്യമായ ഒരു കാൎയ്യമല്ലായിരുന്നു. അതിന് ശ്രുപാൾ വളരെ വേണ്ടിയിരുന്നു. ഇതിൽ സങ്കടക്കാർ ദേവന്മാരായിരുന്നു. ആദ്യമായി അവർ ഇന്ദ്രനെക്കണ്ടു. അവരെല്ലാവരും കൂടി വിഷ്ണുവിനെക്കണ്ടു. തനിക്ക് ഇതിൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ലെന്നും ഇതിൻെറ അധികാരം ശിവനിലാണിരിക്കുന്നതെന്നും പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുകളഞ്ഞു. എല്ലാവരുംകൂടി ശിവനെക്കാണാൻപോയി. ശിവൻ തപസ്സുചെയ്തുകൊണ്ടിരിപ്പാണു'. പറയാനൊന്നും തരമായില്ല. അയാളുടെ മകനെ ദേവസേനാപതിയാക്കിയേക്കാമെന്ന് അവരെല്ലാവരും കൂടി തീൎച്ചപ്പെടുത്തി. അപ്പോൾ ശിവനു മകനില്ല. അതിനെന്താ നിവൃത്തിയെന്നാലോചിച്ചപ്പോൾ ശിവൻെറ പൎണ്ണശാല അടിച്ചുവാരി വൃത്തിയാക്കുന്നതൊഴിലിൽ ഒരു ചെറിയപെണ്ണുണ്ടായിരുന്നു. അവരെ കൂട്ടിഘടിപ്പിച്ചാൽ കാൎയ്യം ഭംഗിയാകുമെന്ന് ഭൂരിപക്ഷപ്രകാരം തീൎച്ചയാക്കി. അതിനൊരാളുവേണമെന്നായപ്പോൾ കാമദേവനെത്തന്നെ അവർ പിടികൂടി. അയാൾ പല ഒഴികഴിവുകളും പറഞ്ഞു. എന്തുദോഷംവന്നാലും പരിഹരിച്ചുകൊള്ളാമെന്ന് ദേവന്മാർ ഭരമേററു. ഉടനെ അയാൾ അതു സമ്മതിച്ചു. അയാൾക്കു വസന്തമെന്ന പേരിൽ ഒരുസ്നേഹിതനുണ്ട്. അവരിരുപേരുംകൂടിയെങ്കിലേ സംഗതി പൂൎണ്ണമാകയുള്ളു. അവരെ രണ്ടുപേരേയും ദേവന്മാർ പറഞ്ഞിളക്കിവിട്ടു. അവർ ചെന്നു പലമുറകളും നോക്കിയതിൽ ശിവൻ വകവയ്ക്കാതെ കാമദേവനെ കൊന്നുകളഞ്ഞു. ഇതറിഞ്ഞപ്പോൾ പെണ്ണിനും ഒരുചെറിയ ആലോചനവന്നു. ശിവനെഭൎത്താവാക്കണം എന്നവൾ തീൎച്ചപ്പെടുത്തി. ദേവന്മാർ ആലോചിച്ച കാൎയ്യമല്ലേ, അവൾ തപസ്സുചെയ്തു. ഭഗവാനും ഇതുമുമ്പേവിചാരിച്ച കാൎയ്യമാകയാൽ മററുചിലരുംകൂടി അനുകൂലിച്ചതുകൊണ്ട് വിവാഹം നടത്തിക്കളഞ്ഞു. സുബ്രഹ്മണ്യൻ എന്ന മകനും ജനിച്ചു. ദേവന്മാർ അയാൾക്കു സൈന്യാധിപപട്ടംകൊടുത്തു. അങ്ങനെ ആ കാൎയ്യം സാധിച്ചു ഇതിൽ ആരെല്ലാമാണ് ശ്രുപാൾകന്മാരായിവന്നത്. ഭൂമിദേവിമാത്രം ശ്രുപാൾകന്മാരെ അന്വേഷിക്കാതെ നേരിട്ടു സങ്കടം പറഞ്ഞുകളഞ്ഞു. ഭൂമിദേവിയോട്ട് എന്തോ വിരോധം തോന്നിയ ചില രാജാക്കന്മാരുണ്ടായിരുന്നു. അവർനിമിത്തം പല സങ്കടങ്ങളും അനുഭവിച്ചു. അതിൻെറശമനത്തിനാണ് അവർ പുറപ്പെട്ടത്. അവർ വിഷ്ണുവിൻെറ അടുക്കൽ ഒരു ചെറിയകള്ളം പറഞ്ഞു. ദുഷ്ടന്മാരായ രാജാക്കന്മാൎക്കു തൂക്കം അധികമുണ്ടെന്നും, ഇതെല്ലാംകൂടി പൊക്കിക്കൊണ്ടുനില്ക്കാൻ സാദ്ധ്യമല്ലെന്നും ആണ് പറഞ്ഞത്. ഒരു സ്ത്രീയുടെ സങ്കടമായതിനാൽ ഉടനെ അതിന് പരിഹാരം വരുത്തിക്കൊള്ളാമെന്ന് വിഷ്ണു ഉത്തരവാകയും ചെയ്തു. ഇങ്ങിനെനോക്കിയാൽ എന്തെല്ലാത്തിനുമാണ് ശ്രുപാൎശനടന്നതെന്നു മുഴുവൻ പറവാൻ നിവൃത്തിയില്ല. കൈക്കൂലിയുടെകാൎയ്യം ഇനിയൊരിക്കൽ ആയിക്കളയാം.

---


അനവധി സൎട്ടിപ്പിക്കററുകൾ കിട്ടിയ

## മോഹിനികുന്തളതൈലം




ഈ തൈലത്തിൻെറ മനോഹരമായ പരിമളം എത്രയെന്നു പറഞ്ഞറിയിക്കാൻ ഒക്കുകയില്ല. സൗഗന്ധികപുഷ്പം വാററിയെടുത്ത തൈലവും മററനവധി സുഗന്ധദ്രവ്യങ്ങളും ദിവ്യമൂലികാരസങ്ങളും ചേൎത്തുണ്ടാക്കീട്ടുള്ള ഈ തൈലം തലമുടിയിൽപുരട്ടിയാൽ അടുത്തസ്ഥലമെല്ലാം ഇതിൻെറ വാസനകൊണ്ടുനിറയും. ഏററവുംമൃദുത്വവും മേനിയും കറുപ്പുമുള്ള തലമുടി തിങ്ങിഞെരുങ്ങി പനംകുലയേക്കാൾ നീളത്തിൽ അതിവേഗത്തിൽ വളരും. ഇതിനേക്കാൾവേഗത്തിൽ തലമുടി വളരുന്ന മറെറാരെണ്ണയുംഇല്ല. തലച്ചോറിനുള്ള ചൂടും മാലിന്യവും തട്ടമുടിപൊഴിച്ചിലും ഉടൻമാറും. കണ്ണിനു കുളൎമ്മയേയും മുഖത്തിനു ഐശ്വൎയ്യത്തേയും തലയ്ക്കു ഓൎമ്മയേയും ഏററവും ഉണ്ടാക്കും. വളരെ അനുഭവമുള്ള ഈ തൈലം ഒരിക്കൽമാത്രം വരുത്തി പരീക്ഷിക്കേണ്ടതാണ്. പതിവായി വരുത്തി ഉപയോഗിക്കുന്നവൎക്കു ശിരോരോഗങ്ങൾ തീൎച്ചയായും ഉണ്ടാകുന്നതല്ല.

വില കുപ്പിഒന്നുക്കു രൂപാ ൧.

ഡസൻഒന്നുക്കു രൂപാ ൧൧,

(വീ. പി. ചാൎജ്ജു പ്രത്യേകം.)

മദ്രാസ് ജീവരക്ഷാമണിവൈദ്യശാല,

കൊല്ലം.

☞ മററനവധി മരുന്നുകൾ വില്പാൻ തയാറുണ്ട്. വലിയ ക്യാററ്ലാഗിനു ആവശ്യമുള്ളവർഎഴുതിഅയപ്പിൻ.

വേലുത്തമ്പിദളവായുടെ

# ഒരുവിളംബരം

—:*:*:—

* (അയച്ചുതരപ്പെട്ടതു്)

ശ്രീമതു. ഈ സംസ്ഥാനത്തുനിന്നും ഈ സമയത്തു യത്നംചെയ്യല്ലാതെ, നിലനില്പില്ലെന്നു കണ്ടു തുടങ്ങേണ്ടിവന്ന കാര്യത്തിന്റെ നിർണ്ണയവും അവസരവും ഈ രാജ്യത്തുള്ള മഹത്തുക്കൾ മഹാബ്രാഹ്മണരുമുതലായി കീഴ്ജാതി പരിഷവരെയും സകല ജാതി കുടിയാനവന്മാരും ബോധം വരേണ്ടുന്നതിനായിട്ടു എഴുതി പ്രസിദ്ധപ്പെടുത്തുന്ന വിളംബരമാവിതു്.

ശ്രീപരശുരാമന്റെ പ്രതിഷ്ഠയാൽ ഉണ്ടായ മലയാളവും ഈ സംസ്ഥാനവും തോന്നിയ നാൾമുതൽ ചേരമാൻപെരുമാൾ വംശംവരെയുംരാജ്യപരിപാലനംചെയ്ത കാലത്തും അതിനുകീഴിൽ തൃപ്പാദസ്വരൂപത്തിൽ തിരുമൂപ്പുംഅടങ്ങി ബഹുതലമുറ ആയിട്ടു ചെങ്കോൽനടത്തി അനേകമായിരം സംവത്സരത്തിനിടയിലും ഈ രാജ്യം ഇടപെട്ടു ഒരു ചോദ്യത്തിനും ശല്യത്തിനും ഇടവന്നിട്ടില്ല.

൯൩൩-ാമാണ്ടു നാടുനീങ്ങിയ തിരുമനസ്സുകൊണ്ടു കല്പിച്ചു ദൂരദൃഷ്ടിയാൽ മേൽക്കാലം വരവിന്റെ വിപരീതംകണ്ടിട്ടും ഇനി ഈ ഭാരം നമ്മളുടെ വംശത്തിലുള്ളവർ വഹിക്കയില്ലെന്നുംവച്ചു നിശ്ചയിച്ചു രാജ്യത്തിനെ പൂവോടും നീരോടും കൂടി ശ്രീപത്മനാഭസ്വാമിയുടെ തൃപ്പടിയിൽ ദാനവും ചെയ്തു മേൽ പട്ടംവാഴും തമ്പുരാക്കന്മാർ അവിടുത്തെ ആളായിരുന്നു കാര്യംവിചാരിക്കയും അവർക്കു രാജഭോഗഭാഗ്യങ്ങളെക്കാളും അധികം തപോനിഷ്ഠ ആയിട്ടും വ്രതനിയമങ്ങളും അനുഷ്ഠിച്ചും താൻ ദുഃഖിച്ചും കുടികൾക്കു സുഖംവരുത്തിയും അതിനൊരു കുറവും വരാതിരിപ്പാനായിട്ടു ഈശ്വരസേവ ഭദ്രദീപം വഴിയൂട്ടു ധർമ്മസത്രം ആദിയായിട്ടുള്ള സകല സൽക്കർമ്മങ്ങളും നടത്തിപ്പോരുന്നതിനാൽ ഹിമവൽസേതുപര്യന്തം ഇതുപോലെ ധർമ്മസംസ്ഥാനം ഇല്ലെന്നുള്ള കീർത്തി സമ്പൂർണ്ണമായിരിക്കപ്പെട്ടതു സർവ്വരും പ്രസിദ്ധമായിട്ടു അറിഞ്ഞിരിക്കുമല്ലൊ.

മമ്മദാലിഖാൻ ആർക്കാട്ടുസുബയുംകെട്ടി തൃശ്ശിനാപ്പള്ളിയിൽവന്നു ദക്ഷിണസീമയും ഒതുക്കിയതിന്റെശേഷം അവിടുത്തേക്കു മിത്രഭാഗമായിട്ടു ചെല്ലണമെന്നു നിശ്ചയിച്ചു ആണ്ടൊന്നിനു ൭൦൦൦-രൂപയും ഒരാനയും നസ്രായിട്ടു കൊടുക്കണമെന്നു കല്പിച്ചു നിശ്ചയിച്ചു കൊടുത്തുവന്നിട്ടുള്ളതല്ലാതെ ഈ രാജ്യം ഇടപെട്ടു വേറെവിധം ചോദ്യങ്ങൾക്കും ചിലവുകൾക്കും ശല്യങ്ങൾക്കും ഇടവന്നിട്ടില്ല.

അങ്ങിനെഇരിക്കുമ്പോൾ ഇംഗ്ലീഷ് കമ്പനിയും ടിപ്പുസുൽത്താനും പ്രബലപ്പെട്ടുവരികകൊണ്ടും അതിൽ കമ്പനിആളുകളെ വിശ്വസിച്ചാൽ ചതിക്കയില്ലെന്നു നിശ്ചയിച്ചു ആദ്യം അഞ്ചുതെങ്ങിൽകോട്ട ഇടുന്നതിനു ഒരു സ്ഥലവുംകൊടുത്തു ഉപായമായിട്ടു അവരെ അവിടെ പാർപ്പിച്ചു സ്വാധീനവും വിശ്വാസവും ഉണ്ടായിരിക്കുമെന്നു വിചാരിച്ചിരിക്കയും ചെയ്തു.

അങ്ങിനെ വിശ്വസിച്ചതിൽ വിശ്വാസദോഷത്തിനും നാശത്തിനും സംഗതിആയി ഇപ്പോൾ തീർന്നിരിക്കുന്നു. അതിന്റെ വിവരങ്ങൾ ചുരുക്കമായിട്ടു എഴുതുന്നതു എന്തെന്നാൽ,

ഇവർക്കിനിമേൽ പ്രബലതകൊടുത്തു രക്ഷആക്കിത്തീർത്ത നവാബിനെ നാൾക്കുനാൾ ബലം കുറച്ചും അടുത്തരാജ്യങ്ങളിൽ സുഖവാഴ്‌വായിട്ടു എരിഞ്ഞുവന്ന ദീപങ്ങളെയും അണച്ചു വാഴ്‌മനകളെ പാഴ്‌മനകളാക്കിത്തീർത്തു ആ ദ്രോഹബുദ്ധിയോടും കൂടി ഈ സംസ്ഥാനത്തും കടന്നു ആദിയിങ്കൽ ഉപായമായിട്ടും ക്രമത്താൽ ബലമായിട്ടുംതുടങ്ങി ഇപ്പോൾ സർവ്വസ്വവും നിർമ്മൂലനാശം വരുത്തുന്നതിനായി ഇതാ യത്നംചെയ്തു തുടങ്ങിയിരിക്കുന്നു.

അതിന്റെ വിവരങ്ങൾ വെളിവായിട്ടു എഴുതുന്നതെന്തെന്നാൽ, ഇവിടെനിന്നും ടിപ്പുവുമായുണ്ടായ കലഹത്തിൽ ഇവരെ സഹായത്തിനായി വരിക്കുക നിമിത്തം തല്ക്കാലം ചതിവായിട്ടു മട്ടിച്ചു പത്തുലക്ഷം വരാഹൻ വാങ്ങിക്കൊള്ളുകയുംചെയ്തു. അതിൽപിന്നീടു നയവും ഭയവുംകാട്ടി ആണ്ടൊന്നിനു ആറുലക്ഷം രൂപാവീതം ഇവർക്കു കൊടുക്കണമെന്നും തിരുവിതാംകൂർ സംസ്ഥാനവും കമ്പനിയും രാജ്യവുംഉള്ള കാലംവരെയും അതിൻവണ്ണം വാങ്ങിച്ചുകൊള്ളുകയല്ലാതെ അധികം ഒരു ചക്രംപോലും ചോദിക്കയില്ലെന്നും രാജ്യംഇടപെട്ടു സ്വല്പകാര്യത്തിനുപോലും സംസാരിക്കയില്ലെന്നും ൯൭൦-ാമാണ്ടു മകരമാസത്തിൽ ആണ സത്യം പ്രമാണമായിട്ടു ഉടമ്പടി കടലാസിൽ എഴുതിത്തരികയുംചെയ്തു. അങ്ങിനെ കൊടുത്തുവരുമ്പോൾ ആയതിനും മാററങ്ങളായിട്ടു ഈ രാജ്യത്തിൽ റസിഡന്റിനെയും ഇറക്കി പാർപ്പിച്ചു അവരുടെവകയിൽ മൂന്നു പട്ടാളവും കൊ

* "കത്തിരിവിലാസം" സമാജക്കാരുടെ പുരാതനറിക്കാർട്ടു ശേഖരണസിക്രിട്ടറിയാൽ അയച്ചുതരപ്പെട്ടതു്.

ല്പാനതിറക്കിയതിനെയും സഹിച്ചു സപ്പ്ത്തിനു പാലുകൊടുത്തതുപോലെ അവൎക്കു പാപ്പാൻ ഗോത്തുകളും വീടുകളും കെട്ടിച്ചുകൊടുത്തു നാൾതോറും അവർചെയ്തു വരുന്ന അക്രമപ്രവൃത്തികളെയും സഹിച്ചു പാൎത്തു വന്നു.

അതിൽപിന്നീടു രണ്ടുലക്ഷം രൂപാ കപ്പംകൂട്ടി കൊടുക്കണമെന്നും ആയതല്ലെങ്കിൽ യുദ്ധംചെയ്യുമെന്നും അന്യായമായിട്ടു തുടങ്ങിയാലും അപ്പോഴും വേറിട്ടു യാതൊരുസഹായവും കാണായ്കകൊണ്ടും ദുഷ്കാലഗതിയുടെ ശക്തിയെന്നും നിശ്ചയിച്ചു അവർ പറഞ്ഞതുപോലെ രണ്ടുലക്ഷം രൂപായിനെയും കപ്പംകൂട്ടി കൊടുത്തുവന്നു. ഇപ്പോൾ ആനിലയുംവിട്ടു ഈ രാജ്യത്തുള്ള പുള്ളിപട്ടാളം വഴിയൂട്ടു അന്നസത്രം ആദിയായിട്ടുള്ള സകല സൽക്കൎമ്മങ്ങളും നിൎത്തി ആ വകയിൽ കൂട്ടതലും ഇവൎക്കു കൊടുക്കണമെന്നും രാജ്യകാൎയ്യം ഇടപെട്ടിട്ടുള്ളതൊക്കയും റസിഡണ്ടു മക്കാളിയെ ബോധിപ്പിച്ചു നടത്തണമെന്നുംഉള്ള ചട്ടവട്ടങ്ങൾ തുടങ്ങുകകൊണ്ടും അങ്ങിനെ ഉള്ളതൊന്നും രാജ്യത്തിൽ ഉണ്ടാകാതിരിപ്പാൻ ആകുന്നതും പറഞ്ഞിട്ടും ഭൂമിവരെയും താണുവണങ്ങിയിട്ടും സമ്മതിക്കാതെ ഈ കഴിഞ്ഞ ധനുമാസത്തിൽ നമ്മുടെപേൎക്കു എഴുതിവന്ന കടദാസിൽ നാം ഈ കാൎയ്യങ്ങൾക്കു വികല്പമായിട്ടു തുടങ്ങിയിരിരിക്കകൊണ്ടു നാം ഉദ്യോഗംവിട്ടു നാമും നമ്മുടെ കുടുംബത്തിലുള്ളവരും ഈ രാജ്യംവിട്ടും കമ്പനിരാജ്യത്തിൽചെന്നു പാൎത്തുകൊള്ളുന്നമെന്നും അവിടെ ചെന്നുപാൎത്താൽ യഥാശക്തി മാനം മൎയ്യാദയായി നടത്തിക്കൊള്ളാമെന്നും അതിൽപിന്നീടു രാജ്യകാൎയ്യം ഇടപെട്ടിട്ടുള്ളതൊക്കയും റസിഡണ്ടുമക്കാളി തന്നെ പുത്തനായിട്ടു ചട്ടംകെട്ടി നടത്തിക്കൊള്ളുമെന്നും ആയതിനു താമസം കാണുന്നുവെങ്കിൽ യുദ്ധത്തിന്റെ ആരംഭമാകുന്നുഎന്നും ഇപ്രകാരംഒക്കയും നമ്മുടെപേൎക്കു ഈ വിവരംകണ്ടു തിരുമനസ്സറിയുന്നതിനും കടദാസുകൾ കൊടുത്തയച്ചിരക്കകൊണ്ടും പ്രാണഹാനിവരയിലും വരുമെന്നാകിലും ഇങ്ങിനെ ഉള്ള ജനദ്രോഹത്തിനും രാജദ്രോഹത്തിനും നാം ഉൾപ്പെടുകയില്ലെന്നുംപറഞ്ഞു തള്ളിക്കളകയാൽ അതിൽപിന്നീടു റസിഡണ്ടു മക്കാളി ഈ രാജ്യത്തിനു ഉടയതായിരിക്കുന്ന തിരുമനസ്സിലേയും ശേഷം കാൎയ്യസ്ഥന്മാരെയും ബോധിപ്പിക്കാതെ കടൽവഴി ഏതാനും വെള്ളക്കാരെയും സോൾജരെയും കൊണ്ടുവന്നു കൊല്ലത്തിലിറക്കി അവരുടെ വകയിൽ അവിടെ ഉണ്ടായിരുന്ന സ്ത്രീകളെയും വസ്തുക്കളെയും മറവുടിക്കിൽ ഒതുക്കി അക്രമങ്ങളായിട്ടു ഇപ്പോൾ ഇതാ യുദ്ധം തുടങ്ങിയിരിക്കുന്നു.

ഈ സംസ്ഥാനത്തുനിന്നും ഇവരോടുയുദ്ധംചെയ്യണമെന്നുഇപ്പോഴുംഇതിനുമുമ്പിലുംനിരൂപിച്ചിട്ടില്ലാത്തതുകൊണ്ടും ഇപ്പോൾ ഇവർ ചെയ്തുവരുന്ന അക്രമത്തിനു മുമ്പിട്ടു നില്ക്കയല്ലാതെ പിൻപിച്ചു സംശയിച്ചാൽ അതിൽവച്ചു വരുന്ന വൈഷമ്യങ്ങളെ സാധുക്കളായ ഈ സംസ്ഥാനവാസികൾ സഹിപ്പാനും കാലംകഴിപ്പാനും നിവാഹമുണ്ടായിവരുന്നതല്ലാത്തതും ആകുന്നു.

അതിന്റെ വിവരങ്ങൾ ഇനിയും വെളിവായിട്ടു എഴുതുന്നതെന്തെന്നാൽ,

ചതിവുമാൎഗ്ഗത്തിൽ രാജ്യം അവരുടെ കൈവശത്തിൽ ആക്കുന്നതു് അവരുടെ വംശപാരമ്പൎയ്യമാകുന്നു.

അതിനുമല്ലാ രാജ്യം അവരുടെ കൈവശത്തിൽ ആയാൽ കോയിക്കൽ, കൊട്ടാരം, കോട്ട, പടി, ഉൾപ്പെട്ട സ്ഥലങ്ങളിൽ അവരുടെ വരുതിയും പാറാവും ആക്കിത്തീൎത്തു രാജമുദ്രപലകക. പൌരുഷം ഉൾപ്പെട്ട ബഹുമാനങ്ങളും കുറച്ചു ദേവാലയം ബ്രഹ്മാലയം ബന്ധിച്ചുള്ള ചട്ടവട്ടങ്ങളും നാട്ടുകൂട്ടവുംനിവൃത്തി ഉപ്പുമുതൽ സൎവ്വസ്വവും കുത്തകആക്കിത്തീൎത്തു നിലവരി, തെങ്ങുവരി ഉൾപ്പെട്ട അധികകരങ്ങളും കുടികളിൽ കൂട്ടിവെച്ചു അല്പപിഴയ്ക്കു നീചന്മാരെക്കൊണ്ടു ശിക്ഷയുംകല്പിച്ചു ക്ഷേത്രങ്ങളിൽ കുരിശും കൊടിയും കെട്ടിത്തൂക്കി വൎണ്ണഭേദംകൂടാതെ ബ്രാഹ്മണസ്ത്രീ മുതലായ സംസൎഗ്ഗവും ചെയ്തു യുഗഭേദംപോലെ അധൎമ്മങ്ങളായിട്ടുള്ള ചട്ടവട്ടങ്ങളാക്കിത്തീൎക്കുകയുംചെയ്യും

അങ്ങിനെ ഉള്ളതൊന്നും ഈ രാജ്യത്തിൽ ഉണ്ടാകാതിരിപ്പാനും രാജധൎമ്മത്തെ നടത്തി നാട്ടിലുള്ള മൎയ്യാദയ്ക്കു അഴിവുവരാതെ ഇരിപ്പാനുംവേണ്ടി മനുഷ്യയത്നത്തിൽ ഒന്നു കുറഞ്ഞുപോയി എന്ന അപഖ്യാതി ഉണ്ടാകാതിരിക്കാനായിട്ടു കഴിയുന്നിടത്തോളം ഉള്ള പ്രയത്നങ്ങൾ ചെയ്കയും പിന്നത്തേതിൽ ഈശ്വരാനുഗ്രഹംപോലെ വരുന്നതൊക്കയും സഹിക്കയും ചെയ്യുന്നതു യുക്തമെന്നു നിശ്ചയിച്ചു അവർചെയ്തുവരുന്ന അക്രമത്തിനു ഇപ്പോൾ പ്രതിക്രിയ ആയിട്ടു ചെയ്യേണ്ടിവന്നിരിക്കുന്നു.

എന്നു ൯൮൩-ാമാണ്ടു മകരമാസം ൧-ാംനു- കുണ്ടറവച്ചു ദളവാ കണക്കു തമ്പി ചെമ്പകരാമൻ വേലായുധൻ.

—:0:0:—

# * കൊച്ചുണ്ണിയോടു്.

അഥവാ

## 'ഒരു ചിത്രം'

—*—

(ഗാഥ)

[ശ്രീ. ശങ്കര വാരിയർ.]

പോരുമോ, പൊൻകുഞ്ഞിന്നെൻകയ്യിൽകൊച്ചുണ്ണി
ചാരുവാം നിന്മെയ് തലോടട്ടയോ?
കഷ്ടംകടന്നു നീ കൈതവംകാട്ടുന്ന
തയ്യയ്യോ കഷ്ടമാണെന്നോമനേ,
പൊന്മുഖമൊന്നിങ്ങു പൊന്തിച്ചുനോക്കാതെ
ദുർമ്മുഖംകാട്ടുന്നതെന്തിനാവോ.
മൂളുന്നു മുക്കുന്നു തെല്ലു ഞാനമ്മുന്നു
ണ്ടാളുന്നു കോപരസവുമന്നിൽ.
കൊച്ചുണ്ണിക്കുഞ്ഞേ നീയെന്തേയിന്നിങ്ങോട്ടു
പിച്ചനടന്നുവരാത്തതിപ്പോൾ.
'കോലാറി'ലെപ്പോലെ പുഞ്ചിരിതൂകാതി
ക്കോളിൽക്കഴിക്കുവാൻ മൂലമെന്തോ?
കാലുറയുമിട്ടു കുപ്പായത്തിൽകേറി
കണ്ണുംമിഴിച്ചുനീ നോക്കുന്നെന്തേ?
ചീർപ്പിമിനുക്കിയകുറുനിരതലമുടി
യാകെയനക്കിത്തലകുലുക്കി
ക്കില്ലെന്നോതുന്നമട്ടിൽനീയെന്താണി
തക്കത്തിൽഭാസ്കരനാട്യകാട്ടി?
കൺപോളമെല്ലേവലിച്ചുംകളരവ
മമ്പോടുണ്ടാക്കിയുംവാശിയാന്നും
അധരനോടല്ലാതെയാരോടുംവൈരസ്യ
പുഷരസങ്ങൾനീകാട്ടിക്കൊണ്ടും
പാലും പഴവുമരികിൽ വന്നില്ലെങ്കിൽ
പോലുമതിന്നോട്ടുത്തുണ്ടിയന്നും
ഉള്ളിൽ നേരാഴാതെകുഞ്ഞേ വക്രകയ്യിൽ
മംഗലശീലത്തിൽമഞ്ജുളാംഗ.

*  *  *  *  *  *

അല്ലാ! യിതെന്തൊരത്ഭുതമാംസംഭ്രമം!!
തെല്ലാഞ്ഞു കൈകൾനീകാട്ടിടുന്നു!
കോമളമാംമുഖംപൊന്തിച്ചുകൊണ്ടുനി-
ന്നോമനപ്പല്ലുകളൊട്ടുകാട്ടി
ചില്ലികൾതെല്ലു വളച്ചുംതലയൊന്നു
മെല്ലെയുയർത്തീട്ടുനാവുംനീട്ടി
കോലായിൽനില്ക്കുന്ന നിൻകോലംകണ്ടിട്ടു
കോൾമയിർക്കൊള്ളുന്നോനെൻകൊച്ചുണ്ണീ
വല്ലായ്മയെല്ലാം വലിച്ചെറിഞ്ഞുനീ
യുല്ലാസമാർന്നല്ലോ വാണിടുന്നു.
കാലുകളോരോന്നും വെച്ചുപിടിച്ചുനീ
ചേലുകൾ കാട്ടുന്നകാഴ്ചയെല്ലാം
കാണാൻകഴിഞ്ഞതു കുഞ്ഞിന്റെയൗദാര്യ
മാണെന്നുതന്നെഞാനോർത്തിടുന്നേൻ
പിച്ചനടന്നുണ്ണി കൊഞ്ചനംകാണിച്ചു-
മൊച്ചകൾവച്ചിട്ടും വാപിളർന്നും
മാടിൻപുറമേറി 'മാ-മാ' വിളിച്ചുംനീ
യാടിയുമാഞ്ഞും കളിക്കുന്നല്ലോ.
കാട്ടുകൾകാണിക്കും നിന്നുടെഗോഷ്ടികൾ
കാണുവാൻകൗതുകമാർന്നിടുന്നേൻ.
പച്ചപ്പുല്ലിതിന്നുംമട്ടിൽനീയെന്തിനു
കൊച്ചുണ്ണീനോക്കുന്നു കോമളാംഗ.
കോണിപ്പടിയതിൽ കാലുകൾവെച്ചുകൺ-
കോണൊന്നുതെല്ലുമേലോട്ടുനിന്നു
എന്തുണ്ണയെണ്ണിക്കൊണ്ടാണോഞരമ്മുന്നു
പൊന്തിച്ചു കാലുകൾ മാറിമാറി
തോളിന്മേലേറുമ്പോൾ താളംചവുട്ടിനീ
യാലാപിച്ചീട്ടുമാരാഗമാകെ
പെറവുംമറക്കാതെ മാനസതാരിങ്ക
ലുറവുവെച്ചീട്ടും ഞാൻ വാമമൂർത്തേ.

—o—

# * ഒരു പഴയ തഹശീൽദാർ

—*—

(൧)

ഒരു ഇണ്ടാസ്

൧൦൭൫-ാമാണ്ടു മേടമാസം ൨൯-ാംനു- ഹ ർജിക്കാരന്റെ കുടുംബത്തിൽവച്ചു ഹർജിക്കാരന്റെ അനന്തിരവർ കുഞ്ഞുങ്ങളേയും മക്കൾ കുഞ്ഞുങ്ങളേയും കെട്ടുകല്യാണംനടത്താൻ നിശ്ചയിച്ചിരിക്കുന്നതായും ഇപ്പോൾ രേവതിതിരുനാൾ തിരുമനസ്സുകൊണ്ടു നാടുനീങ്ങിയ നാട്ടുവാലായ്മ ആണെന്നും ഈ അവസരത്തിൽ അടിയന്തിരങ്ങൾക്കു പരിപ്പുവയ്യു, പച്ചടിവയ്യു, പപ്പടംവയ്യു, വാദ്യഘോഷം വയ്യു, എന്നിങ്ങനെ പലരും പലവിധത്തിലും പറയുന്നു എന്നും. നാട്ടുവാലായ്മയുടെ അവസരത്തിൽ എന്തെല്ലാം ആഘോഷങ്ങൾ ആവാം എന്നും എ

---

* അച്ചടിച്ചു പ്രസിദ്ധീകരിക്കുവാനിരിക്കുന്ന 'ബാലലീല' യിൽനിന്നും.

* ഇവയും "കത്തിരിവിലാസ" സമാജസിക്രട്ടറിയുടെ അശ്രാന്തപരിശ്രമങ്ങളാൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതാകുന്നു. വി. പ.

ന്തെല്ലാം വഹിയാ എന്നും തിരിച്ചറിയുന്നതിനു വിവരം തിരിച്ച് ഇണ്ടാസുകിട്ടണമെന്നും ആറവുകാൽ നരസിംഹപിള്ളയെ ബോധിപ്പിച്ച ഹർജിക്കു ആ കാലത്തു ഒന്നാംതഹസ്സീൽദാരായിരുന്നപരമേശ്വരൻ പിള്ള അവർകൾ കൊടുത്തിട്ടുള്ള ഇണ്ടാസ്.

നാട്ടുവാലായ്മ സംബന്ധിച്ച് എന്തെല്ലാം ആഘോഷങ്ങൾ ആവാം എന്നും എന്തെല്ലാം വഹിയാ എന്നും തിരിച്ചറിയുന്നതിനു വിവരം തിരിച്ച് ഇണ്ടാസുകിട്ടേണ്ട സംഗതി ഇടപെട്ട ആറവുകാൽ നരസിംഹപിള്ള ബോധിപ്പിച്ചിട്ടുള്ള രജിസ്റ്റർ ......ാംനമ്പ്ര ഹർജി വായിച്ചു.

നാട്ടുവാലായ്മ എന്നു പറയുന്നതിന്റെ തത്വം മഹാരാജാവിങ്കലും രാജകുടുംബത്തിലുംഉണ്ടാകുന്ന ദുഃഖചിഹ്നങ്ങൾ നാട്ടുകാരായിരിക്കുന്ന ജനങ്ങൾ എത്രത്തോളം പങ്കുകൊള്ളുന്നു എന്നുള്ളതിനെ നിർണ്ണയിക്കുന്നതായ ഒരു കാലമാകുന്നു.

ഹർജിക്കാരന്റെ കുടുംബത്തിൽ ഉണ്ടാകുന്ന സാധാരണ മരണത്തെപ്പററി ഹർജിക്കാരൻ എത്രകാലം ദുഃഖചിഹ്നം ആചരിച്ചിരിക്കുമെന്നും ആ കാലങ്ങൾക്കിടയിൽ എന്തെല്ലാം ആഘോഷചിഹ്നം കുറവുചെയ്യുമെന്നും പറയാതെ ഹർജിക്കാരനു അറിയാവുന്ന കാര്യമാണ്.

അങ്ങനെ ഇരിക്കുമ്പോൾ നാടുവാഴുന്ന തിരുമേനിയുടെ അടുത്ത ഇളമുറസ്ഥാനത്തിൽ എഴുന്നള്ളിയിരുന്ന നാടുനീങ്ങിപ്പോയ രേവതിതിരുനാൾ തിരുമനസ്സിലെ നാട്ടുവാലായ്മയുടെ ഈ പതനത്തിൽ എന്തെല്ലാം ആഘോഷചിഹ്നങ്ങൾ ആവാം എന്നും എന്തെല്ലാം വഹിയാ എന്നും തിരിച്ചറിയുന്നതിനുള്ള ഒരു തോതു ഹർജിക്കാരനു മഹാരാജാവിങ്കലും രാജകുടുംബത്തിങ്കലും എത്രത്തോളംരാജഭക്തിയുണ്ടെന്നു നിർണ്ണയിച്ച് അതിൽനിന്നും എടുക്കേണ്ടതായിരിക്കുന്നു.

ഈ കാര്യങ്ങൾ ഇപ്രകാരം എല്ലാം ഇരുന്നാലും ഹർജിക്കാരനു മഹാരാജാവിങ്കലും രാജകുടുംബത്തിങ്കലുംഎത്രത്തോളംരാജഭക്തിയുണ്ടോ അത്രത്തോളം ആഘോഷചിഹ്നങ്ങൾ ഈ നാട്ടുവാലായ്മയുടെ പതനത്തിൽ കുറവുചെയ്യേണ്ടതെന്നു ഉപദേശിക്കുന്നതിൽ അധികമായി കൂടുതലൊന്നും പറവാൻ ഇല്ലാത്തതും ഈ കാരണങ്ങളോടുകൂടി ഹർജി തള്ളിയിരിക്കുന്നതും ആകുന്നു.

ഒന്നാംതഹസ്സീൽദാർ.................

[൨]

കല്ലുവകപ്പണം ആ താലൂക്കിൽ പിരിവു കുറവായികാണുന്നതിനെപ്പററി തഹസ്സീൽദാർ സമാധാനംബോധിപ്പിക്കണമെന്നു ഉണ്ടായിട്ടുള്ള ഹജൂർ ഉത്തരവിനു ആ തഹസ്സീൽദാർ ബോധിപ്പിച്ച

## സമാധാനം.

ഇവിടത്തെച്ചെയ്തി ആയിതു കല്ലുവകപ്പണം പിരിവിൽ കുറവുള്ളതിനെപ്പററി എന്റെ സമാധാനം ബോധിപ്പിക്കേണ്ട സംഗതികൾ ഇടപെട്ട ഉണ്ടായിട്ടുള്ള ഹജൂർ കണ്ടെഴുത്തു ഡിപ്പാർട്ടുമെൻറുവക......ാമതുനമ്പരിൽ.........മാസം ......ാംനു- ഉണ്ടായിട്ടുള്ള ഉത്തരവു ഇപ്പോൾ കിട്ടിയതു ഞാൻ നോക്കി.

ഞാൻ ഈ താലൂക്കിൽ സ്ഥലം മാറി വന്നതു ൧൦൭൯-ാമാണ്ടു മേടമാസത്തിൽ ആകുന്നു. അതു മുതൽ ഇതുപര്യന്തം ഏറക്കുറെ രണ്ടരസംവത്സരകാലം ആയിട്ടുണ്ട്. ഇതിനിടയ്ക്കു ഈ ഇനത്തിൽ ഞാൻ ൭൦൦൦-ൽ ചില്വാനം പണംവരെ പിരിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ അഞ്ചുസംവത്സരത്തിനിടയിൽ ഇരുന്ന തഹശീൽദാർ ഈ ഇനത്തിൽ ൩൦൦൦-ൽ ചില്വാനം പണം മാത്രമേ പിരിപ്പിച്ചിട്ടുള്ളതായി കണക്കിനാൽ കാണുന്നുള്ളു. ഈ സ്ഥിതിക്കു അഞ്ചുസംവത്സരംകൊണ്ടു ആ തഹശീൽദാർ ഈ കാര്യത്തിൽ ചെയ്തിട്ടുള്ള യത്നവും രണ്ടരസംവത്സരംകൊണ്ടു ഞാൻ ചെയ്തിട്ടുള്ള യത്നവും എത്രത്തോളം ഉണ്ടെന്നു രണ്ടു തുകകളേയും സംക്ഷേത്തു നിന്നും നല്ലപോലെ പരിശോധിക്കുമ്പോൾ പ്രത്യക്ഷത്തിൽ ബോദ്ധ്യപ്പെടാവുന്ന കാര്യം ആകുന്നു. ഈ വക പണങ്ങൾ പിരിക്കുന്നതിനു അനേകം തടസ്സങ്ങൾ നേരിട്ടിരിക്കുന്നു. അതുകളേയും കുറഞ്ഞൊന്നു ഈ അവസരത്തിൽ ബോധിപ്പിക്കാതിരിക്കാൻ നിവൃത്തിയില്ല.

അതായതു്, പുറപ്പെട്ടുപോയവന്റെ പേരിലും അന്യംനിന്നവന്റെ പേരിലും വീടും കുടിയും ഇല്ലാത്തവന്റെ പേരിലും വസ്തുക്കൾ ഇല്ലാത്തവന്റെ പേരിലും പണം തീർക്കേണ്ടവൻ ഇന്നാൾ ആണെന്നു ഒരു വിധത്തിലും കണ്ടുപിടിക്കുന്നതിനു മാർഗ്ഗമില്ലാത്തവന്റെ പേരിലുംനിന്നു ഈ വക പണം ഈടാക്കേണ്ടതായിരിക്കുന്നു. ഡിമാക്കേഷൻ കാലത്തുതന്നെ കൈവിലക്കു വാങ്ങിച്ചു ഇട്ടുപോയി എന്നു ചിലർ വാദിക്കുന്നു. ഏതു വസ്തുക്കളിന്മേലുള്ള കല്ലുകൾക്കാണ് പണം തീർക്കേണ്ടതെന്നു പ്രമാണം ബോദ്ധ്യപ്പെടുത്തിക്കൊടുത്താൽ പണം തീർക്കാമെന്നു ചിലർ തർക്കിക്കുന്നു.

കുത്തകക്കാരന്റെ പക്കൽ നിന്നും കല്ലു സഹായ വിലയ്ക്കു വാങ്ങിച്ചു വസ്തുക്കളിൽ സ്ഥാപിച്ചിരിക്കയാണെന്നും അവന്റെ പക്കൽ പണം കൊടു

ത്തു പ്രമാണം വാങ്ങീട്ടുണ്ടെന്നും വാദം പുറപ്പെടുവിക്കയും പ്രമാണം ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. ഇങ്ങനെ വരുന്ന സംഗതികളിൽ ഈ ക ള്ളഖ അവർ തീർക്കേണ്ടതാണെന്നു അവരെ ബോദ്ധ്യപ്പെടുത്തി അവരെ സമ്മതിപ്പിച്ചു തീർപ്പിക്കുന്നതിലേക്കു ലക്ഷ്യരൂപമായ യാതൊരു റിക്കാർട്ടും ഈ താലൂക്കിൽ ഉള്ളതായി കാണുന്നില്ല. സർവേക്കാർക്കു എഴുതി അയച്ചതിൽ അവർക്കിതിനെപ്പററിയുള്ള വിവരമൊന്നും അറിയാൻ പാടില്ലെന്നു മറുപടി വന്നിരിക്കുന്നു. കണ്ടെഴുത്തുജീവനക്കാർക്കു ഇതിനെപ്പററിയുള്ള വിവരമൊന്നും അറിഞ്ഞുകൂടാ. ഇങ്ങനെയുള്ള ദുർഘടമായ ഈ കാര്യത്തിൽ എത്ര പണംതന്നെ പിരിപ്പിക്കാൻ നോക്കാമെന്നു സംക്ഷത്തു നിന്നും തന്നെ നിൎണ്ണയിക്കേണ്ടതാകുന്നു.

എന്നാൽ വസ്തുക്കളിൽ സ്ഥാപിച്ചതു കഴിച്ചു പകുതിക്കച്ചേരിയുടെ മുററത്തു കൂട്ടിയിരിക്കുന്നതും ബാക്കികിടക്കുന്നതുമായ കല്ലുകളെവിററു പണംഈടാക്കാമെന്നുവച്ചാൽ അതു വിലപ്പോകുന്നില്ല. ഈ കല്ലു ആൎക്കും ആവശ്യവും ഇല്ല; മറെറാരുവക കൈക്കൊള്ളുന്നതും അല്ല.

അതുകൂടാതെയും കുടികൾ തർക്കിക്കുന്നതും മേൽ ബോധിപ്പിച്ചതുമായ സംഗതികളെ എല്ലാം കേട്ടു അതു സംബന്ധിച്ചു പ്രത്യേകമായി ഒരു വിചാരണ നടത്തി ആ വിചാരണക്കുണ്ടാകുന്ന തീർച്ച് അനുസരിച്ചു ഈ പണം പിരിപ്പിക്കാമോ എന്നു നോക്കുന്നതായാൽ അങ്ങിനെ ഉണ്ടാകുന്ന തീർച്ചയിൽ അധികം ന്യായംപണം കുറവു ചെയ്യുന്നതിനു കാണുമല്ലാതെ പിരിക്കുന്നതിനു അധികം ന്യായം കിട്ടുമെന്നു എനിക്കു തോന്നുന്നില്ല. ഇപ്പോൾ കല്ലുവകപണത്തിൽ ഈ താലൂക്കിൽ ഇത്രായിരം പണം മുതലുണ്ടെന്നു ഒരു ഒററക്കണക്കെങ്കിലും കാണുമാനുണ്ട്. അങ്ങിനെ മുതലുണ്ടെന്നു കാണിക്കുന്നതായ തുകയെ വിചാരണ നടത്തി അതിനെ ഇല്ലായ്മചെയ്യുന്നതിനു ചെയ്യുന്ന ശ്രമത്തേക്കാൾ വേറെ ഏതെങ്കിലും കാര്യമായ ജോലികളിൽ പ്രവേശിച്ചു നടത്തുന്നതു സർക്കാർജോലി നടപ്പിനു അനുകൂലപ്രദം ആണെന്നു എനിക്കു തോന്നുന്നതിനാൽ വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ഇച്ചെയ്യട്ടിയെല്ലാം..............................

ഒന്നാംതഹശീൽദാർ.

—*—

# രണ്ടേരണ്ടു വാക്ക്.

—*—

ഒഴിഞ്ഞ മണ്ഡപത്തുംവാതുക്കലെ ഒഴിയാത്ത

## മെംബറോട്.

—o—

(ഒരു ഓാർ.)

മാന്യമഹാജനമകുടമണേ!

താങ്കളുടെ കൂട്ടുകാരിൽ പലരുംചെയ്യേണ്ട ജോലികളും നോക്കേണ്ട വേലകളും എന്തെല്ലാമാണെന്നു വിസ്തരിച്ചും വിവരിച്ചും പലപല ഓാർമാരും പലപല പത്രങ്ങളിലും പലതും പലപ്പോഴും എഴുതിയിരുന്നതു താങ്കളും വായിച്ചുകഴിഞ്ഞിരിക്കുമല്ലോ. അതിൽ ചിലതുകണ്ടപ്പോൾ എനിക്കു സാധിച്ചുകാണ്മാനാഗ്രഹമുള്ള ചില കാര്യങ്ങൾകൂടി ഒരുപത്രംമുഖേന താങ്കളെ അറിയിക്കേണ്ടതു അത്യാവശ്യവും അവസരോചിതവുമാണെന്നു തോന്നുകയാൽ വിദൂഷകനെ മദ്ധ്യസ്ഥനാക്കിക്കൊണ്ടു അവ ഓാരോന്നായി അറിയിച്ചുകൊള്ളുന്നതാകുന്നു. ഞാനും എന്റെ കൂട്ടുകാരും അല്ലാത്തവരുമായ ഓാർമാർ നടന്നും ഇരുന്നും പിന്നെയും നടന്നും പിന്നെയും പിന്നെയുമിരുന്നും ശീമയും നാടനും നാടനും ശീമയും ഒന്നായും വെവ്വേറായും കൂറായും മുൻകൂറായും സഹായിച്ചതുകൊണ്ടു് ഉരുണ്ടുവീഴാതെ ഉരുണ്ടുവീണും തപ്പിത്തടവില്ലാതെ തപ്പിത്തടഞ്ഞും നടുവഴിയിൽ നീന്താതെ നീന്തിയും മോന്താതെ മോന്തിയും അങ്ങട്ടുമിങ്ങട്ടുംകൂടിക്കൊഴ്ച്ച കഴിച്ചും കഴിക്കാതെയും മററും ഒരുവിധം ഭംഗിയായി ചോളിങ്ങു് ഹാളിൽവല്ലവിധത്തിലും വന്നുചേൎന്നു് താങ്കൾക്കു "ഓാം"തന്നിട്ടുള്ള സ്ഥിതിക്കും മറേറക്കക്ഷി അയച്ച വണ്ടിയിൽക്കയറി താങ്കൾക്കു വേണ്ടി വരികയും മറേറക്കക്ഷിയുടെ "ഏശണ്ണ"ന്മാർ വാങ്ങിത്തന്ന കാപ്പിയും കഴിച്ചിട്ടു് താങ്കളുടെ പേരിൽ കുരിശു വരയ്ക്കുകയും ചെയ്തതുകൊണ്ടും ഞങ്ങടെ ആവശ്യങ്ങളെ നിറവേററുന്നതു പ്രത്യേകിച്ചും താങ്കൾക്കു പെരുത്തു പൊരുത്തമായിരിക്കുമെന്നു കരുതിയാണു് ഇത്രമാത്രം താങ്കളെത്തന്നെ അറിയിക്കാമെന്നുവച്ചതു്. ആവശ്യക്കാരായ ഞങ്ങൾ പലതരക്കാരാകയാൽ ആവശ്യങ്ങളും പല തരത്തിലായിരിക്കുമെന്നുള്ളതുകൊണ്ടു് അവയിൽ താല്പര്യക്കുറവു വന്നുപോകരുതെന്നുകൂടി ഒന്നാമതായി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

൧. കഴിഞ്ഞ കന്നിപ്പൂവിലെ കൃഷി കഴിഞ്ഞതോടുകൂടി കൃഷിക്കാരായ പുലയന്മാർ സ്വാമി ബ്രഹ്മാനന്ദന്റെ സിദ്ധാസമാജത്തിലും ശ്രീമാൻ മിഷ്യ

ൻസായിപ്പിന്റെ സത്യഗോദത്തിലും ബാക്കി പല രും വയ്ക്കത്തപ്പന്റെ "സത്യാഗ്രഹ"ത്തിലും ചേൎന്ന ശപാസം പിടിച്ചു തുടങ്ങിട്ടിപ്പോയതുകൊണ്ട് അടുത്ത തവണയെങ്കിലും കൃഷി ചെയ്യേണമെന്നാഗ്രഹിക്കു ന്നതിനാൽ ഇപ്പോൾ മിക്കവാറും തരിശിടേണ്ടി വ ന്നിട്ടുള്ള നിലംമുഴക്കയും മുഴുതു മരമടിച്ചു വിതപ്പിച്ചു തരുവാൻ താങ്കൾക്കു സൌകൎയ്യമില്ലാത്തപക്ഷം അ വിടുത്തെ "കാമ്പൌണ്ടരെ"യെങ്കിലും ഒരിണ കാ ളയുമായി ഇവിടെ അയച്ചു സംഗതി ശരിപ്പെടുത്തി ത്തരണം.

൫. ഇടക്കാലത്തുണ്ടായ ശ്ലോകമെഴുത്തുകാരെല്ലാം ആ രീതിയൊന്നു പരിഷ്ക്കരിച്ചുപരിഷ്ക്കരിച്ചു ഇ പ്പോൾ 'കോക' യെന്നോ 'കാക' യെന്നോ കൈവെ എ ഴുതി ത്തുടങ്ങിയിരിക്കുന്നതു നമ്മുടെ 'പൊട്ളേർ' മ നസ്സിലാക്കി അയാളും ഒരു 'ഖണ്ഡകാവ്യം' എഴുതി അച്ചടിപ്പിച്ചിരിക്കുന്നതിനെ മഹാമഹോപാദ്ധ്യായ ശാസ്ത്രി ശ്രീപണ്ഡിതർ എ. ബി. സി. ടി. പ്പു അ ദ്ധ്യാവത്ത്യാസപാമികളെ കാണിച്ചു ഒരു സർട്ടിഫിക്ക റ്റും വാങ്ങി മുഖവുരയുംഎഴുതിച്ചു ആ അഖണ്ഡാരി ദ്രാനെക്കൊണ്ടുതന്നെ പാഠപുസ്തകമെന്നൊട്ടിമുമ്പാ കെ കെട്ടിയെടുപ്പിച്ചു "അപ്രൂവ്" എങ്കിലും ചെയ്യി ച്ചുവരുത്തിത്തരണം.

൬. നമ്മുടെ വീട്ടുകാരിക്കു ദേഹമാസകലം ചൊ റിപിടിച്ചു രാത്രിയും പകലുമൊരുപോലെ ചൊറി ഞ്ഞും മറിഞ്ഞും കഴിഞ്ഞുകൂട്ടുന്നതിനാൽ ഗ്രഹഛി ദ്രം വർദ്ധിച്ചുവരായിരിക്കുന്നതുകൊണ്ടു അതിന്റെ പരിഹാരത്തിനായി നല്ല ഇഞ്ചതേച്ചു മഞ്ഞൊലി കളുത്തിൽ കളിക്കണമെന്നു 'രാമൻനായർ വൈദ്യ ശാലക്കാരൻ' ഉപദേശിച്ചിരിക്കുന്നതിനാൽ തിരുവ ട്ടാറ്റുനിന്നും ഒരു വണ്ടി ഇഞ്ച വരുത്തിത്തന്നു കൌ ൺസിലിൽ ശോഭിക്കുന്ന മെംബരെന്ന പ്രസിദ്ധി നേട ണം.

൭. കമ്പനിവള്ളവും കമ്പനിത്തൊണ്ടിയും എ റൊട്ടുത്തു ലീപാളികളിച്ചു ഇരുപത്താലാംവ്യാഴത്തി ന്റെ നട്ടുച്ചക്കു പിറന്നവനെന്നു പേരെടുത്ത അ മ്മാവന്റെ മകളേയും പാണിഗ്രഹണംചെയ്തു ബി. എൽ ജയിച്ചുബോർഡുംതൂക്കി ഉള്ളൂർ രാമൻപിള്ളേ ടെകയ്യിൽ ഇൗച്ചുഃക്കാലുംകൈ മാട്ടത്തു പോററിക്ലബ്ബിൽ കടത്തിന ഊണുംകഴിച്ചു അമ്മാവന്റെവഴിനോക്കി പൂജപ്പുരയ്ക്കു കാലുംനീട്ടിയിരുന്നിട്ടു കൌൺസിൽപ്പി ടിച്ചുകൊണ്ടു ഉദ്യോഗത്തിൽകടന്ന അമ്മാവിമുൻസിപ്പി ന്റെ കോടതിയിൽ സാക്ഷിഎഴുതുന്നതിനു നീണ്ട സോമനും കസവുളത്തീയവും കട്ടിക്കാപ്പും ഇന്തുപ്പു കട്ടകണ്ടാണ്ടുളള അന്തസ്സുള്ള ആളെന്നു കോടതി ധരി ക്കാനായി ഒരു ഭാഗവതരേയോ റെട്ടിയേയോ മുതലി യാരേയോ എവിടെന്നിന്നെങ്കിലും അന്വേഷിച്ചുതര ണം.

൮. വണ്ടിപ്പേട്ടയിൽ പമ്പുകടെയ്ക്കുസമീപം ഞാ യറാഴ്ചതോറും നടക്കുന്ന കോഴ്ചപ്പാരൽ കൺട്രോ മെന്റു ചട്ടമ്പിമാർ കൊണ്ടുവരുന്ന കോഴികൾക്കു തന്നെ എന്നും സമ്മാനംകിട്ടിവരുന്നതുകൊണ്ടു ഞ ങ്ങളുടെ എപ്പശസ്സിനും കുഡുംബമഹിമയ്ക്കും തട്ടിയിരി ക്കുന്ന കുറവിനെ അചിരേണ പരിഹരിക്കാൻ ഒരൊ ന്നാന്തരം പോരുകോഴിയെ എവിടെനിന്നെങ്കിലും എഴുതിഅയച്ചു വരുത്തിത്തരണം.

൯. തപ്പാൽക്കടെവു അഞ്ചലാപ്പീസിൽ ചെലവു സാധനം എന്ന സൎക്കാരുദ്യോഗം കൃത്യശ്രദ്ധയോടും ജനക്ഷേമകരമായ വിധത്തിലും വഹിച്ചുവന്ന ക്രു റുംപുഴിക്കാരണവരായ കാളിപ്പിള്ളഅമ്മാവനു വയ സ്സുകാലമാകയാൽ എഴുത്തുകൾ അന്നോടന്നു കൊട്ടു ത്തുതീൎക്കാൻ തരപ്പെടാതെ പരാതികൾ വന്നുതുടങ്ങി യിരിക്കുന്നതുകൊണ്ടു അമ്മാവന്റെ എഴുത്തുകൾ ഉ ടനടൻ ചെലവുചെയ്യാൻ സഹായിക്കാൻ 'മോട്ടർ യൂണിയൻ' കാരോടു ശട്ടംകെട്ടിത്തരണം.

൧൦. വീട്ടിന്റെ അടുക്കളയോടു ചേൎന്നുള്ള ചായ്പു കെട്ടിമേച്ചിൽ കഴിക്കാതെ ചോൎന്നുചോൎന്നു ഇപ്പുഴ ത്തെ മഴകൊണ്ടു അലങ്കോലപ്പെട്ടു കിടക്കുന്നതു ന ന്നാക്കാൻ കുറേ ഓല വാങ്ങി അയച്ചുതരണം.

൧൧. അടുത്ത ചിങ്ങത്തോടുകൂടി ഓഹരിവച്ചു നമ്മു ക്കു കിട്ടാനുള്ള അഞ്ചിടങ്ങഴിക്കണ്ടവും അഞ്ചുമൂട് തെങ്ങും ശരിയായ വിലതന്നു വാങ്ങിച്ചോളാൻ വേ ണ്ട 'ലായും' പരിപ്പുമുള്ള ഒരു വക്കീലിനേയോ 'മേ സ്ത്രി' യേയോ രണ്ടുംകൂടിയുള്ള ആളിനേയോ തിരക്കി എത്രയും വേഗത്തിൽ ഇങ്ങോട്ടയച്ചുതരണം.

൧൨. തയിർ കച്ചവടക്കാരി പാപ്പനങ്കോട്ടെ പാറ് തിഅമ്മയ്ക്കു പഴവങ്ങാടിയിൽ വച്ചു കൂടിയ പ്രേത ത്തെ ഉച്ചാടനം ചെയ്തു ഒഴിച്ചുവിട്ട കുഞ്ഞുക്കണിയാ രെത്തന്നെ ബാധോപദ്രവമുള്ള സ്ഥലങ്ങളിൽ കമ്മി യായി ക്ഷണിച്ചുകൊള്ളണമെന്നു ഇൗ യോഗം നി ശ്ചയിക്കുന്നു എന്നൊരു നിശ്ചയം അടുത്ത ബഡ്ജ റ്റുയോഗത്തിൽ പാസ്സാകണം.

൧൩. കാൺവെന്റിൽ പഠിക്കുന്ന എന്റെ കുട്ടി കൾ ഉച്ചയ്ക്കു ചോറുകൊണ്ടുവച്ചുണ്ണാൻ സൌകൎയ്യ മായ ഒരു സ്ഥലം ചട്ടംകെട്ടിത്തരണം.

തല്ക്കാലം ഇത്രയും ചെയ്താൽ സൎക്കാർഭാഗത്തു നില്ക്കാതെ സദാ ജനപക്ഷത്തു നില്ക്കുകയോ ഇ രിക്കയോ ചെയ്യുന്ന ഒരു അംഗമെന്നുള്ള പേരും കീ ൎത്തിയും താങ്കൾക്കു കിട്ടുന്നതാണു്.

—*—

# പാതിവ്രത്യത്തിൻെറ ഫലം.

ഒരു ചെറുകഥ.

(ഇ-ഉ-അ.)

ഈശ്വരപിള്ള:-ഏമാനെ! എന്താണ് ഇവിടുന്നു ഇങ്ങിനെ വിചാരാക്രാന്തനായിരിക്കുന്നതു്?

ലക്ഷ്മീകാന്തക്ഷ്മാപതി:-പിള്ളേ! ഒന്നും പറയാനില്ല. അസാദ്ധ്യമായ ഒരു കാൎയ്യത്തിലാണ് എൻെറ മനസ്സു ചെന്നു കുടുങ്ങിയിരിക്കുന്നതു്.

പിള്ള:-ഇവിടേക്കു അസാദ്ധ്യമായ വല്ലകാൎയ്യവും ഉണ്ടോ? എന്താണെന്നു കേട്ടാൽകൊള്ളാം. ഏതുകാൎയ്യമായാലും അടിയൻ അതിന്നായി ശ്രമിച്ചുകൊള്ളാം.

ലക്ഷ്മീകാന്തൻ:-പിള്ളയുടെ സാമൎത്ഥ്യവും യുക്തിയും ഇക്കാൎയ്യത്തിൽ ഫലിക്കുമെന്നു തോന്നുന്നില്ല.

പിള്ള:-അങ്ങിനെ വിചാരിക്കരുതു്. കാൎയ്യം സ്ത്രീവിഷയമാണെന്നു അടിയൻ ഇപ്പോൾതന്നെ ഊഹിച്ചുകഴിഞ്ഞിരിക്കുന്നു. ഏതു സ്ത്രീയാണെന്നു മാത്രമേ ഇനി അറിയേണ്ടു.

ലക്ഷ്മീകാന്ത:-കാൎയ്യം വാസ്തവത്തിൽ അതുതന്നെ. പക്ഷെ—എന്താപിള്ളേ! പലവഴിയും ഞാൻതന്നെ ശ്രമിച്ചുനോക്കി. പക്ഷെ അവൾ വഴിപ്പെടുന്നില്ല.

പിള്ള:-എവളാണ് അതു? അത്രധിക്കാരി.

ലക്ഷ്മീകാന്തൻ:-നമ്മുടെ ആനന്ദപുരി ബോൎഡ് സെക്കൻഡറി സ്ക്കൂളിലെ ഹെഡ് മിസ്ട്രസ്സിനെപ്പററിയാണ് ഞാൻ പറയുന്നതു് എന്തുതന്നെ ആയാലും അവൾ വഴിപ്പെടുന്നില്ല.

പിള്ള:-എന്തു! ബോൎഡ് സ്ക്കൂൾ ഹെഡ്മിസ്ട്രസ്സ് ഇവിടേക്കു വഴിപ്പെടുന്നില്ലെന്നോ? ഇവിടുന്നു ബോൎഡ് പ്രസിഡണ്ടായിട്ടുകൂടി അവൾ അനുസരിക്കാത്തതു അവളുടെ കാലക്കേടുകൊണ്ടുതന്നെ ആയിരിക്കണം.

ലക്ഷ്മീകാന്തൻ-അവളെ ഉദ്യോഗത്തിൽനിന്നു പിരിക്കുവാൻ എളുപ്പത്തിൽ സാധിക്കും. പക്ഷെ അതല്ല. കാൎയ്യം സാധിക്കണം. എനിക്കു ഇക്കാൎയ്യത്തിൽ വലിയ ആഗ്രഹമായിരിക്കുന്നു. അവളാണെങ്കിൽ എന്നെ ലേശം ബഹുമാനിക്കുന്നതുമില്ല.

പിള്ള:-ഇവിടുന്നു വിചാരപ്പെടേണ്ട. എല്ലാം നേരെയാകും. ഇന്നുരാത്രി പതിനൊന്നുമണിക്കു ഞാൻ അവളെ ഇവിടെ കൂട്ടിക്കൊണ്ടുവരും. തീൎച്ചതന്നെ.

ലക്ഷ്മീകാന്തൻ:-അത്ര ധൈൎയ്യമായി പറയണ്ട. ഉപായത്തിലൊന്നും വഴിപ്പെടുന്നമാതിരിയല്ല. മിസ്ട്രസ്സ് ഉദ്യോഗത്തിൽനിന്നു പിരിച്ചാലും വേണ്ടതില്ലെന്നാണ് അവളുടെ തീൎപ്പ്.

പിള്ള:-ഇനിയൊന്നും ഇവിടുന്നു അറിയണ്ട. എല്ലാം അടിയൻ ഏററു. അവളും ഞാനും ചാവാതിരിക്കുന്നുണ്ടെങ്കിൽ ഇന്നു രാത്രി ഞാൻ ഇവിടെ കൊണ്ടുവരാതിരിക്കയില്ല കടവുളാണെ.

വൈകുണ്ഠം ഡിസ്ട്രിക്ട് ബോൎഡിലെ പ്രസിഡണ്ടു മിസ്റ്റർ ലക്ഷ്മീകാന്തക്ഷ്മാപതിയെപ്പററി കേട്ടിട്ടില്ലാത്തവർ ദേവലോകത്തു ആരുംതന്നെ ഉണ്ടായിരിക്കുവാൻതരമില്ല. പേരുംപെരുമയും നേടുവാൻ മിസ്റ്റർ ലക്ഷ്മീകാന്തനുള്ള ആഗ്രഹം കുറച്ചൊന്നുമല്ല. ആരുടെ സ്നേഹവും സഹായവും തനിക്കു ആവശ്യമാണെന്നു കാണുന്നുവോ അവരെ സ്വാധീനത്തിലാക്കുവാനുള്ള സാമൎത്ഥ്യം ലക്ഷ്മീകാന്തനു ജന്മസിദ്ധമാണ്. ശ്രീനാരായണൻ, ദേവേന്ദ്രൻ, വിരിഞ്ചൻ, ധൎമ്മരാജാവു എന്നിങ്ങനെയുള്ള ദേവലോകത്തിലെ വലിയ ഉദ്യോഗസ്ഥന്മാരെയെല്ലാം സല്ക്കരിച്ചും കാഴ്ചകൾ സമൎപ്പിച്ചും ലക്ഷ്മീകാന്തൻ സ്വാധീനത്തിലാക്കിയിട്ടുണ്ടു്. പലപ്പോഴും പ്രസിഡണ്ടു അധികാരിവൎഗ്ഗങ്ങളെയെല്ലാം ക്ഷണിച്ചുവരുത്തി ടീപാൎട്ടിയും ഗാൎഡൻപാൎട്ടിയും മററും മററും കഴിച്ചിട്ടുണ്ടു്. ഉദ്യോഗസ്ഥവൎഗ്ഗത്തിനു ഇദ്ദേഹത്തെ വലിയ സ്നേഹമാണ്. ദേവേന്ദ്രനെപ്പോലെ സ്ത്രീജിതന്മാരായ ഉദ്യോഗസ്ഥന്മാരെയും സന്തോഷിപ്പിക്കുവാൻ ലക്ഷ്മീകാന്തൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. പൂൎവ്വികന്മാർ വളരെ ധനംനേടിവെച്ചിട്ടുള്ളതിനാൽ ഈ വകക്കായി പണം ചിലവിടുവാൻ പ്രസിഡണ്ടിനു യാതൊരു ക്ലേശവും ഉണ്ടാകാറില്ല. ഇതിനെല്ലാത്തിനും പുറമെ അദ്ദേഹം ഒരു കവിഞ്ഞ സ്ത്രീലമ്പടനുംകൂടിയാണ്. സ്ത്രീവൎഗ്ഗത്തിൽപെട്ട എല്ലാററിലും അദ്ദേഹത്തിൻെറ മനസ്സ് യാതൊരു തടസ്സവുംകൂടാതെ പതിയാറുണ്ടു്. ബോൎഡിൻെറകീഴിൽ വല്ല ഉദ്യോഗവും ആവശ്യപ്പെടുന്ന സ്ത്രീകൾ അവരുടെ പാതിവ്രത്യത്തെ അദ്ദേഹത്തിനു കാഴ്ചവെക്കേണമെന്നു ഒരു നിയമവും ഉണ്ടു്. എന്നാൽ തനിക്കു ആവശ്യമായിവരുമ്പോൾ വഴിപ്പെടുമെന്നവിചാരത്താൽ അനേകം സ്ത്രീകളെ ഇദ്ദേഹം മിസ്ട്രസ്സ്മാരായി നിയമിച്ചിട്ടുണ്ടു്. പക്ഷെ കാൎയ്യത്തോടടുക്കുമ്പോൾ അവരിൽ മിക്കപേരും അദ്ദേഹത്തിൻെറ അപേക്ഷകളെ നിരസിക്കയാണുചെയ്തതു്. അതിൽ ചിലരെ അപ്പോൾ

തന്നെ ഉദ്യോഗങ്ങളിൽനിന്നു വല്ലകാരണവും സൃഷ്ടിച്ചു, പിരിക്കയും പതിവാണ്. പതിവ്രതഎന്ന ഏകകാരണത്താൽ മിസ്റ്റ്രസ്സ് ഉദ്യോഗം പോയിട്ടുള്ളവരും, ഇനിയും പോകുവാനുള്ളവരുംആയ എത്രയൊ സ്ത്രീകൾ വൈക്കത്തു ഉണ്ടെന്നതു പരസ്യമായ രഹസ്യമാണ്.

ഈക്കാര്യത്തിൽ ലക്ഷ്മീകാന്തന്റെ ദൌത്യംവഹിക്കുന്നതു ചില കൺട്രാക്ടർമാരാണ്. ബോർഡിന്റെകീഴിലുള്ള നിരത്തുകളും പാലങ്ങളും മററും കരാറെടുക്കുന്നവരിൽ മിക്കപേരും പ്രസിഡണ്ടിന്റെ മൃഗീയമായ ആഗ്രഹനിവൃത്തിക്കായി പരിശ്രമിക്കുന്നവരായിരിക്കും. തങ്ങളുടെ അഭ്യുദയത്തിന്നായി ഈ കൺട്രാക്ടർമാർ പല നയോപായങ്ങളാലും അനേകം സ്ത്രീകളെക്കൊണ്ടു അവരുടെ പാതിവ്രത്യത്തെ പ്രസിഡണ്ടിന്റെ "തൃപ്പാദങ്ങളിൽ" അർപ്പിച്ചിട്ടുണ്ട്. ചിലർ തങ്ങളുമായി രക്തബന്ധമുള്ള തരുണികളെപ്പോലും ഇതിന്നായി ഉപയോഗിക്കാറുണ്ടെന്നു കേൾക്കുമ്പോൾ ആരുടെ രക്തമാണ് തിളച്ചുകയറാത്തത്. അഹൊ! ധനം! ധനം! പണമെ! നിന്റെപേരിലുള്ള മോഹംനിമിത്തം എന്തെല്ലാം അന്യായകർമ്മങ്ങൾ ഓരോരുത്തർ പ്രവർത്തിക്കുന്നു. ലജ്ജാവഹം! ലജ്ജാവഹം!

മുൻപറഞ്ഞ കൂട്ടത്തിലുള്ള ഒരു കൺട്രാക്ടരാണ് ഈശ്വരപിള്ള. ഇയാൾ പ്രസിഡണ്ടിന്റെ ഒരു ഉററമന്ത്രിയാണ്. ജീവസന്ധാരണത്തിന്നായി വല്ല ഉദ്യോഗവും കിട്ടിയാൽകൊള്ളാമെന്നു ആഗ്രഹിക്കുന്ന ചുരുങ്ങിയ പതിവുകാരായ സ്ത്രീകളെ വശീകരിച്ച് പ്രസിഡണ്ടിന്റെ അടുക്കൽ കൊണ്ടുപോയി കാഴ്ച വെക്കുന്നതിൽ ഇയാൾ അദ്വിതീയനാണ്. ഈയാളും പ്രസിഡണ്ടും തമ്മിൽ നടത്തിയ ഒരു സംഭാഷണത്തെയാണു ഈ കഥയുടെ ആരംഭത്തിൽ കുറിച്ചിരിക്കുന്നത്. ആനന്ദപുരിബോർഡ്സ്കൂൾ ഹെഡ് മിസ്റ്റ്രസ്സ് ശ്രീമതി കമലാംബാൾ നല്ല തന്റേടക്കാരിയും കൃത്യനിഷ്ഠയും, മാനമര്യാദയും ഉള്ള ഒരു സ്ത്രീരത്നവുമാണ്. കണ്ടാൽ അതിസുന്ദരിയുംകൂടിയാണു. കമലാംബാൾക്കു ഇരുപത്താറുവയസ്സു പ്രായമായിട്ടുണ്ടെങ്കിലും ഇതുവരെ കല്യാണം കഴിഞ്ഞിട്ടില്ല.

മിസ്റ്റ്രസ്സ് ഉദ്യോഗത്തിന്നായി ഹർജി അയച്ചപ്പോൾ, സാധാരണപോലെ പ്രസിഡണ്ട് നേരിട്ട് ഹാജരാകുവാൻ ആ സ്ത്രീക്കു കല്പനകൊടുത്തു. ആദ്യദർശനത്താൽതന്നെ പ്രസിഡണ്ട് ആ വധൂരത്നത്തിൽ അതിയായി ഭ്രമിച്ചുവശായിയെങ്കിലും സാവധാനത്തിൽ തന്റെ ആഗ്രഹം അവളെ അറിയിക്കാമെന്നു വിചാരിച്ച് ഉടനെതന്നെ ഉദ്യോഗംകൊടുത്തു. എന്നാൽ പിന്നീട് പ്രസിഡണ്ട്" ചെയ്ത അപേക്ഷകളെ നിസ്സംശയം, നിർഭയം, ആ തരുണീമണി നിരസിച്ചുവെന്നുമാത്രമല്ല അകാരണമായി തന്റെ വാസസ്ഥലത്തോ, സ്കൂളിലോ പ്രസിഡണ്ട് ചെല്ലുന്നതായാൽ ശിപായിയെക്കൊണ്ടു പുറത്തുതള്ളിക്കുമെന്നുകൂടി പറയുകയാണുണ്ടായത്. ഇച്ഛാഭംഗപ്പെട്ട പ്രസിഡണ്ട് ഇനി എന്താണ് വേണ്ടതെന്നാലോചിച്ചുകൊണ്ടു മുസാവരിബംഗളാവിൽ ഇരിക്കുമ്പോഴാണ് ഈശ്വരപിള്ള അവിടെ ചെന്നതും കാര്യം താൻ സാധിച്ചുതരാമെന്നേററുപോയതും. ഈശ്വരപിള്ള നേരേ ചെന്നതു സ്കൂളിലേക്കായിരുന്നു. ഇയാളുടെ പ്രവൃത്തി ഇന്നതാണെന്നു എല്ലാവർക്കും നിശ്ചയമുണ്ടായിരുന്നതിനാൽ ഇയാളെ കണ്ടക്ഷണത്തിൽ ശാരദാംബാൾക്കു കാര്യം മനസ്സിലായി. എങ്കിലും പിള്ളക്ക് ആ തരുണിയോടു ചിലതു സ്വകാര്യമായി പറയുവാനുണ്ടെന്നു പറഞ്ഞപ്പോൾ അതിനു അനുവദിക്കാതിരുന്നില്ല. പിള്ള തന്റെ ഉദ്ദേശകാര്യത്തിൽ സംസാരവിഷയത്തെകൊണ്ടുചെന്നു ഘടിപ്പിക്കത്തക്കവിധത്തിൽ മററുചില കാര്യങ്ങളെക്കുറിച്ച് സംസാരിച്ചുതുടങ്ങി. അപ്പോൾ ശാരദാംബാൾ "പിള്ളെ! എന്തിനാണ് ഇങ്ങനെ വളച്ചുതിരിച്ച് സംസാരിക്കുന്നത്. നിങ്ങൾ ഇവിടെ വന്നതു എന്തുദ്ദേശത്തോടുകൂടിയാണെന്നു ഞാൻ ഊഹിച്ചുകഴിഞ്ഞിരിക്കുന്നു. ഉദ്യോഗത്തെക്കാൾ മാനമാണ് എനിക്കു വലിയതായിട്ടുള്ളതെന്നു പ്രസിഡണ്ടിനോടു പറയുക. ഇനി ഈ കാര്യത്തിന്നായി ആരെങ്കിലും എന്റെ അടുക്കൽ വരുന്നതായാൽ എന്താണ് പ്രവർത്തിക്കേണ്ടതെന്നു എനിക്കറിയാം. ഇത്തവണ ഞാൻ നിങ്ങൾക്കു മാപ്പുതന്നിരിക്കുന്നു. ഉടനെ ഇവിടെനിന്നു പോകുക" എന്നു വളരെ ഗൌരവത്തോടും ദേഷ്യത്തോടുംകൂടി പറഞ്ഞു

ഇങ്ങനെയുള്ള കാര്യങ്ങളിൽ തന്നെപ്പോലെ സാമർത്ഥ്യത്തോടുംകൂടി പ്രവൃത്തിച്ച് ഫലിപ്പിക്കുവാൻ അധികം ആളുകൾക്കു പ്രാപ്തിയില്ലെന്നു വിചാരിച്ചിരുന്ന പിള്ളക്കു എന്തെന്നില്ലാത്ത ഇച്ഛാഭംഗവും ലജ്ജയുംതോന്നി. ഇനി എന്താണ് ചെയ്യേണ്ടതു്. പ്രസിഡണ്ടിനുകൊടുത്ത വാഗ്ദത്തത്തെ ഇനി എങ്ങനെ നിറവേററും! കാര്യം സാധിക്കയില്ലെന്നു പറഞ്ഞു മടങ്ങിയാൽ അദ്ദേഹം എന്തുവിചാരിക്കും! തന്റെ പേരിലുള്ള തൃപ്തിയും സ്നേഹവിശ്വാസവും പോകില്ലെ! വരുന്നകൊല്ലം തനിക്കു കരാറുതരാതിരുന്നാലോ. എന്നിങ്ങനെയുള്ള പലവിധവിചാരങ്ങളായിരുന്നു പിള്ളയുടെ മനസ്സിൽകൂടി അതിവേഗം ആ സമയത്തുകടന്നുപോയതു. വിഷണ്ണനായിപിള്ളപ

റത്തുകടന്നു സ്കൂളിന്റെ പടിക്കൽചെന്നു ചിന്താമഗ്നനായി നിലകൊണ്ടു സ്വല്പം കഴിഞ്ഞപ്പോൾ ആ സ്കൂളിലെതന്നെ ഒരു അസിസ്റ്റൻട് മിസ്ട്രസ്സായ ശ്രീമതി കോമളവല്ലി അമ്മാൾ അവിടെ എത്തി. പ്രസിഡണ്ട് ശാരദാംബാളിൽ അതിയായി ഭ്രമിച്ചുവശായിട്ടുണ്ടെന്നും, എന്നാൽ ആ സ്ത്രീ പ്രസിഡണ്ടിന്റെ ഇഷ്ടത്തിനു വഴിപ്പെടുന്നില്ലെന്നും മററുമുള്ള കാര്യങ്ങൾ ഏറെക്കുറെ ഈ സ്ത്രീ ഗ്രഹിച്ചിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല ഈവക കാര്യങ്ങളിൽ പ്രസിഡണ്ടിന്റെ ദൂതൻ പിള്ളയാണെന്നും അവർ അറിഞ്ഞിരുന്നു. അതിനാൽ പിള്ള ചിന്താമഗ്നനായി അവിടെ നില്ക്കുവാനുണ്ടായ കാര്യം ഇന്നതായിരിക്കുമെന്നു ആ സ്ത്രീ ക്ഷണത്തിൽ ഊഹിച്ചു. ഈ അവസരത്തെ വൃഥാവിൽ കളയരുതെന്നും അവർ തീർച്ചയാക്കി. പണത്തിൽ അത്യാഗ്രഹമുള്ള കോമളവല്ലി അമ്മാൾ സ്വല്പവല്ല ഗുണവും സിദ്ധിക്കുമെന്നു കണ്ടാൽ എന്തു പാപകർമ്മവും യാതൊരു കൂസലും കൂടാതെ ചെയ്യും. പാതിവ്രത്യത്തിന്റെ അനുപമമഹിമ എന്താണെന്നുതന്നെ അവർ അറിഞ്ഞിട്ടില്ല. അറിഞ്ഞിരുന്നുവെങ്കിൽതന്നെ അതിനെ അവർ വിലവെച്ചിട്ടുമില്ല. പണത്തിനേക്കാൾ വലുതും മഹിമയേറിയതും ആയി യാതൊന്നും ഇല്ലെന്നാണ് അവരുടെ ദൃഢമായ വിശ്വാസം. സ്വൈരാനുസൃതം ചിലവു് ചെയ്യാൻ വേണ്ടിടത്തോളം പണം കൊടുക്കുന്ന ആരുടേയും ആഗ്രഹനിവൃത്തി—മൃഗീയമായ ആഗ്രഹനിവൃത്തി—വരുത്തിക്കൊടുക്കുവാൻ അവർ സദാ തെയ്യാറാണ്. പരിഷ്കാരത്തിൽ വസ്ത്രാഭരണങ്ങൾ ധരിക്കയും യാതൊരു ബുദ്ധിമുട്ടുംകൂടാതെ നിത്യത കഴിക്കയും ചെയ്യേണമെന്നു മാത്രമേ അവർക്ക് ആഗ്രഹമുള്ളു. ഇതുതന്നെയാണ് ജീവിതോദ്ദേശ്യമെന്നും അവർ ധരിച്ചിട്ടുണ്ട്. തന്നെക്കണ്ടു ഭ്രമിക്കുന്ന പുരുഷന്മാരുടെ എണ്ണം വർദ്ധിക്കുന്നതു അഭിമാനമാണെന്നുംകൂടി അവർക്ക് വിചാരമുണ്ട്. ഈ തരത്തിലുള്ള സ്ത്രീകളുടെ കീഴിൽ വിദ്യാഭ്യാസത്തിന്നായി അയക്കുന്ന ബാലികമാരുടെ സ്വഭാവസംസ്കരണം ഏതു തരത്തിലുള്ളതായിരിക്കുമെന്നു മാന്യവായനക്കാർതന്നെ ആലോചിച്ചുകൊള്ളുക.

പിള്ളയുടെ അടുത്തെത്തിയ ഉടനെ കോമളവല്ലി ഒരു മന്ദഹാസത്തോടുകൂടി "എന്താ! പിള്ളേ! വിചാരമഗ്നനായി നില്ക്കുന്നതു" എന്നു ചോദിച്ചു.

പിള്ള:-ഒന്നുമില്ല. ഒരു കാര്യത്തിന്നായി വന്നു. പക്ഷേ ശകുനം പിഴച്ചു.

കോമളവല്ലി:-കാര്യം എന്താണെന്നു എനിക്കു മനസ്സിലായി. അസാദ്ധ്യമായ കാര്യങ്ങളെക്കുറിച്ച് പ്രസിഡണ്ട് ഇങ്ങിനെ വേദനപ്പെടുന്നുവല്ലോ.

പിള്ള:-അതുപറഞ്ഞിട്ടു ഫലമില്ല. ആ സ്ത്രീയിൽ അവിടുക്കു എന്തോ നല്ല ഭ്രമം കടന്നുകൂടീട്ടുണ്ട്.

കോമളവല്ലി:-അതു അവരും മനസ്സിലാക്കീട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് അവർ ഇത്ര പദവി നടിക്കുന്നതും.

പിള്ള:-അങ്ങിനെതന്നെയാണെന്നാണ് എനിക്കും തോന്നുന്നതു്. ഇനി ഞാൻ അവിടെ ചെന്നാൽ എന്താണ് പറയേണ്ടതു. അതു വിചാരിച്ചിട്ടാണ് ഞാൻ ഭയപ്പെടുന്നതു്.

കോമളവല്ലി:-അതിരിക്കട്ടെ! എനിക്കു എന്റെ നാട്ടിലേക്കുതന്നെ മാററം കിട്ടിയാൽ കൊള്ളാം ഇല്ല. അവിടെയും ഒരു ഗേൾസ് സ്കൂൾ ഉണ്ടല്ലോ. അവിടെയായാൽ എനിക്കു വളരെ ആദായം ഉണ്ടാകും. പ്രസിഡണ്ടിനോടു പറഞ്ഞു ആ കാര്യം ഒന്നു നേരാക്കിത്തരാൻ ശ്രമിക്കാമോ?

ഇതു കേട്ടപ്പോൾ പിള്ളക്കു കുറെ ആശ്വാസമായി. തൽക്കാലത്തേക്കു പ്രസിഡണ്ടിന്റെ അപ്രീതികൂടാതെ കഴിക്കുവാൻ ഇതു ഒരു വഴിയായി എന്നു അയാൾക്കു തോന്നി.

പിള്ള:-ഓ- അതെല്ലാം ഞാൻ പറഞ്ഞു ശരിയാക്കിക്കൊള്ളാം. പക്ഷെ നിങ്ങളും നേരിട്ടുചെന്നു കാണുന്നതു കുറേക്കൂടി നന്നായിരിക്കും.

കോമളവല്ലി:- ഞാൻചെന്നു കാണാമല്ലോ എപ്പോഴാണ് അദ്ദേഹത്തിനു സൌകര്യം.

പിള്ള:-അദ്ദേഹത്തിനു എപ്പോഴും ജോലിത്തിരക്കുതന്നെ. എന്താ നിങ്ങൾതന്നെ ആലോചിച്ചുനോക്കിൻ. ഒരു ജില്ലയിലെ കാര്യംമുഴുവനും നോക്കണ്ടെ. അതിലകത്തു എത്ര വലിയ ഉദ്യോഗസ്ഥന്മാരാണ് കാണാൻ വരുന്നതു. അവരെയെല്ലാം യഥായോഗ്യം സല്ക്കരിക്കണം. ദിവസേന എത്ര എഴുത്തുകളാണ് പലദിക്കിൽനിന്നുംവരുന്നതു്. അതുകൾ വായിക്കുക മറുപടിക്കു കുറിപ്പ് എഴുതി ഗുമസ്തന്മാരുടെ കയ്യിൽ കൊടുക്കുക. എന്തിനു പറയുന്നു. അദ്ദേഹത്തിനു ഒരു സെക്കൻറുസമയം ഒഴിവില്ല. അതുകൊണ്ടു മററുപ്രവൃത്തികളെല്ലാംകഴിഞ്ഞു വിശ്രമിക്കുന്ന അവസരത്തിൽ നിങ്ങൾ ചെല്ലുന്നതായിരിക്കും നല്ലതു്. രാത്രി പതിനൊന്നുമണിക്കായാലോ.

കോമളവല്ലി:-(ചിരിച്ചുകൊണ്ടു) പിള്ളേ! കാര്യം എനിക്കു മനസ്സിലായി. പതിനൊന്നുമണിക്ക് അങ്ങോട്ടുചെല്ലുവാൻ പറഞ്ഞതിന്റെ ഉദ്ദേശം എന്താണെന്നു പ്രത്യക്ഷമാണ്. ശരി. എനിക്കു വിരോധമില്ല. ഞാൻ വരാം. പക്ഷെ കാര്യമെല്ലാം

ഇപ്പോൾതന്നെ നിങ്ങൾ അദ്ദേഹത്തോടുപറയണം.

പിള്ള:-ഓ. അതെല്ലാം ഞാനേററു. പിന്നെ നിങ്ങൾ അവിടെചെന്നാൽ അദ്ദേഹത്തോടു ഒരക്ഷരം പോലും സംസാരിക്കരുതു്. അദ്ദേഹവും നിങ്ങളോടു യാതൊന്നും ചോദിക്കില്ല. ഫലം എന്താണെന്നു നാളെ അറിയാം. പോരെ?

കോമളവല്ലി:- മതി. എന്റെ നാട്ട് ശെന്നപുരിയെന്നറിയില്ലെ. അവിടേക്കാണു എനിക്കു മാററം കിട്ടേണ്ടതു്.

എന്നുപറഞ്ഞുകൊണ്ട് കോമളവല്ലി അമ്മാൾ സ്ക്കൂളിലേക്കും പിള്ള സന്തോഷഭരിതനായി പ്രസിഡണ്ടിന്റെ സന്നിധിയിലേക്കും പോയി. ഇവർ സംസാരിക്കുന്നതു ശാരദാംബ തന്റെ ആപ്പീസുമുറിയിൽനിന്നു കണ്ടിരുന്നു. കോമളവല്ലിയുടെ സ്വഭാവം ഏതുതരത്തിലുള്ളതാണെന്നു മുമ്പുതന്നെ ശാരദാമ്മാൾ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ടായിരുന്നതിനാൽ അവരുടെ സംസാരം എന്തായിരിക്കുമെന്നും മററും ആ സ്ത്രീ ഊഹിച്ചുകഴിഞ്ഞിരുന്നു.

പിള്ള നേരേ ചെന്നതു പ്രസിഡണ്ടിന്റെ അടുക്കലേക്കുതന്നെ ആയിരുന്നു. അയാളുടെ വരവും പ്രതീക്ഷിച്ചുകൊണ്ടു അക്ഷമനായി ലക്ഷ്മീകാന്തക്കുറുപ്പതി ഇരിക്കുന്നുണ്ടായിരുന്നു. പിള്ളയുടെ മുഖത്തു സന്തോഷവും സംതൃപ്തിയും പ്രകാശിച്ചുകൊണ്ടിരുന്നതിനാൽ കാര്യം ഫലിച്ചുവെന്നു പ്രസിഡണ്ടിനുതോന്നി. പിള്ളയെ കണ്ടക്ഷണത്തിൽ അദ്ദേഹം ചാടിഎഴുന്നീററു "എന്താപിള്ളെ! കാര്യം സഫലമായോ" എന്നുചോദിച്ചു.

പിള്ള:-ഞാൻപോയാൽ ഫലിക്കാതിരിക്കുമൊ. എല്ലാം റെഡി. റെഡി ആയിരിക്കുന്നു.

പ്രസി:-ഭേഷ് പിള്ള ആൾ സമത്ഥൻ തന്നെ.

പിള്ള:-പിന്നെ ഒരുകാര്യം ഉണ്ടു്. ഇന്നുരാത്രി പതിനൊന്നുമണിക്ക് ഇവിടെഎത്തും. പക്ഷെ അവൾക്കു ലജ്ജയുള്ളതിനാൽ ഇവിടുന്നു യാതൊന്നും അവരോടു ചോദിക്കരുതെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ടു്. ഇവിടുന്നു ഒരക്ഷരംപോലുംസംസാരിക്കരുതു്. കാര്യംമാത്രം.

പ്രസി:-വേണ്ടില്ല. അതു നല്ലതുതന്നെ. സ്ത്രീകൾക്കു അലങ്കാരം ലജ്ജയാണല്ലൊ. ഞാൻ യാതൊന്നും പറയില്ല.

പിള്ള:-പിന്നെ അവൾക്കു ശെന്നാപുരിക്കു മാററംകിട്ടിയാൽ വേണ്ടില്ലെന്നു പറഞ്ഞിരിക്കുന്നു. ഇവിടത്തെക്കാൾ അവിടെയാണത്രെ അവൾക്കു സുഖം.

പ്രസി:- അതിനെന്താ, നാളെത്തന്നെ കല്പനഅയക്കാം.

പിള്ള അപ്പോൾതന്നെ യാത്രപറഞ്ഞു പിരിഞ്ഞു. സന്തോഷനിമഗ്നനായ പ്രസിഡണ്ടു് ആ നിമിഷംമുതൽ സങ്കല്പസുഖത്തിൽമുഴുകിത്തുടങ്ങി. നേരം പതിനൊന്നുമണി യാവുന്നതുവരെ കഴിച്ചുകൂട്ടുന്നതു ദുസ്സഹമായി അദ്ദേഹത്തിനുതോന്നി. വൈകുന്നേരം സ്ക്കൂൾവിട്ടു വീട്ടിൽ മടങ്ങിഎത്തിയമുതൽ കോമളവല്ലിയുടെ വിചാരം ഏതുരീതിയിലാണു പുറപ്പെടേണ്ടതെന്നായിരുന്നു. ജാക്കററും 'ചേലയും' ഏതുതരം വണ്ണത്തിലായിരിക്കേണമെന്നും, തലമുടി നടുവിൽ കൂടിയൊ, ഒരരികിൽകൂടിയൊ പകുത്തു ചീകിമിനുക്കേണ്ടതെന്നും, ഏതുതരത്തിലുള്ള വാസനദ്രവ്യങ്ങളാണു് ഉടുപ്പിലും മററും "പൂശേണ്ട"തു എന്നും മററുമുള്ള ആലോചനയിൽതന്നെ ആ യുവതി നേരം പോക്കി- അവസാനം ഒരുവിധത്തിൽ എല്ലാം തീർച്ചയാക്കി കൃത്യം പതിനൊന്നുമണിക്കു ഏകയായി പ്രസിഡണ്ടു് താമസിച്ചിരുന്ന മുസാവരിബങ്കളാവിലേക്കു യാത്രയായി.

പ്രസിഡണ്ടു ഉമ്മരത്തുതന്നെ കാത്തുനിന്നിരുന്നു. പക്ഷെ വെളിച്ചം ഉണ്ടായിരുന്നില്ല. ആ സ്ത്രീയെ കണ്ടഉടനെ ലക്ഷ്മീകാന്തൻ മതിമറന്നോടിച്ചെന്നു അവരുടെ കൈപിടിച്ചു മുറിക്കകത്തേക്കു കൂട്ടിക്കൊണ്ടുപോയി. പുലച്ചെ നാലുമണിസമയത്തു കോമളവല്ലി സ്വന്തം വാസസ്ഥലത്തേക്കുതന്നെ മടങ്ങി. അതുവരെ പ്രസിഡണ്ടും ആ അമ്മയുംതമ്മിൽ ഒരക്ഷരംപോലും സംസാരിക്കയുണ്ടായില്ല. പിള്ളയുടെ നിശ്ചയം അങ്ങിനെ ആയിരുന്നുവല്ലൊ. പിരിയുന്നഅവസരത്തിൽ കോമളവല്ലിഅമ്മാൾ "എനിക്കു ശെന്നപുരിക്കു മാററംകിട്ടിയാൽ വേണ്ടില്ല"എന്നു വളരെ താണസ്വരത്തിൽ പറഞ്ഞതിനു പ്രസിഡണ്ടു് "അതിനെന്താവിരോധം. ഇന്നുതന്നെ കല്പനഅയക്കാം"എന്നു മറുവടി പറയുകയുംചെയ്തു. രണ്ടുപേരും ഉദ്ദേശകാര്യം ഫലിച്ചുവെന്നു വിചാരിച്ചു സന്തോഷിച്ചു.

അന്നുകാലത്തു പത്തുമണിക്ക് ഹെഡ്മിസ്ട്രസ്സ് ശാരദാംബാൾ തന്റെ ആഫീസ്മുറിയിൽ ഇരിക്കയായിരുന്നു. കോമളവല്ലിഅമ്മാളും അപ്പോൾ അവിടെതന്നെ ഉണ്ടായിരുന്നു. ആ സമയത്തു പ്രസിഡണ്ടിന്റെ ഒരു ശിപായി നീളത്തിലുള്ള ഒരു ലക്കോട്ടുകൊണ്ടുചെന്നു ശാരദഅമ്മാൾവശംകൊടുത്തുപോയി. ശാരദാംബാൾ അതു പൊളിച്ചു വായിച്ചപ്പോൾ ആയമ്മക്കു ആശ്ചര്യവും സന്തോഷവും ഒന്നായിത്തന്നെ ഉണ്ടായി. അതിൽ ഇങ്ങിനെ എഴുതിയിരുന്നു.

ആനന്ദാപുരി ബോർഡ് ഗേൾസ് സ്കൂൾ
ഹെഡ്മിസ്ട്രസ്സിന്നു

നിങ്ങളെ ശെന്നാപുരി ബോർഡ് സ്കൂൾ ഹെഡ്മിസ്ട്രസ്സായി സ്ഥലം മാററിയിരിക്കുന്നു. അവിടത്തെ ഹെഡ്മിസ്ട്രസ്സിനെ ആനന്ദപുരിക്കും നിശ്ചയിച്ചിരിക്കുന്നു. നിങ്ങളുടെ ശമ്പളം ൩൦– ക. യിൽനിന്നു ൭൦–ക. യും ആക്കിയിരിക്കുന്നു. ഈ കല്പന കിട്ടിയ ഉടനെ ശെന്നാപുരി സ്കൂളിൽ ചെന്നു ജോലിയിൽ പ്രവേശിച്ചു അവിടത്തെ മിസ്ട്രസ്സിനെ ആനന്ദപുരിക്കയക്കേണ്ടതാണ്. അതുവരെ ഇവിടത്തെ ഹെഡ്മിസ്ട്രസ്സ് ജോലി അസിസ്റ്റന്റ് മിസ്ട്രസ്സ് നോക്കേണ്ടതാണ്.

ലക്ഷ്മീകാന്തവിഷ്ണുപതി (ഒപ്പ്)

വൈകുന്ദം ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ട് ശാരദാംബാൾ ഈ കല്പന കോമളവല്ലിവശം കൊടുത്തു. ആ സ്ത്രീ അതു വായിച്ച് അന്ധാളിച്ചുപോയി. ശാരദാംബാൾ പുഞ്ചിരിയോടുകൂടി കോമളവല്ലിയോടു ഇങ്ങനെ പറഞ്ഞു. "സോദരി ഞാൻ പറയുന്നതിൽ പരിഭവം തോന്നരുത്. ഇന്നലെ നടന്ന സംഗതികൾ എന്താണെന്നു ഞാൻ അറിഞ്ഞിരിക്കുന്നു. ന്യായത്തിനും, സത്യത്തിനും ദൈവം എപ്പോഴും അനുകൂലിയാണെന്നും അനൎഹമായ പ്രവൃത്തികളെ ദൈവം അനുകൂലിക്കുന്നതല്ലെന്നും ഇനിയെങ്കിലും അറിഞ്ഞുകൊൾക. പ്രസിഡണ്ടിന്റെ നീചമായ ആഗ്രഹത്തിന്നു ഞാൻ വഴിപ്പെടാതിരുന്നതിന്നു എനിക്കു കിട്ടിയ കൂലി ഇതാ പത്തുരൂപ്പിക ശമ്പളക്കയററമാണ്. ഭവതിയുടെ ആഗ്രഹം ഇപ്പോൾ എന്തായി. ഇതു ദൈവം വരുത്തിയതാണ്. ഇനിമേലെങ്കിലും ഭവതി സത്യനിഷ്ഠയോടുകൂടിയിരിക്കുവാൻ ഞാൻ ഉപദേശിക്കയും അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു."

അപ്പോൾതന്നെ ശാരദാംബാൾ റിക്കാർട്ടുകളും മററും കോമളവല്ലിയെ ഏല്പിച്ചു ശെന്നാപുരിക്കു പോയി. ഇങ്ങനെ ഒരബദ്ധം പററിയതു എങ്ങനെയാണെന്നു വായനക്കാർ ഊഹിച്ചുകഴിഞ്ഞിരിക്കുമല്ലോ. ഇതെല്ലാം പിള്ളയുടെ വാക്കുകളിൽനിന്നു പിണഞ്ഞ അബദ്ധമാണ്. അയാൾ കോമളവല്ലിയോടും പ്രസിഡണ്ടിനോടും അന്യോന്യം യാതൊന്നും സംസാരിച്ചുപോകരുതെന്നു ശട്ടംകെട്ടിയതു തൽക്കാലം പ്രസിഡണ്ട്, തന്റെ അടുക്കൽവന്നതു ശാരദാംബാളാണെന്നു ധരിക്കുവാനായിട്ടാണ്. പിന്നീടു സാവധാനത്തിൽ വാസ്തവസംഗതികൾ പ്രസിഡണ്ടിനെ പറഞ്ഞു മനസ്സിലാക്കാമെന്നായിരുന്നു പിള്ളയുടെ വിചാരം. ഇത്രവേഗത്തിൽ കല്പന അയക്കുമെന്നു അയാൾ വിചാരിച്ചതുമില്ല. ശാരദാംബാൾതന്നെയായിരുന്നു തന്റെ അടുക്കൽ വന്നതെന്നു പ്രസിഡണ്ട് പൂൎണ്ണമായി വിശ്വസിച്ചിരുന്നു. തന്റെ കാൎയ്യത്തെപ്പററി പിള്ള പ്രസിഡണ്ടിനോടു പറഞ്ഞിരിക്കുമെന്ന വിചാരത്താലും, ഒരക്ഷരംപോലും അദ്ദേഹത്തോടു സംസാരിച്ചുപോകരുതെന്നു പിള്ള പ്രത്യേകം ശട്ടംകെട്ടിയിരുന്നതിനാലും കോമളവല്ലി പ്രസിഡണ്ടിനോടു മുഴുവൻ സംഗതികളും തുറന്നു പറയായ്കയാണ്–പക്ഷേ ദൈവം ശാരദാംബാളുടെ പാതിവ്രത്യനിഷ്ഠക്കു പ്രസിഡണ്ടിനെക്കൊണ്ടുതന്നെ സമ്മാനം കൊടുപ്പിച്ചു കോമളവല്ലിഅമ്മാൾ പഴയ ശ്രീമതി കോമളവല്ലിഅമ്മാൾ തന്നെ.

— ൦ —

ഒരു യുവതിയിൽ അനുരക്തനായ ഒരു യുവാവ് രാത്രി പത്തുമണിസമയത്തു അവളുടെ വീട്ടിൽ ചെന്നു ഒരു മുറിക്കകത്തു ഒരു കസേരയിൽ ഇരുന്നു. ആ സമയത്തു അയാളുടെ സമീപത്തു യുവതിയുടെ സഹോദരനായ അഞ്ചുവയസ്സുപ്രായമായ ഒരു കുട്ടിയും ഉണ്ടായിരുന്നു.

യുവാവ്:–(കുട്ടിയോടു) അപ്പൂ, നിന്റെപെങ്ങൾ ഇവിടെവന്നു എന്റെ അടുക്കൽഇരുന്നാൽ നീ പുതുക്കെ വിളക്കണെയ്ക്കണം കേട്ടോ.

കുട്ടി:–ഓ. ഇന്നലെരാത്രി ഇവിടെ വന്നിരുന്ന ആ കൃഷ്ണൻനായരും ഇതേമാതിരി പറഞ്ഞു

* * *

യുവതി:–(കാമുകനോട്) ഞാൻ വിവാഹംകഴിക്കുന്ന ആളുടെ വർഷംപ്രതിയുള്ള വരായയെ സൂചിപ്പിക്കുന്ന സംഖ്യയിൽ ചുരുങ്ങിയതു ൪ പൂജ്യമെങ്കിലും ഉണ്ടായിരിക്കണം.

യുവാവ്:–ഓ. എന്റെ വരായ വെറും പൂജ്യം മാത്രമാണ്. അതിനാൽ ഭവതിക്കു ഇഷ്ടമുള്ളത്ര പൂജ്യം എന്റെ വരായയോടുചേൎക്കുന്നതിന്നു വിരോധമില്ല.

* *

രോഗിയായ ഭൎത്താവിന്റെ അടുത്തു ഇരുന്നു ശുശ്രൂഷിക്കുന്ന ഭാൎയ്യ:–"അയ്യോ! നിങ്ങൾ മരിച്ചുപോകുമെന്നു വിചാരിക്കുമ്പോൾ എനിക്കു വല്ലാത്ത സങ്കടംതോന്നുന്നു."

ഭൎത്താവ്:–പ്രിയെ! അതിനെന്തുചെയ്യും. ഇന്നല്ലെങ്കിൽ നാളെയെങ്കിലും മരിക്കാതിരിക്കുമൊ. അതുവിചാരിച്ചു സങ്കടപ്പെട്ടിട്ടു കാൎയ്യമെന്താണ്.

ഭാൎയ്യ:–അതല്ല- നിങ്ങൾ മരിച്ചുപോയാലേ രണ്ടുമൂന്നു കുട്ടികളുള്ള വിധവയായ എന്നെ വേറെ ആരെങ്കിലും സ്വീകരിക്കുമോ. അതു വിചാരിച്ചിട്ടാണ് അധികം സങ്കടം

# സമസ്തകേരളീയാളോഹരി *റെഗുലേഷൻ.

‘സർവസമുദായമൈത്രി’ മെംബർ.

നായന്മാർക്കിടയിലെന്നപോലെ സമസ്തകേരളീയന്മാർക്കിടയിലും പരസ്പരൈക്യവും സ്ഥിതിസമത്വവും സ്വാതന്ത്ര്യബോധവും രാഷ്ട്രീയോൽഗതിയും ഒരുമിച്ചുണ്ടാവേണ്ടതു അത്യാവശ്യമായിരിക്കുന്നതിനാൽ താഴെ വ്യവസ്ഥ ചെയ്തിരിക്കുംപ്രകാരമുള്ള റെഗുലേഷൻ കൊണ്ടുവന്നിട്ടുള്ളതാകുന്നു.

1 (എ) ഈ റെഗുലേഷൻ ൧൧൦൧-ലെ ഒന്നാം റെഗുലേഷനായ “സമസ്തകേരളീയാളോഹരി” റെഗുലേഷൻ എന്നു വിളിക്കപ്പെടാവുന്നതാകുന്നു.

(ബി.) “കേരളീയന്മാർ” എന്നുവച്ചാൽ കേരളത്തെ അധിവസിക്കുന്ന സകലജാതിമതസ്ഥന്മാരും യാതൊരു ജാതിമതവർഗ്ഗങ്ങളിലും ഉൾപ്പെടാത്തവന്മാരും എന്നർത്ഥമാകുന്നു.

(സി.) “കേരളം” എന്നുവച്ചാൽ തിരുവിതാംകൂർ, കൊച്ചി, ബ്രി: മലബാർ എന്നീ സംസ്ഥാനങ്ങൾ എന്നർത്ഥമുള്ളതും തിരുവിതാംകൂറിലെപ്പോലെ കൊച്ചി നി. നി. സഭയിലും ബ്രി: മലബാറിലേക്കു വേണ്ടി മദിരാശി നി. നി. സഭയിലും ഈ റെഗുലേഷൻ ഹാജരാക്കുവാൻ അവിടവിടങ്ങളിലെ സർവസമുദായമൈത്രി മെംബറന്മാരിൽ ആർക്കും അധോരാത്രം അധികാരവും അനുവാദവും കാപ്പിറൈറ്റും ഉള്ളതുമാകുന്നു.

(ഡി) ഈ റെഗുലേഷൻ ടിയാണ്ടു ചിങ്ങമാസം ൧-ാം കാലത്തു ൬-മണിമുതൽ നടപ്പിൽ വരുന്നതാകുന്നു.

2 (ഏ.) ഭാഗിക്കേണ്ടതായ സ്ഥാവരജംഗമവസ്തുക്കളിൽ എല്ലാറ്റിനുമോ ഏതിനെങ്കിലുമോ അതിന്റെയോ അവയുടേയോ വിലയ്ക്കോ പ്രയോജനത്തിനോ വല്ല ന്യൂനതയോ വിലക്കുറവോ ഭാഗംമൂലം വരാനിടയായേക്കുമെന്നുള്ള പക്ഷം ബിൽപ്രയോക്താവോ ടി. പ്രയോക്താവിനാൽ നിയോഗിക്കപ്പെടുന്ന സമസ്തസമുദായസേവാസമിതിയോ പരിതസ്ഥിതികളെ പരിഗണിച്ചു ടി സ്ഥാവരജംഗമവസ്തുക്കളെ വില്ക്കുകയോ വാങ്ങുകയോ ചെയ്തു യുക്തംപോലെ ഭാഗിച്ചുകൊടുക്കപ്പെടുന്നതാകുന്നു.

[ബി.] മേല്പടി ൨. ഏ. വകുപ്പിൽ വിവരിച്ചിട്ടുള്ള “വാങ്ങുക” എന്നുള്ളതിനു ബിൽ പ്രയോക്താവോ ടി പ്രയോക്താവിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതോ പെടാവുന്നതോ ആയ സേവാസമിതി സ്ഥാപിച്ചിട്ടുള്ളതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ പരസ്പരസഹായസംഘത്തിലോ, ബാങ്കിലോ കമ്പനിയിലോ അവയുടെ ചട്ടങ്ങളും വകുപ്പുകളും അനുസരിച്ചു ഓഹരികൊടുക്കുക എന്നുകൂടി അർത്ഥമുള്ളതാകുന്നു.

[സി.] ഓഹരിവാങ്ങാൻ ആവശ്യവും ആഗ്രഹവും അപേക്ഷയുമുള്ള ഒന്നോ രണ്ടോ മൂന്നോ നാലോ അഞ്ചോ പത്തോ നൂറോ അധികമോ ഓഹരിക്കാരിൽനിന്നും അവരുടെ ഓഹരിവില പത്തുരൂപയോ അതിൽ കൂടുതലോ കുറവോ ആയിരുന്നാലും ടി. പ്രയോക്താവോ സമിതിയോ മേലും കീഴും വിവരിച്ചിട്ടുള്ള വ്യവസ്ഥപ്രകാരം ഭാഗം നടത്തേണ്ടിവരുന്നപക്ഷം മേലും കീഴും നോക്കാതെ അവർ പത്തുരൂപായിൽ കുറയാത്തതായ തുക ൧൦൬൦-ലെ ആറാംറെഗുലേഷനിൽ എന്തെല്ലാമടങ്ങിയിരുന്നാലും മുറയ്ക്കു വസൂലാക്കാവുന്നതാകുന്നു.

3. രേഖാമൂലമായി ഭാഗം വാങ്ങിയാലും വാങ്ങാതിരുന്നാലും അവരവരുടെ ഓഹരിക്കുള്ള ന്യായമായ സ്വന്തം സ്ഥാവരവസ്തുക്കളിന്മേൽ ഓഹരിക്കാരനുള്ള അംശം തന്നെയോ കൂട്ടുകുടുംബത്തിലെ മറ്റു ഓഹരിക്കാർ, അന്യന്മാർ ആവശ്യപ്പെട്ടു സമ്മതിക്കുന്ന തുക തന്നു വാങ്ങിക്കൊള്ളാമെന്നു സമ്മതിച്ചിരുന്നാലും അതിലും കൂടുതൽ വിലയ്ക്കു കൊടുക്കുന്നതായി രേഖ സമ്പാദിച്ചുംകൊണ്ടു് കുറഞ്ഞതുകയ്ക്കു അന്യന്മാർക്കുതന്നെ ജാതിഭേദമെന്യേ ക്രയവിക്രയം ചെയ്തുകളയുവാൻ ആർക്കും എപ്പോഴും സർവസ്വാതന്ത്ര്യമുള്ളതാകുന്നു.

4. [ഏ] ഒരു കുടുംബവ്യവസ്ഥയിൽ കൂട്ടുകുടുംബത്തിന്റെ പ്രത്യേകകൈവശമായിരുന്നപ്പോഴോ അതിലെ ഒരംഗമോ ശാഖയോ അപ്രകാരമുള്ള വസ്തു നന്നാക്കുകയോ നശിപ്പിക്കുകയോ ചെയ്കമൂലം വസ്തുവിന്റെ വിലയിൽ കൂടുതലോ കുറവോ സംഭവിക്കുന്നതായാൽ അങ്ങിനെ വരുത്താൻ ഇടവരുത്തീട്ടുള്ള അംഗമോ മേല്പടി അംഗം വ്യവഹാരകാലത്തു ജീവിച്ചിരിക്കാത്തപക്ഷം ആ അംഗത്തിന്റെ പിൽക്കാലക്കാരോ ശാഖയോ തന്മൂലമുണ്ടാവുന്ന സകല ലാഭനഷ്ടങ്ങൾക്കും യഥാക്രമം ഉത്തരവാദികളായിരിക്കുന്നതാകുന്നു.

[ബി.] ൪. ഏ. വകുപ്പിൽ “പിൽക്കാലക്കാർ”

* ഈ കർക്കടകത്തിലെ നി. നി. സഭയിൽ ഹാജരാക്കുവാനായി എഴുതിയതു്.

എന്നു പറഞ്ഞിരിക്കുന്നതിന്നു മക്കൾ എന്നാൎത്ഥമാകുന്നു.

[സി] മേല്പടി ഏയിൽ വിവരിച്ചിട്ടുള്ള നാശത്തിനോ അഭിവൃദ്ധിക്കോ ഉത്തരവാദിയായ അംഗം വ്യ-ലെ ഒന്നാം റെഗുലേഷന്നു മുമ്പോ പിമ്പോ മരണം പ്രാപിച്ചിരുന്നാലും ഈ റഗുലേഷൻ നടപ്പാവുന്നതിൽപിറകു മരണം പ്രാപിച്ചാലത്തേപ്പോലെ ഗണിച്ചുകൊള്ളേണ്ടതാകുന്നു

5. ഈ റെഗുലേഷൻ സ്ത്രീകളേയും പുരുഷന്മാരേയും ഈ രണ്ടിനത്തിലും ഉൾപ്പെടാത്തവരേയും സംബന്ധിക്കുന്നതാകുന്നു.

6. ഒരു കൂട്ടകുഡുംബത്തിലെ എല്ലാ അങ്ഗങ്ങളുമോ ഏതാനും അങ്ഗങ്ങളോ ഈ റെഗുലേഷൻ നടപ്പായതിന്റെ ശേഷവും ഭാഗം ആവശ്യപ്പെടാതെ കൂട്ടകുഡുംബമായി കഴിഞ്ഞുകൂടുന്നുവെങ്കിൽ അങ്ങിനെ കഴിഞ്ഞുകൂടുന്നതായി ബോദ്ധ്യപ്പെട്ടുകഴിഞ്ഞാലുടനെ ടി കൂട്ടകുഡുംബവകയായുള്ള സകല സ്ഥാവരജങ്ഗമവസ്തുക്കളും റിസീവറുടെ നിലയിൽ 'സമസ്തസമുദായസേവാസംഘ' ത്തിന്റെ കൈവശത്തിലും അനുഭവത്തിലും എടുത്തുകൊള്ളാവുന്നതും ടി കുഡുംബത്തിലെ ഒന്നോ അധികമോ അങ്ഗങ്ങൾ ഓഹരിക്കു ആവശ്യപ്പെടുമ്പോൾ മാത്രം അപേക്ഷകന്മാൎക്കു ക്രമപ്രകാരം വീതിച്ചു കൊടുക്കാവുന്നതുമാകുന്നു.

7. 'സിവിൾക്കോട്ടുഗൈഡി" ലെ നടപടിക്രമങ്ങളും വ്യവസ്ഥകളും സത്യവാങ്മൂലങ്ങളും തദനുസരണമായുള്ള ഹൈക്കോടതിവിധികളും ലാകളും ലാറിപ്പോൎട്ടുകളും മററും എങ്ങിനെയെല്ലാമിരുന്നാലും അവ യാതൊന്നുംതന്നെ ഈ റെഗുലേഷനിലെ വ്യവസ്ഥകളനുസരിച്ചു നടക്കുന്ന യാതൊരു സ്ത്രീപുരുഷന്മാരേയും ബാധിക്കുന്നതല്ലാത്തതുമാകുന്നു.

8. സ്വാതന്ത്ര്യഭാഗം അനുവദിച്ചോ അനുവദിക്കാതെയൊ അനുഭവഭാഗമായി മാത്രമായോ അല്ലാതെയൊ നടന്നിട്ടുള്ള ഉടമ്പടികളോ നിശ്ചയപത്രങ്ങളോ വിൽപ്പത്രങ്ങളോ അവ രജിസ്റ്റർചെയ്തതിൽ പിറകെ പന്ത്രണ്ടുകൊല്ലമോ ഇരുപതുകൊല്ലമോ നൂറുകൊല്ലമോ അതിലും കൂടുതലായി എത്രകൊല്ലമോ കഴിഞ്ഞിരുന്നാലും അവ നടന്നിട്ടുള്ളതായോ നടന്നിട്ടില്ലാത്തതായോ ഈ റെഗുലേഷൻമൂലം വിചാരിക്കാൻ പാടില്ലാത്തതാകുന്നു.

9. ജാതിമതാചാരവിശ്വാസങ്ങൾ അവരവരുടെ അഭിപ്രായമാററംപോലെ ഭാഗത്തിനു മുമ്പും പിമ്പും എപ്പോഴും ഏതവസരത്തിലും മാററുവാനും മറിക്കുവാനും എല്ലാ സ്ത്രീപുരുഷന്മാൎക്കും സ്ത്രീപുരുഷേതരന്മാൎക്കും ജന്മനാതന്നെ സ്വസ്വാതന്ത്ര്യമുള്ളതും ഈ മാററത്തിനും മറിച്ചിലിനും കുഡുംബഭാഗമായ ഓഹരി വിൽക്കുന്നതിനേയോ വാങ്ങിക്കുന്നതിനേയോ യാതൊരുവിധത്തിലും ബാധിക്കുവാൻ അവകാശമില്ലാത്തതുമാകുന്നു.

10. (ഏ) ഒരു ഡിവിഷനിലോ താലൂക്കിലോ പ്രവൃത്തിയിലോ കരയിലോ ഉള്ള ഭൂരിപക്ഷം ജനങ്ങൾക്കു് അതാതുഡിവിഷനിലോ താലൂക്കിലോ പ്രവൃത്തിയിലോ കരയിലോ ഉള്ള സർവവസ്തുക്കളേയും ഒന്നായിച്ചേൎത്തു ആളോഹരിവെയ്ക്കുന്നതിനു സമ്മതമാകുന്നപക്ഷം ഈ റെഗുലേഷനിലുള്ള മററു ഭാഗവകുപ്പുകളെപ്പോലും വകവെയ്ക്കാതെതന്നെ ഓഹരിചെയ്യിക്കുന്നതിനു നാനാജാതിമതസ്ഥന്മാരിലും അല്ലാത്തവരിലും ഉൾപ്പെട്ട ആൎക്കുംതന്നെ അവകാശമുള്ളതാകുന്നു.

[ബി] ഒരുകുടുംബത്തിലോകരയിലോ പ്രവൃത്തിയിലോ താലൂക്കിലോ ഡിവിഷനിലോ ഉള്ള സ്ഥാവരജങ്ഗമവസ്തുക്കളിന്മേൽ ഓഹരിചോദിക്കുന്ന ഏതൊരു വ്യക്തിയ്ക്കും തന്റെഓഹരിഭാഗിച്ചുവാങ്ങുന്നതിനുള്ള അവകാശം ഇഷ്ടാനുസരണമുള്ള ഒരു ട്രസ്റ്റിയേ രേഖാമൂലമായി ഏല്പിക്കാവുന്നതും ആ ട്രസ്റ്റി സേവാസമിതിയോ സമിതിപ്രസിഡണ്ടോ ബിൽപ്രയോക്താവോആയിരിക്കും വിഷയത്തിൽ ടി. വ്യക്തിയ്ക്കു കിട്ടുന്നതിലും കുറയാത്തതായ ഒരോഹരി വാങ്ങുവാൻ ടി. ട്രസ്റ്റിക്കും അവകാശംസിദ്ധിക്കുന്നതാകുന്നു.

11 ഈ റഗുലേഷനിലെ വ്യവസ്ഥകളനുസരിച്ചു ജീവിതം നയിക്കുകയും ഈ റഗുലേഷനിൽ വിശ്വാസവും ഭക്തിയും ആദരവും അനുസരണയും ഉണ്ടായിരിക്കുകയും ചെയ്യുന്ന നാനാജാതിമതസ്ഥന്മാൎക്കും നാനാജാതിമതേതരന്മാൎക്കുംകൂടി പരസ്പരവിവാഹവും പന്തിഭോജനവുംആവശ്യമെന്നുതോന്നിയാൽ ആയതിലേയ്ക്കു സ്വസ്വാതന്ത്ര്യമുള്ളതും അങ്ങനെ നടത്തപ്പെടുന്ന മിശ്രവിവാഹഭോജനാദികൾക്കു മുറപ്രകാരമുള്ള ക്ഷണനവും ക്രമപ്പെടുത്തപ്പെട്ടിട്ടുള്ളനിയമാനുസരണമായ സഹായപ്പടിയും ബത്തയും ലഭിക്കുകയും ചെയ്യുന്നപക്ഷം "സമസ്തസമുദായസേവാസമിതി"യും സമിതിപ്രസിഡണ്ടുമുതലായ അനുദ്യോഗസ്ഥോദ്യോഗസ്ഥന്മാരും ഹാജരാവുന്നതിനു എപ്പോഴും ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അങ്ങിനെയുള്ള എല്ലാ അടിയന്തിരങ്ങൾക്കും ചടങ്ങുകൾക്കും ടിയാന്മാരുടെ ആശീൎവാദം മുൻകൂറായി അഞ്ചൽവഴിയായോ തപാൽ മാൎഗ്ഗമായോ ഏററവും ലഘുവായ ഒരു ചെറിയ ഫീസിന്മേൽ വീ. പീ യായി അയച്ചുകൊടുക്കപ്പെടുന്നതും ആകുന്നു.

# സമസ്തകേരളീയാളോഹരി *റെഗ്ഗുലേഷൻ.

---

'സർവ്വസമുദായമച്ചമ്പി' മെംബർ.

---

നായന്മാർക്കിടയിലെന്നപോലെ സമസ്തകേരളീയന്മാർക്കിടയിലും പരസ്പരൈക്യവും സ്ഥിതിസമത്വവും സ്വാതന്ത്ര്യബോധവും രാഷ്ട്രീയോൽഗതിയും ഒരുമിച്ചുണ്ടാവേണ്ടതു അത്യാവശ്യമായിരിക്കുന്നതിനാൽ താഴെ വ്യവസ്ഥ ചെയ്തിരിക്കുംപ്രകാരമുള്ള റെഗ്ഗുലേഷൻ കൊണ്ടുവന്നിട്ടുള്ളതാകുന്നു.

1 (എ) ഈ റെഗ്ഗുലേഷൻ ൧൧൦൧-ലെ ഒന്നാം റെഗ്ഗുലേഷനായ "സമസ്തകേരളീയാളോഹരി" റെഗ്ഗുലേഷൻ എന്നു വിളിക്കപ്പെടാവുന്നതാകുന്നു.

(ബി.) "കേരളീയന്മാർ" എന്നുവച്ചാൽ കേരളത്തെ അധിവസിക്കുന്ന സകലജാതിമതസ്ഥന്മാരും യാതൊരുജാതിമതവർഗ്ഗങ്ങളിലും ഉൾപ്പെടാത്തവന്മാരും എന്നർത്ഥമാകുന്നു.

(സി.) "കേരളം" എന്നുവച്ചാൽ തിരുവിതാംകൂർ, കൊച്ചി, ബ്രി: മലബാർ എന്നീ സംസ്ഥാനങ്ങൾ എന്നർത്ഥമുള്ളതും തിരുവിതാംകൂറിലെപ്പോലെ കൊച്ചി നി. നി. സഭയിലും ബ്രി: മലബാറിലേക്കവേണ്ടി മദിരാശി നി. നി. സഭയിലും ഈ റെഗ്ഗുലേഷൻ ഹാജരാക്കുവാൻ അവിടവിടങ്ങളിലെ സർവ്വസമുദായമച്ചമ്പി മെംബറന്മാരിൽ ആർക്കും അതേഹോരാത്രം അധികാരവും അനുവാദവും കാപ്പിറൈറ്റും ഉള്ളതുമാകുന്നു.

(ഡി) ഈ റെഗ്ഗുലേഷൻ ടിയാണ്ടു ചിങ്ങമാസം ൧-ാനു- കാലത്തു ൬-മണിമുതൽ നടപ്പിൽ വരുന്നതാകുന്നു.

2 (എ.) ഭാഗിക്കേണ്ടതായ സ്ഥാവരജംഗമവസ്തുക്കളിൽ എല്ലാറ്റിനുമോ ഏതിനെങ്കിലുമോ അതിന്റെയോ അവയുടേയോ വിലയ്ക്കോ പ്രയോജനത്തിനോ വല്ല ന്യൂനതയോ വിലക്കുറവോ ഭാഗംമൂലം വരാനിടയായേക്കുമെന്നുള്ളപക്ഷം ബിൽപ്രയോക്താവോ ടി. പ്രയോക്താവിനാൽ നിയോഗിക്കപ്പെടുന്ന സമസ്തസമുദായസേവാസമിതിയോ പരിതസ്ഥിതികളെ പരിഗണിച്ചു ടി സ്ഥാവരജംഗമവസ്തുക്കളെ വില്ക്കുകയോ വാങ്ങുകയോ ചെയ്തു യുക്തംപോലെ ഭാഗിച്ചുകൊടുക്കപ്പെടുന്നതാകുന്നു.

[ബി.] മേല്പടി ൨. എ. വകുപ്പിൽ വിവരിച്ചിട്ടുള്ള "വാങ്ങുക" എന്നുള്ളതിനു ബിൽ പ്രയോക്താവോ ടി പ്രയോക്താവിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതോ പെടാവുന്നതോ ആയ സേവാസമിതി സ്ഥാപിച്ചിട്ടുള്ളതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ പരസ്പരസഹായസംഘത്തിലോ, ബാങ്കിലോ കമ്പനിയിലോ അവയുടെ ചട്ടങ്ങളും വകുപ്പുകളും അനുസരിച്ചു ഓഹരികൊടുക്കുക എന്നുകൂടി അർത്ഥമുള്ളതാകുന്നു.

[സി.] ഓഹരിവാങ്ങാൻ ആവശ്യവും ആഗ്രഹവും അപേക്ഷയുമുള്ള ഒന്നോ രണ്ടോ മൂന്നോ നാലോ അഞ്ചോ പത്തോ നൂറോ അധികമോ ഓഹരിക്കാരിൽനിന്നും അവരുടെ ഓഹരിവില പത്തുരൂപയോ അതിൽ കൂടുതലോ കുറവോ ആയിരുന്നാലും ടി. പ്രയോക്താവോ സമിതിയോ മേലും കീഴും വിവരിച്ചിട്ടുള്ള വ്യവസ്ഥപ്രകാരം ഭാഗം നടത്തേണ്ടിവരുന്നപക്ഷം മേലും കീഴും നോക്കാതെ അവർക്കു പത്തുരൂപായിൽ കുറയാത്തതായ തുക ൧൦൨-ലെ ആറാംറെഗ്ഗുലേഷനിൽ എന്തെല്ലാമടങ്ങിയിരുന്നാലും മുറയ്ക്കു വസൂലാക്കാവുന്നതാകുന്നു.

3. രേഖാമൂലമായി ഭാഗം വാങ്ങിയാലും വാങ്ങാതിരുന്നാലും അവരവരുടെ ഓഹരിക്കുള്ള ന്യായമായ സ്വത്തോ സ്ഥാവരവസ്തുക്കളിന്മേൽ ഓഹരിക്കാരനുള്ള അംശംതന്നെയോ കൂട്ടുകുടുംബത്തിലെ മറ്റു ഓഹരിക്കാർ, അന്യന്മാർ ആവശ്യപ്പെട്ട സമ്മതിക്കുന്ന തുക തന്നു വാങ്ങിക്കൊള്ളാമെന്നു സമ്മതിച്ചിരുന്നാലും അതിലും കൂടുതൽ വിലയ്ക്കുകൊടുക്കുന്നതായി രേഖസമ്പാദിച്ചുംകൊണ്ടു കുറഞ്ഞതുകയ്ക്കു അന്യന്മാർക്കുതന്നെ ജാതിഭേദമെന്യേ ക്രയവിക്രയം ചെയ്തുകളയുവാൻ ആർക്കും എപ്പോഴും സർവ്വസ്വാതന്ത്ര്യമുള്ളതാകുന്നു.

4. [എ] ഒരു കുടുംബവ്യവസ്ഥയിൽ കൂട്ടുകുടുംബത്തിന്റെ പ്രത്യേകകൈവശമായിരുന്നപ്പോഴും അതിലെ ഒരംഗമോ ശാഖയോ അപ്രകാരമുള്ള വസ്തു നന്നാക്കുകയോ നശിപ്പിക്കുകയോ ചെയ്കമൂലം വസ്തുവിന്റെ വിലയിൽ കൂടുതലോ കുറവോ സംഭവിക്കുന്നതായാൽ അങ്ങിനെവരുത്താൻ ഇടവരുത്തീട്ടുള്ള അംഗമോ മേല്പടി അംഗം വ്യവഹാരകാലത്തു ജീവിച്ചിരിക്കാത്തപക്ഷം ആ അംഗത്തിന്റെ പിൽക്കാലക്കാരോ ശാഖയോ തന്മൂലമുണ്ടാവുന്ന സകലലാഭനഷ്ടങ്ങൾക്കും യഥാക്രമം ഉത്തരവാദികളായിരിക്കുന്നതാകുന്നു.

[ബി.] ൪. എ. വകുപ്പിൽ "പിൽക്കാലക്കാർ"

---

* ഈ കർക്കടകത്തിലെ നി. നി. സഭയിൽ ഹാജരാക്കുവാനായി എഴുതിയതു്.

എന്നു പറഞ്ഞിരിക്കുന്നതിന്നു മക്കൾ എന്നർത്ഥമാകുന്നു.

[സി] മേല്പടി എയിൽ വിവരിച്ചിട്ടുള്ള നാശത്തിനോ അഭിവൃദ്ധിക്കോ ഉത്തരവാദിയായ അംഗം വ്യ-ലെ ഒന്നാം റെഗുലേഷനു മുമ്പോ പിമ്പോ മരണം പ്രാപിച്ചിരുന്നാലും ഈ റഗുലേഷൻ നടപ്പാവുന്നതിൽപിറകു മരണം പ്രാപിച്ചാലത്തേപ്പോലെ ഗണിച്ചുകൊള്ളേണ്ടതാകുന്നു

5. ഈ റെഗുലേഷൻ സ്ത്രീകളേയും പുരുഷന്മാരേയും ഈ രണ്ടിനത്തിലും ഉൾപ്പെടാത്തവരേയും സംബന്ധിക്കുന്നതാകുന്നു.

6. ഒരു കൂട്ടകുഡുംബത്തിലെ എല്ലാ അങ്ഗങ്ങളുമോ ഏതാനും അങ്ഗങ്ങളോ ഈ റെഗുലേഷൻ നടപ്പായതിന്റെ ശേഷവും ഭാഗം ആവശ്യപ്പെടാതെ കൂട്ടകുഡുംബമായി കഴിഞ്ഞുകൂടുന്നുവെങ്കിൽ അങ്ങിനെ കഴിഞ്ഞുകൂടുന്നതായി ബോദ്ധ്യപ്പെട്ടുകഴിഞ്ഞാലുടനെ ടി കൂട്ടകുഡുംബവകയായുള്ള സകല സ്ഥാവരജങ്ഗമവസ്തുക്കളും റിസീവറുടെ നിലയിൽ 'സമസ്തസമുദായസേവാസംഘ' ത്തിന്റെ കൈവശത്തിലും അനുഭവത്തിലും എടുത്തുകൊള്ളാവുന്നതും ടി കുഡുംബത്തിലെ ഒന്നോ അധികമോ അങ്ഗങ്ങൾ ഓഹരിക്കു ആവശ്യപ്പെടുമ്പോൾ മാത്രം അപേക്ഷകന്മാർക്കു ക്രമപ്രകാരം വീതിച്ചു കൊടുക്കാവുന്നതുമാകുന്നു.

7. 'സിവിൾക്കോട്ടുഗൈഡി' ലെ നടപടിക്രമങ്ങളും വ്യവസ്ഥകളും സത്യവാങ്മൂലങ്ങളും തദനുസരണമായുള്ള ഹൈക്കോടതിവിധികളും ലാകളും ലാറിപ്പോർട്ടുകളും മററും എങ്ങിനെയെല്ലാമിരുന്നാലും അവ യാതൊന്നുംതന്നെ ഈ റെഗുലേഷനിലെ വ്യവസ്ഥകളനുസരിച്ചു നടക്കുന്ന യാതൊരു സ്ത്രീപുരുഷന്മാരേയും ബാധിക്കുന്നതല്ലാത്തതുമാകുന്നു.

8. സ്വാതന്ത്ര്യഭാഗം അനുവദിച്ചോ അനുവദിക്കാതെയോ അനുഭവഭാഗമായി മാത്രമായോ അല്ലാതെയോ നടന്നിട്ടുള്ള ഉടമ്പടികളോ നിശ്ചയപത്രങ്ങളോ വില്പത്രങ്ങളോ അവ രജിസ്റ്റർചെയ്തതിൽ പിറകു പന്ത്രണ്ടുകൊല്ലമോ ഇരുപതുകൊല്ലമോ നൂറുകൊല്ലമോ അതിലും കൂടുതലായി എത്രകൊല്ലമോ കഴിഞ്ഞിരുന്നാലും അവ നടന്നിട്ടുള്ളതായോ നടന്നിട്ടില്ലാത്തതായോ ഈ റെഗുലേഷൻമൂലം വിചാരിക്കാൻ പാടില്ലാത്തതാകുന്നു.

9. ജാതിമതാചാരവിശ്വാസങ്ങൾ അവരവരുടെ അഭിപ്രായമാററംപോലെ ഭാഗത്തിനു മുമ്പും പിമ്പും എപ്പോഴും ഏതവസരത്തിലും മാററുവാനും മറിക്കുവാനും എല്ലാ സ്ത്രീപുരുഷന്മാർക്കും സ്ത്രീപുരുഷേതരന്മാർക്കും ജന്മനാതന്നെ സ്വസ്വാതന്ത്ര്യമുള്ളതും ഈ മാററത്തിനും മറിച്ചിലിനും കുഡുംബഭാഗമായ ഓഹരി വില്ക്കുന്നതിനേയോ വാങ്ങിക്കുന്നതിനേയോ യാതൊരുവിധത്തിലും ബാധിക്കുവാൻ അവകാശമില്ലാത്തതുമാകുന്നു.

10. (എ) ഒരു ഡിവിഷനിലോ താലൂക്കിലോ പ്രവൃത്തിയിലോ കരയിലോ ഉള്ള ഭൂരിപക്ഷം ജനങ്ങൾക്കു് അതാതുഡിവിഷനിലോ താലൂക്കിലോ പ്രവൃത്തിയിലോ കരയിലോ ഉള്ള സർവവസ്തുക്കളേയും ഒന്നായിച്ചേർത്തു ആളോഹരിവയ്ക്കുന്നതിനു സമ്മതമാകുന്നപക്ഷം ഈ റെഗുലേഷനിലുള്ള മററു ഭാഗവകുപ്പുകളെപ്പോലും വകവയ്ക്കാതെതന്നെ ഓഹരിചെയ്യിക്കുന്നതിനു നാനാജാതിമതസ്ഥന്മാരിലും അല്ലാത്തവരിലും ഉൾപ്പെട്ട ആർക്കുംതന്നെ അവകാശമുള്ളതാകുന്നു.

[ബി] ഒരുകുടുംബത്തിലോകരയിലോ പ്രവൃത്തിയിലോ താലൂക്കിലോ ഡിവിഷനിലോ ഉള്ള സ്ഥാവരജങ്ഗമവസ്തുക്കളിന്മേൽ ഓഹരിചോദിക്കുന്ന ഏതൊരു വ്യക്തിയ്ക്കും തന്റെഓഹരിഭാഗിച്ചുവാങ്ങുന്നതിനുള്ള അവകാശം ഇഷ്ടാനുസരണമുള്ള ഒരു ട്രസ്റ്റിയേ രേഖാമൂലമായി ഏല്പിക്കാവുന്നതും ആ ട്രസ്റ്റി സേവാസമിതിയോ സമിതിപ്രസിഡണ്ടോ ബിൽപ്രയോക്താവോ ആയിരിക്കും വിഷയത്തിൽ ടി വ്യക്തിയ്ക്കു കിട്ടുന്നതിലും കുറയാത്തതായ ഒരോഹരി വാങ്ങുവാൻ ടി ട്രസ്റ്റിക്കും അവകാശം സിദ്ധിക്കുന്നതാകുന്നു.

11 ഈ റഗുലേഷനിലെ വ്യവസ്ഥകളനുസരിച്ചു ജീവിതം നയിക്കുകയും ഈ റഗുലേഷനിൽ വിശ്വാസവും ഭക്തിയും ആദരവും അനുസരണയും ഉണ്ടായിരിക്കുകയും ചെയ്യുന്ന നാനാജാതിമതസ്ഥന്മാർക്കും നാനാജാതിമതേതരന്മാർക്കുംകൂടി പരസ്പരവിവാഹവും പന്തിഭോജനവുംആവശ്യമെന്നുതോന്നിയാൽ ആയതിലേയ്ക്കു സ്വസ്വാതന്ത്ര്യമുള്ളതും അങ്ങനെ നടത്തപ്പെടുന്ന മിശ്രവിവാഹഭോജനാദികൾക്കു മുറപ്രകാരമുള്ള ക്ഷണനവും ക്രമപ്പെടുത്തപ്പെട്ടിട്ടുള്ളനിയമാനുസരണമായ സഹായപ്പടിയും ബത്തയും ലഭിക്കുകയും ചെയ്യുന്നപക്ഷം "സമസ്തസമുദായസേവാസമിതി"യും സമിതിപ്രസിഡണ്ടുമുതലായഅനുദ്യോഗസ്ഥോദ്യോഗസ്ഥന്മാരും ഹാജരാവുന്നതിനു എപ്പോഴും ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അങ്ങിനെയുള്ള എല്ലാ അടിയന്തിരങ്ങൾക്കും ചടങ്ങുകൾക്കും ടിയാന്മാരുടെ ആശീർവാദം മുൻകൂറായി അഞ്ചൽവഴിയായോ തപാൽ മാർഗ്ഗമായോ ഏററവും ലഘുവായ ഒരു ചെറിയ ഫീസിന്മേൽ വീ. പീ യായി അയച്ചു കൊടുക്കപ്പെടുന്നതും ആകുന്നു.

12 (ഫ.) നാട്ടുനടപ്പും ആചാരവും ഇതേവരെയുള്ള നിയമങ്ങളും എങ്ങനെയെല്ലാമിരുന്നാലും സ്ത്രീപുരുഷന്മാർ പരസ്പരസമ്മതവും യോജിപ്പും ഉള്ള പക്ഷം ഒന്നോ രണ്ടോ മൂന്നോ അഞ്ചോ പത്തോ ഇരുപത്തഞ്ചോ ക്രുട്ടത്തലോ സ്ത്രീകളെ ഒരേകാലത്തോ പലേ കാലങ്ങളിലായോ സമയസമ്മതസൌകര്യങ്ങൾപോലെയും ആവശ്യാപേക്ഷാഗ്രഹങ്ങൾ അനുസരിച്ചും ഭാര്യമാരായി സ്വീകരിക്കുവാൻ ഏതൊരു പുരുഷനും അതുപോലെതന്നെ ഒന്നോ രണ്ടോ മൂന്നോ അഞ്ചോ പത്തോ ക്രുട്ടത്തലോ പുരുഷന്മാരെ ഒരേകാലത്തോ പലേ കാലങ്ങളിലായോ സമയസമ്മതസൌകര്യങ്ങൾപോലെയും ആവശ്യാപേക്ഷാഗ്രഹങ്ങൾ അനുസരിച്ചും ഭർത്താക്കന്മാരായി സ്വീകരിക്കുവാൻ ഏതൊരു സ്ത്രീക്കും മേൽവിവരിച്ച രണ്ടിനും സ്ത്രീപുരുഷേതരന്മാർക്കും സർവ്വസ്വാതന്ത്ര്യമുള്ളതാകുന്നു

(വ) ഒന്നോ രണ്ടോ മൂന്നോ അഞ്ചോ പത്തോ അധികമോ വിവാഹങ്ങൾക്കു അധീനരാവേണ്ടിവരുന്ന സ്ത്രീപുരുഷന്മാരോ സ്ത്രീപുരുഷേതരന്മാരോ അവരവരുടെ വിവാഹാവസരങ്ങളിൽ 'സമസ്തസമുദായസേവാസംഘ'ത്തിന്റെ സാന്നിധ്യമോ ആശീർവാദമോ മുറപ്രകാരം ആവശ്യപ്പെടുന്നപക്ഷം വിവാഹസംബന്ധമായ രേഖാമൂലമായ സകല സാക്ഷിപത്രങ്ങളും സേവാസംഘത്തിൽനിന്നു നൽകപ്പെടുന്നതുമാകുന്നു.

(സ) മേൽവിവരിക്കപ്പെട്ട പ്രകാരത്തിലുള്ള ഏതെങ്കിലും വിവാഹത്തിൽനിന്നും കോടതിമൂലമല്ലാതെ മോചനം വേണമെന്നു ആഗ്രഹിക്കുന്ന സ്ത്രീപുരുഷന്മാരോ സ്ത്രീപുരുഷേതരന്മാരോ "സേവാസംഘ"ത്തിലേക്കു സംഘത്തിൽനിന്നു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരിച്ചു അപേക്ഷിക്കുന്ന പക്ഷം അങ്ങിനെയുള്ള അപേക്ഷ കിട്ടിയാൽ ഒരു മാസത്തിനകം സംഘത്തിൽനിന്നു മോചനസർട്ടിഫിക്കേറ്റു കൊടുക്കപ്പെടുന്നതും അങ്ങിനെയുള്ള എല്ലാ സർട്ടിഫിക്കേറ്റുകൾക്കും സംഘത്തിൽനിന്നുംതന്നെ പൂർണ്ണമായ ഉത്തരവാദിത്വം വഹിക്കപ്പെടുന്നതും ആ വകയിലേക്കു വേണ്ടിവരുന്ന എല്ലാ ചെലവുകൾക്കും അപേക്ഷക്കാർ ജാമ്യം കൊടുക്കേണ്ടതുമാകുന്നു.

---

വളരെ തടിയുള്ള ഒരാൾ ഒരു പന്നിയേയും പിടിച്ചുകൊണ്ടു പോകുമ്പോൾ വഴിയിൽവെച്ചു കണ്ട വേറൊരാൾ "ഹെ! ഇത്ര തടിയുള്ള ഒരു പന്നിയെ ഞാൻ ഇതിനുമുമ്പു് കണ്ടിട്ടേയില്ല."

ആൾ-ശരിയാണ്. ഇതു എന്നേക്കാൾ പത്തുറാത്തൽ കനംകൂടും.

# അന്നത്തെ ധർമ്മം

അഥവാ

## "ഹംസസന്ദേശം."

(വിനോദശാസ്ത്രി)

ഇന്നു ഏതു വലിയ പട്ടണങ്ങളിൽചെന്നു നോക്കിയാലും, ആണിനേയും പെണ്ണിനേയും തമ്മിൽ ഘടിപ്പിക്കുന്ന ഒരുതരം യന്ത്രവിശേഷങ്ങളായ "ഡാഫർ" നാമധാരികളായ ഒരു വർഗ്ഗക്കാരെ കാണാം. ഇവർമുഖേന നടത്തുന്ന എഴുത്തുകുത്തുകളെ 'സന്ദേശങ്ങൾ' എന്നു പറഞ്ഞുവരുന്നു. മേഘസന്ദേശം. മയൂരസന്ദേശം— കോകിലസന്ദേശം- കുക്കുടസന്ദേശം — ശുനകസന്ദേശം — മക്കുണസന്ദേശം- മണ്ഡൂകസന്ദേശം മുതലായി സന്ദേശങ്ങൾ പലതരത്തിലുണ്ട്. അഞ്ചൽ, തപാൽ ടേലിഗ്രാഫി, ടെലിഫോൺ, പട്ടർ, വേലക്കാരി, വെളുത്തേടൻ, ക്ഷുരകൻ, ഡാഫർ, ശിപായി, ഇവരും ഒരുതരം സന്ദേശവാഹകരാണെന്നു അമരസിംഹനും, വരാഹമിഹിരനും മാത്രമല്ല, അഞ്ചൽ ആർ. വി. യും കൂടി പറയുന്നുണ്ട്. സന്ദേശങ്ങളൊക്കെ 'കാവ്യങ്ങളും, കാവ്യങ്ങൾ കൃതികളും, കൃതികൾ നികൃതികളും —സുകൃതികളും— ആയിരിക്കണമെന്ന് കൌടില്യന്റെ സന്ദേശശാസ്ത്രം എന്ന ഗ്രന്ഥത്തിലുണ്ട്. സംസ്കൃതത്തിലെ ഒരു മഹാസന്ദേശകാവ്യമാണ് നൈഷധം. ബാണഭട്ടനും, ആറന്മുള അപ്പനും കൂടി ഇതിനെ തലകുലുക്കി സമ്മതിക്കുന്നുണ്ട്. ഇതിനെ മലയാളത്തിൽ തർജ്ജമചെയ്യാത്തതു കടിച്ചാൽ പൊട്ടാത്തതുകൊണ്ടോ, ഫൌണ്ടൻപേനയിൽ മഷി ഇല്ലാത്തതുകൊണ്ടോ, എന്തായാലും കാലം അതിക്രമിച്ചിരിക്കുന്നു. രണ്ടു കാമിനീകാമുകന്മാർ -(ഇതു വ്യാകരണപ്രകാരം ശരിതന്നെയാണോ)പരസ്പരം കാണാതെയിരിക്കുമ്പോൾ അവരെ അന്യോന്യം 'ഇൻട്രഡ്യൂസ്' ചെയ്തു 'ലവ്' ഉണ്ടാക്കിത്തീർക്കയാണ് ഒരു സന്ദേശകാരന്റെ ജോലി. പരസ്പരം കുശലം അറിയിക്കുന്നതും 'സന്ദേശ' സീമയിൽ ഉൾപ്പെട്ടതുതന്നെ. ഇന്നു ഇത്തരം ജോലിനടത്തുന്നതു പലടത്തും കൊച്ചാങ്ങളമാരും, അവരുടെ ചിറക്കാരും, അഞ്ചൽ തപാൽ കമ്പി ശിപായിയാദികളുമാണെന്നു സർവ്വവിദിതമല്ലോ. വൈദികകാലത്തു്, ന്യൂസ്പേപ്പറിനു പകരം നാരദനും, "വിദൂഷകനു" പകരം ഒരിക്കൽമാത്രം അവതരിക്കുന്ന "മാധവ്യനും", കൊച്ചാങ്ങളമാർക്കും ചിറക്കാർക്കും പകരം 'സന്ദേശംവഹിക്കുന്നതിനു' അരയന്നം- തത്ത- വൃദ്ധബ്രാഹ്മണൻ— താമരയില- മലയമാരുതൻ- ച

ന്ദ്രർ മുതലായവരുമാണു ഉപയോഗിക്കപ്പെട്ടു വന്നതു്. ഇത്തരത്തിൽ ഒന്നാണു് ഹംസസന്ദേശം —

നിഷധദേശത്തിലെ രാജാവായ 'നളൻ' നായാട്ടിനായി നീലഗിരിക്കുതിരിച്ചു. തലസ്ഥാനനഗരിയിൽനിന്നുകുറേദൂരംമോട്ടാറുവഴി ചെന്നപ്പോൾ ഒരു ഒന്നാന്തരം "ഫ്ളൌവ്വർഗാർഡനും, അതിന്റെ മദ്ധ്യത്തിലായി വലിയ 'അററ്റാക്റ്റീവായ' ഒരു 'ലേക്കും' കണ്ടു— അതിൽ ധാരാളം കമലങ്ങൾ (ലോട്ടസുകൾ) വിടർന്നുനിന്നിരുന്നു. കരിമീനുകൾ കളിച്ചുകൊണ്ടിരുന്നു. നാനാപ്രകാരത്തിലുള്ള ജലപക്ഷികൾ ചാഞ്ചാടി വിഹരിച്ചുകൊണ്ടിരുന്നു. മി. പി. കെ. ജാണിന്റെവക ഒരു രണ്ടായിരം "താറാക്കോഴികൾ" അവയുടെ "കളകളസ്വരം"കൊണ്ടു തിരുമനസ്സിനെ ബലാദാകർഷിച്ചു. ഇക്കൂട്ടത്തിൽ ഒരു ഒന്നാംതരം (സ്വാൻ) അരയന്നം നില്ക്കുന്നതുകണ്ടു. മഹാരാജാവു റിവാൾവറെടുത്തു നിറച്ചു. ആദ്യം അതിനെകണ്ടുസന്തോഷിച്ചു ജീവനോടെ പിടിക്കാൻ ശ്രമിച്ചിട്ടു സാധിക്കാഴികയാലാണു ഇങ്ങനെ ചെയ്തതെന്നകാര്യം വായനക്കാർ വിസ്മരിച്ചുകളയരുതു. ബസ് 'തോക്കിൽ ഉണ്ടയിട്ടു' കോളു നോക്കിയതും ആരോ ടെലിഫോണിലെന്നോണം ഇങ്ങനെ പറഞ്ഞു:—

"ഹേ മഹാരാജൻ! ആ പക്ഷിയെ വെടിവയ്ക്കരുതു്. അങ്ങു് ആശിക്കുന്നതു ആ പക്ഷി സാധിച്ചുതരും. അങ്ങയുടെ രൂപലാവണ്യധനസമ്പത്തിനനുസരണയായും, ത്രിഭുവനസുന്ദരിയായും ഉള്ള ഒരു തമ്പുരാട്ടിയുമായി ഈ പക്ഷി അങ്ങയെ പരിചയപ്പെടുത്തും. അവരെ അങ്ങു് പട്ടംകെട്ടിസുഖമായിരിക്കണം" ഇതു കേട്ടതും, സായ്പു് — അല്ലല്ല— തമ്പുരാൻ തോക്കു താഴെവച്ചതും ഒന്നായിക്കഴിഞ്ഞു.

പൊന്നുതമ്പുരാന്റെ ഈ അപാരതിരുവുള്ളം കണ്ടു, മിസ്റ്റർ ഹംസൻ വളരെ പ്രസന്നനായി. അയാൾ, താറാക്കോഴികളുടെ കൂട്ടത്തിൽനിന്നും മുന്നോട്ടുവന്നു ഇങ്ങനെപറഞ്ഞു:—

ഹേ! രാജമാന്യരാജശ്രീ നിഷധാധിപരെ! ദൈവം നിങ്ങൾക്കു കല്യാണം നൾകട്ടെ. നിങ്ങൾ എന്നിൽ കാണിച്ച 'മെഴ്സി' യ്ക്കു് അനേകവന്ദനം ഇതിനെഒരുകാലത്തുംഞാൻമറക്കാത്തതുംപ്രത്യുപകാരമായി എന്തെങ്കിലും ചെയ്യുന്നതുമാണു്. എന്നെ വെറും പി കെ ജാണിന്റെ താറാവെന്നു കരുതേണ്ട. ഞാനാണു് സാക്ഷാൽ ലോകനിയന്താവായ കർത്താവിന്റെ (കർത്താവ്=ബ്രഹ്മാവ്) മോട്ടാർഡ്രൈവർ. എന്റെ നിറംതന്നെ സായ്പിന്റെതാണല്ലോ. അതുമാത്രമോ, സ്വർല്ലോകചക്രവർത്തി ഇന്ദ്രൻ എന്റെ ഇഷ്ടൻ. ജയന്തൻതുടങ്ങിയ ദേവക്കുട്ടികൾ എന്റെ കൂട്ടുകാർ— ഞാൻ മന്ദാകിനിയുടെ കരയിലാണു വിഹരിക്കുന്നതു്. നിങ്ങളുടെ ഭരണപാടവം ഭൂമിയെ സ്വർഗ്ഗത്തേക്കാളധികം സുഖകരമാക്കിച്ചമച്ചിട്ടുള്ളതുകൊണ്ടാണു്, കൂടക്കൂടെ ആ സുഖാനന്ദലഹരി അനുഭവിപ്പാനായി ഞാൻ ഭൂലോകത്തിറങ്ങുന്നതു. ദേവകളും ഞാനുമായുള്ള സ്നേഹംപോലെ താങ്കളും ഞാനുമായി "ഫ്രെൻഡ്ഷിപ്പിൽ" കഴിയുന്നതു ഇരുകൂട്ടർക്കും ബഹുകാര്യവുമാണല്ലോ.

മി. നളമഹാരാജൻ ഇതുകേട്ടു വളരെ സന്തോഷിച്ചു്, "അതാനെന്തു? സബാഷ്! നാം തമ്മിൽ ഇനിമേൽ "ചംസ്" (അത്യന്തമിത്രങ്ങൾ) തന്നെ" എന്നുപറഞ്ഞു തിരുമനസ്സുകൊണ്ടു വളരെ സ്നേഹപൂർവം ആ പക്ഷിയുമായി 'ഷേക്ക്ഹാൻഡ്' ചെയ്തു അനന്തരം, മഹാരാജാവിനു ഒരു പെണ്ണുനോക്കി വരാമെന്ന കരാറിൽ, മിസ്റ്റർ ഹംസം, തല്ക്കാലം 'ഡാഫർമാമാ' വേല സ്വീകരിച്ചു തമ്പുരാന്റെ കല്പന വാങ്ങി അവിടെ നിന്നും വിടകൊണ്ടു. രാജാവും തൽക്ഷണംതന്നെ തലസ്ഥാനത്തു തിരിച്ചെത്തി, അന്നത്തെ സ്പെഷ്യൽ ഗജററുവഴി, "ഇന്നിമേലാൽ, അമ്പലത്തിലും മടിപ്പുരയിലും എന്നല്ല, ഹിന്ദുവും മുസ്ലിമുമെന്നല്ല, നായരും പട്ടരുമെന്നല്ല, ഇങ്ങേഅററം ഒരു 'ഭരണിസ്റ്റപ്പിനു' പോലും ഒരു കോഴിയെയാകട്ടെ കോഴിയെപ്പോലെയുള്ള മററു 'മൃഗങ്ങളെ' യാകട്ടെ, വേട്ടയാടുകയോ വെടിവയ്ക്കുകയോ കഴുത്തറുക്കയോ ഞെക്കിക്കൊല്ലുകയോ ചെയ്യരുതെന്നു ഒരു വിളംബരം അടിച്ചുപരത്തി. രാജാവിന്റെ ശരീരം രാജ്യത്തും, മനസ്സു ആ ഡാഫർ അരയന്നത്തിലുമായി.

മിസ്റ്റർ ഹംസത്തിന്റെ വിയോഗം തിരുമേനിയെ വലിയ 'അംക്സൈറ്റി' [മനസ്താപം] യിലാക്കി— അഹോരാത്രം അതേവിചാരം. ഊണിനും, ഉറക്കത്തിനും കൂടി ഉന്മേഷം കുറഞ്ഞു. അക്കാലത്താണു് മിസ്റ്റർ ബസന്റു് — വസന്തം — — രാജ്യപര്യടനത്തിനു വന്നതു്. അയാളെ കണ്ടപ്പോൾ തമ്പുരാനു വെമ്പൽ പൊറുക്കാതായി. വസന്തം, കാമിനീകാമുകന്മാരുടെ തോഴനെങ്കിലും, ബാച്ച്'ലേഴ'സിന്റെയും, വിരഹികളുടേയും ശത്രുവാണെന്നാണല്ലോ വള്ളത്തോൾ പറയുന്നതു്. എന്തോ കുറേ 'പ്ളെഷറി'നു— ഉത്സാഹത്തിനു—വേണ്ടി മഹാരാജാവു് തോട്ടത്തിലുള്ള പുഷ്പ പുഷ്കരിണിയ്ക്കടുത്തുചെന്നിരുന്നു അടുത്തുവരാൻപോകുന്ന ലെജിസ്ലേററീവ് കൗൺസിൽ—— പുതിയ ഉദ്യോഗനിയമനങ്ങൾ—— പല ന്യൂസ്പേപ്പറുകൾ—അകാലിജാതാ— നൈസാംതിരുമനസ്സിൽ നിന്നും മാളവ്യാജിക്കു നൾകിയ നിരോധ

നാജ്ഞ ഇങ്ങനെ പലതും ആലോചിച്ചു കൊണ്ടിരിക്കെ തന്റെ സ്നേഹിതൻ 'ഹംസ' രാജ് വരുന്നതുപോലെ തോന്നി. തമ്പുരാന് സന്തോഷം കരകവിഞ്ഞു. അത്ഭുതത്തിന് കളഞ്ഞുപോയ നെക്ലേസ്സ് തിരിച്ചു കിട്ടിയ പരമാനന്ദമാണ് അനന്തരം ഉണ്ടായത്. നളൻ ആ ദിവ്യഹംസത്തെ തന്റെ മടിയിൽ പിടിച്ചിരുത്തി. കുശലപ്രശ്നാനന്തരം സ്വന്തംകൈകൊണ്ട് അയാൾക്കു അദ്ദേഹം മൂന്നാളാകുമാത്രമായ 'കാപ്പി' കൊടുത്തു. യാത്രാക്ഷീണം തീർന്നു സംഭാഷണം തുടങ്ങി. സ്വർഗ്ഗത്തുള്ള ടൌൺ, താലൂക്ക, വില്ലേജ്, പകുതി,- എന്നുവേണ്ട- ചായക്കടകളിലും കള്ളുഷാപ്പുകളിലും കൂടി നളന്റെ കീർത്തി പരന്നിരിക്കുന്നതായി ഹംസരാജ് തിരുമനസ്സുണർത്തിച്ചു. നാടകക്കാർക്ക് ഭാസ്കരദാസ് പോലെയാണ് ഇപ്പോൾ ഗാന്ധർവികൾ- കിന്നരികൾ- ദേവാംഗനകൾ- - ഡി. ജികൾ "ഉലകെങ്കെ നളമഹാരാജമംഗളം" എന്നും ഹംസം അറിയിച്ചു- "നാഷണൽസാംഗ് പ്ലീസ്" എന്നു പറയുംപോലെ- ശ്രോതാക്കളൊക്കെ ഇപ്പോൾ സ്വർഗ്ഗനാടകശാലകളിൽ "നളഗീതം പ്ലീസ്" എന്നാണു നിർബന്ധിച്ചുവരുന്നത്. അതുകൊണ്ടു പുതിയ പുതിയ പാട്ടുകൾ പഠിക്കാനായി മിസ്സ് മേനക- നാടക ഇളവരശി രംഭ- സംഗീതകോലാഹലഘൃതാചി ഗാനലോലവിലോലലോചന എസ്. ആർ. കമലം- മുതലായ പല ഗായികകളും. ഇപ്പോൾ ഇവിടെ പതിവായി വരുന്നുണ്ട്.

ദേവലോകത്തെ ഉള്ളൂർ, വള്ളത്തോൾ, പന്തളം, കേരളവർമ്മ- ഉണ്ണായിവാരർ- മൂല്ലൂർ മുതലായ പല കവിതിലകന്മാരും അവിടത്തെ "കവനകൌമുദി"കളും ഇപ്പോൾ നളമംഗളശ്ലോകങ്ങൾകൊണ്ടു നിറഞ്ഞുകഴിഞ്ഞു. ഇതെല്ലാംകഴിഞ്ഞു ഹംസം, പതുക്കെ കാര്യത്തിൽ കൈകടത്തി ചില നാട്ടുകാര്യസ്ഥന്മാരുടെ കുശലം ചോദിപ്പപോലെ 'ഹംസ' രാജന്റെ ബോറിംഗ് കേട്ടു തിരുമനസ്സിലേക്കു മുഷിഞ്ഞിരിക്കയായിരുന്നു. ഇതുകണ്ടു ബുദ്ധിമാനായ ഹംസരാജം:-

"ശ്രീമാനായ നളമഹാരാജാവേ! തിരുമനസ്സിനുചേർന്ന അനന്യസാധാരണയും അദ്വിതീയയും ആയ ഒരു രമണീമണിയെ കാണ്മാൻ വേണ്ടി നടന്നു നടന്നു ഞാൻ തളർന്നു. എന്റെ കാലിൽ ഇനി തൊലിയില്ല- കാപ്പികുടിപ്പാൻ കയ്യിൽ കാശുമില്ല. അമരലോകത്തു ഞാൻ കയറിയിറങ്ങാത്ത അന്തഃപുരം കുറയും. പക്ഷെ അങ്ങയ്ക്കിണങ്ങിയ സർവ്വോത്തമരൂപവതിയായ ഒരു പെണ്ണും എന്റെ കണ്ണിൽകണ്ടില്ല. നേരേ 'അമരാവതി'ക്കുതന്നെ വെച്ചടിച്ചു. അവിടെ എത്തി പട്ടക്കാരൻ മുതൽ സർവ്വാധികാരിവരേയും അന്വേഷിച്ചു. ജേ-ഫേ. അമരാവതി ഗേൾസ്സ കോളേജ്, മഹിളാമന്ദിരം, സേവാസദനം കാൺവെൻറു എന്നുവേണ്ട ഇനി നോക്കാനൊരിടമില്ല. പക്ഷെ ഫലപ്പെട്ടില്ല. എന്റെ മുഖം വാടി. ദേഹം തളർന്നു. മനസ്സു മുഷിഞ്ഞു- ഷർട്ടുകീറി- കുടയൊടിഞ്ഞു- എനിക്കു വല്ല മലമ്പനിയോ മറ്റോ പിടിച്ചേക്കുമോ എന്നുതന്നെ ഭയമായി. നമ്മുടെ കരാറുലംഘനം വന്നേക്കുമോ എന്നു ഞാൻ പേടിച്ചു. ഈരേഴു പതിനാലുലോകത്തും, മഹാരാജാസ് ഗേൾസുകോളേജിലുംകൂടി തിരുമേനിക്കുതകുന്ന ഒരു "കമനീമണി"യുടെ കോമളരൂപം കണ്ടിട്ടുവാൻ കഴിവരികില്ലെന്നുതന്നെ ഞാൻ കരുതി. അമരാവതിയിലും വൈകുണ്ഠത്തും തൃശ്ശൂരും തിരുവട്ടാറും കിട്ടാത്ത പെണ്ണു പിന്നെവിടുന്നു കിട്ടാനാണ്. ഈ വിചാരത്തിൽപെട്ടു മിനിട്ടുകൾ മണിക്കൂറുകളായി- മണിക്കൂറുകൾ ദിവസങ്ങളായി അങ്ങനെ കുറെ ദിവസങ്ങളും കഴിഞ്ഞു. ഒരു ദിവസം എന്തെങ്കിലുമാകട്ടെ എന്നുകരുതി ഞാൻ ദേവേന്ദ്രമഹാരാജന്റെ പ്രഭുസഭയിൽ [ഹൌസ് അഫ് ലാഡ്സ്] എത്തി. അങ്ങനെയെങ്കിലും കുറേ "പോളിററിക്സ്" രാജ്യകാര്യങ്ങൾ കേട്ടു മനസ്സന്തോഷപ്പെടാമെന്നു കരുതിയാണു അങ്ങോട്ടു പോയത്.

അവിടെ നോക്കിയപ്പോൾ സർവ്വദേവന്മാരും യഥാസ്ഥാനങ്ങളിൽ ഇരിപ്പുണ്ട്. സാഹിത്യശാസ്ത്രി മിസ്റ്റർ ഗീഷ്പതി, അയോദ്ധ്യയിലെ രസകസുമാകരനെപ്പറ്റി സംസാരിക്കുന്നു. വിശ്വാമിത്രർ മഹാത്മജിയുടെ വൈക്കംസത്യാഗ്രഹത്തെപ്പറ്റി വസിഷ്ഠനുമായി വാദം നടത്തുന്നു. സുരേന്ദ്രനും മിസ്റ്റർ ധർമ്മരാജയ്യരുമായി നായർ ബില്ലിനെപ്പററി മല്ലിടുന്നു. മററു ചിലർ ലോകത്തിലെ പെണ്ണുങ്ങളെപ്പററി സംഭാഷണം ചെയ്യുന്നു. എന്തിന്? പൊടിപൂരംതന്നെ. ഈ വർത്തമാനം കേട്ടു സഹിയല്ലാതെ ചട്ടന്നു സഹസ്രാക്ഷനായ സുരേന്ദ്രനാഥൻ നേരേ കമേശ്വരശർമ്മായോട്ടു തിരിഞ്ഞു കാമേശ്വരന്റെ ജനനം തന്നെക്കുമുമ്പെന്നു പറഞ്ഞാൽ, സൃഷ്ടിക്കും വളരെ- അതായതു യേശുക്രിസ്തു ജനിക്കുന്നതിനും അല്പം മുമ്പെന്നു മനസ്സിലാക്കേണ്ടതാണ്. വലിയ വയസ്സനെങ്കിലും സ്ത്രീവിഷയസംബന്ധമായി ശർമ്മായെ ഒരുത്തൻ ഛീപോ എന്നു പായുന്നതല്ല.

ത്രിലോകനായികകളേയും ശംഖിനി, പത്മിനി, ചിത്രണി തുടങ്ങിയ നായികാഭേദത്തേയും വെവ്വേറെ എടുത്തു തിരിച്ചു അറിയാവുന്ന ഒരുറച്ച പുള്ളിയാണു ശർമ്മാജി. ഇതു മനസ്സിലാക്കിയിട്ടായിരിക്കാം ആഖണ്ഡലനായ സുരേന്ദ്രനാഥൻ ശർമ്മായോട്ട് ആട്ടെ. മിസ്റ്റർ ശർമ്മാ കേൾക്കട്ടെ ഇന്നു ഉലക

ത്തിൽവച്ചു ലാവണ്യമയിയായ രമണി ആരെന്നു പറയൂ

സുരേശചന്ദ്രൻെറ ആജ്ഞ കാമേശ്വർ ശിരസ്സാവഹിച്ചു. അഴിഞ്ഞുകിടന്ന തൻെറ 'സിൽക്ക് പഗ്ഡി' ഉറപ്പായികെട്ടി. അനന്തരം പ്രസംഗവേദിയിൽകയറി പ്രസംഗം ആരംഭിച്ചു:-

പൂജ്യപാദരും, രസികാഗ്രണികളുമായ അമരരാജരെ! സോദരീസോദരരെ! ഇന്നു ഈ അമരാവതിയിലെന്നല്ല. തഞ്ചാവൂരും മധുരയിലുംഉള്ള ഒരൊററനായികയും കുററംതീർന്നവളായി ഞാൻ കാണുന്നില്ല. എൻെറ പെണ്ണ്—രതിദേവിക്കു—അവളെപ്പോലെ അഴകുള്ള രമണി ഉലകത്തിലില്ലെന്നു വലിയൊരു ഡംഭുണ്ടായിരുന്നു. വാസ്തവത്തിൽ അവൾ ഒരു അനവദ്യസുന്ദരിതന്നെ. എങ്കിലും അവളുടെ ദുരഭിമാനവും, ഗർവ്വും എനിക്കത്ര പിടിച്ചില്ല. പെരുക്കാലട്ടകാൾക്കു കണ്ണുകൊട്ടുത്തുക്രൂടെല്ലോ. അവളുടെ ഗർവ്വശമനത്തിനു ഞാൻ മരുന്നുനോക്കിത്തുടങ്ങി. വളരെക്കാലം ഇതിനുവേണ്ടി അലയേണ്ടിവന്നു. ഒടുവിൽ സഫലത യടഞ്ഞുവെന്നുതന്നെപറയാം. വിദർഭനഗരത്തിലെ ചക്രവർത്തി മഹാരാജാവായ ഭീമൻെറ മകൾ 'ദമയന്തി'യെക്കണ്ടു ഞാനമ്പരന്നുപോയി.' വാസ്തവത്തിൽ അത്തരത്തിൽ അതിമധുരാകൃതിയായ ഒരു രമണിയെ ഇതഃപൎയ്യന്തം ഇഹലോകത്തെന്നല്ല പരലോകത്തും, ഫ്രാൻസിലെന്നല്ല പാലക്കാട്ടും ഞാൻ കണ്ടിട്ടില്ല. കയ്യിൽ ഹാൻഡ്ക്യാമറായുണ്ടായിരുന്നതിനാൽ ഞാൻ അവളുടെ ഫോട്ടോ കൂടി കൊണ്ടുപോന്നു. അതു കണ്ടശേഷം നമ്മുടെ 'പൊറുതി'യുടെ ഗർവ്വ് ഭസ്മമായി. ഇപ്പോൾ നമുക്ക് കാലാകാലത്തിന് ഇത്ര കാച്ചി അനന്തത്തിത്തരുമെന്നു മട്ടായി.

ഈ വിധം ഏതാണ്ട് ഒരു മണിക്കൂർനേരം, സ്വതഃസിദ്ധമായ നിഘണ്ഡുവും, വൊക്കബ്ളാരിയും ഉപയോഗിച്ചു ശർമ്മാജി പ്രസംഗിച്ചു. സാഹിത്യാചാൎയ്യരുടെ ദമയന്തീരൂപവൎണ്ണനം ശ്രോതാക്കളെ അപഹൃതചിത്തവൃത്തികളും കുലംകഷരും ആക്കിത്തീർത്തു. അന്നു, ഏകപത്നീവ്രതത്തെപ്പററി ഹോംമെംബർ മിസ്റ്റർ ശ്രീകൃഷ്ണയ്യരുടെ പ്രസംഗമുണ്ടാകുമെന്നുകരുതി, അനേകം ആനന്ദവല്ലികളാൽ, "ലേഡീസ് ഗ്യാലറി" ഫുള്ളായിരുന്നു. ദമയന്തിയുടെ ആഫണലാംഗുലവും കേശാദിപാദവും നഖശിഖാന്തവും ആമൂലാഗ്രവുമായ വൎണ്ണനകേട്ടു അവരിൽ പലരും ചെറി പൊരുത്തേണ്ടിവന്നുപോയി. അവർ ഓരോരുത്തരും മുഖത്തോടു മുഖം നോക്കിയിരുന്നു. സ്വർല്ലോകസുന്ദരിയായ തിലോത്തമയുടെ മുഖം തിലസമാനം കറുത്തു. മദാലസയുടെ സൗന്ദൎയ്യവും ചിന്നിച്ചിതറി. ആലോലലോചനയുടെലോചനമടഞ്ഞു. സുമദ്ധ്യമാ സഖീമദ്ധ്യത്തിലൊളിച്ചു. മേനകയുടെ മനസ്സ് മലിനമായിപ്പോയി. കലാവതിയുടെ കലകൾ കാറ്റുകയറി—സുമിത്രയുടെ വിഭ്രമം ഭ്രമമായിക്കലാശിച്ചു. ശശിപ്രഭാ നിഷ്പ്രഭയായിത്തീൎന്നു. ചിത്രലേഖ, ചിത്രാർപ്പിതയായി കാണപ്പെട്ടു.

ശർമ്മാജിയുടെ 'ലക്ചർ' കേട്ടു ഞാനും വളരെ സന്തോഷിച്ചു. വിനാവിളംബം "ഞാൻ" ആകാശവിമാനത്തിൽ കയറി രണ്ടുമണിക്കൂറിനകം വിദർഭനഗരിയിൽ എത്തി. അവിടെ നേരേ ദമയന്തിയുടെ മട്ടുപ്പാവിൽതന്നെ കുതിരകളെ അഴിച്ചു. ആ മട്ടുപ്പാവിനടുത്തു ഒരു പൂന്തോട്ടമുണ്ട്. ആ തോട്ടത്തിലെ പൊക്കമുള്ള മരക്കൊമ്പിൽ കയറിവിശ്രമിച്ചു. നിമേഷനേരംകൊണ്ടു ത്രിലോകസുന്ദരിയായ വൈദർഭി പ്രത്യക്ഷയായി. അവളുടെ അംഗലാവണ്യം കണ്ടു ഞാൻ അത്യന്തം ആകൃഷ്ടനായി. എൻെറ സ്നേഹിതരെ! പെണ്ണുങ്ങളെ ഞാൻ വേണ്ടതിലധികം കണ്ടിട്ടുണ്ട്, എങ്കിലുംദമയന്തിക്കൊത്ത ഒരു പെണ്ണിനെ ഇന്ദ്രലോകത്തും ചന്ദ്രലോകത്തുമെന്നല്ല, വാഷിംഗ്ടണിലും വലിയതുറയുംകൂടി ഞാൻ കണ്ടിട്ടില്ല. രൂപവൎണ്ണനയിൽ ശർമ്മാജിയുടെ—സ്പീച്ച് വെറും മോശമായിഎന്നു എനിക്കുതോന്നി. ദമയന്തിയുടെ ഉലകം മയക്കുന്ന ശൃംഗാരലാവണ്യപ്പഞ്ചാരക്കുഴമ്പിനിടെ? പാവപ്പെട്ട ശർമ്മായുടെ ശുഷ്കവും അസമ്പൂൎണ്ണവുമായ വൎണ്ണനയെങ്ങ്? ഓ അയാൾ കിഴവൻ തന്നല്ലോ.

ദമയന്തിയുടെ 'ഹെൽത്ത്' അത്ര നന്നല്ലെന്നു എനിക്കു തോന്നി. ഇതിനുള്ള കാരണം അറിയാൻ ഞാൻ കൊതിച്ചു. പുഷ്പവാടിയിലുള്ള അനേകം ക്രീഡാഹംസങ്ങളുമായി ചേൎന്നു ഞാനിടവിടെ ഓടിനടന്നു ദമയന്തിയുടെ ദിനചൎയ്യനോക്കിയറിഞ്ഞു. ഇടയ്ക്കിടയ്ക്കു സംസാരിക്കയും ചെയ്തുവന്നു. എൻെറ സംസാരം ആ മനംമയക്കുംമങ്കയുടെ അലസത വിലസുന്ന മുഖം വികസിപ്പിച്ചു അവൾ എന്നെ സൂക്ഷിച്ചുതുടങ്ങി. ഞാനും അതാണു ആശിച്ചിരുന്നതു്. ഇതിനിടക്കൊരു തടസ്സം. ദമയന്തി ദുഃഖിതയെന്നുകണ്ട് അവളുടെ ഒരു സഖി ഖേദകാരണം ആരാഞ്ഞുതുടങ്ങി. അവൾ പറഞ്ഞതു്:-

"സഖി! ദൈമിക്കുട്ടി ലാലീലത പോലിരിക്കുന്ന ഭവതിയുടെ ഗണ്ഡസ്ഥലി പീതമാകാൻ കാരണമെന്തു്? നീലോല്പലംപോലിരിക്കുന്നനിൻെറ കരപല്ലവങ്ങളാൽ നീയെന്തിനാണു അതിനെ പീഡിപ്പിക്കുന്നതു്? നോക്കു. ഈ ദയാഹീനനായ പികം അല്പമുകളിതമായ പുഷ്പങ്ങളോടുകൂടിയ മാവിൻെറ കനംകുറഞ്ഞശാഖയെ ഒടിക്കുന്നതു നീകാണുന്നില്ലേ? എ

ന്തുകൊണ്ടു നീ അതിനെ കൈകൊട്ടി ദൂരത്താക്കാത്തതു്? സുഗന്ധലോലുപന്മാരായ ഭ്രമരങ്ങൾ, വികസിതങ്ങളായ പുഷ്പങ്ങളെവിട്ടു നിന്റെനേർക്കുവന്നു തിരിച്ചുപോകുന്നതിൽനിന്നും സന്താപംകൊണ്ടു നിന്റെനിശ്വാസം തപ്തമാണെന്നാണല്ലോ മനസ്സിലാക്കേണ്ടതു്? നിന്റെ കണ്ണുകളിൽകിടക്കുന്ന തമാലദലങ്ങളെ വലിച്ചുവന്ന ഹരിണശാബകങ്ങൾ ഇതാ നിന്റെ ദുഃഖപാരാവശ്യംകണ്ടു ചവച്ച ദർഭകൾ വായിൽത്തന്നെവച്ചു നിശ്ചേഷ്ടരായിനിൽക്കുന്നു. ഇതിനെല്ലാം കാരണമെന്തു്? എന്തുകൊണ്ടാണു കനകചമ്പകംപോലെ കമനീയമായ നിന്റെ തനുലത വാടിക്കുഴഞ്ഞതു്? ഒന്നാമതു നീ സ്വയം ശക്തിഹീന. അതോടുകൂടി ഈ ക്ഷീണവുംകൂടിയായാൽ രണ്ടു ബാട്ടിൽഡീജാൺസ് "കാഡ്‌ലിവർ ആയി"ലെങ്കിലുംവാങ്ങിസേവിക്കാതെ ഈമാതിരി കുറേനേരംപല ചോദ്യങ്ങൾകൊണ്ടു സഖി ദമയന്തിയെ വിഷമിപ്പിച്ചു. അവളോ ദീർഘമായൊന്നു നിശ്വസിച്ചതല്ലാതെ ഒന്നും ശബ്ദിച്ചില്ല. അപ്പോഴേക്കും അവളുടെ മറ്റൊരുസഖി:–ദമയന്തിയുടെ ക്ഷീണവും തളർച്ചയും ബാധയുപദ്രവവുമൊക്കെ എനിക്കറിയാം.

"മഹാരാജാവിനും ഇവളെ അനുരൂപനായ ഒരു ഭർത്താവിനു കല്യാണംകഴിച്ചുകൊടുക്കണമെന്നാണു് വിചാരം. അദ്ദേഹം ഇതുസംബന്ധമായി അനേകം യുവകോമളരസികന്മാരുടെ ഫോട്ടോകൾ വരുത്തിനോക്കി. രാജകുമാരന്മാരാണെങ്കിൽ, പ്രിൻസ് ആഫ്‌വെയിൽസുമുതൽ ഉത്തിരംതിരുനാൾ വരെയുള്ള സകല മിടുമിടുക്കന്മാരുടേയും ഛായാപടങ്ങൾ, മെസ്സേഴ്സ് മാത്തുണ്ണി & കോവിലും രാമൻപിള്ളബ്രദേഴ്സിലുംനിന്നു വരുത്തിയിട്ടുണ്ടു്. ഈ പിക്ചർ ആൽബങ്ങൾ ഒരിക്കൽഞാൻ കണ്ടു. ദമയന്തി ഇവയിൽപലതും സസന്തോഷംനോക്കി. ഒടുവിൽഅതിൽനിന്നു ത്രിലോകീതിലകമായ ഒരുമോഹനകുമാരനിൽമോഹിതയായി. അന്നുമുതലാണു ഈ നില. അല്ലാതെ ഇതു ദണ്ഡവുമല്ല വാതവുമല്ല. മണവാളനെ കിട്ടാനുള്ള മഞ്ഞപ്പനി-

"ശരീരത്തിനകത്തിരുന്നു ദഹിക്കുന്നതെന്നു കരുതിയാണു് ഇവളുടെ പ്രാണവായു വെളിക്കു ചാടുന്നതു്. കണ്ണീരിൽ മുങ്ങിപ്പോയാലോ എന്നു പേടിച്ചു് നിദ്ര ഇവളെ സമീപിക്കുന്നതേയില്ല. ഉശീരലേപം ഇവൾക്കു് വെറും 'ആന്റിഫ്ളോജെസ്റ്റയിനേ'ക്കാൾ വേവുകൊടുക്കുന്നു. താമരയിലകൊണ്ടു വീശിയാൽപോലും അവൾക്കു ചൂടു സഹിക്കുന്നില്ല. അവളുടെ മനോചോരണം നടത്തിയ സുകുമാരനെ ചിന്തിച്ചാണു് അഹോരാത്രം കഴിച്ചുകൂട്ടുന്നതു്. ഇവളുടെസന്താപം, തടുക്കാൻ കഴിയാത്തവിധം കഠോരംതന്നെ. ജനൽവഴി ചന്ദ്രനെ നോക്കുമ്പോൾതന്നെ ഈ ചഞ്ചലാക്ഷിക്കു പീഡയേൽക്കുന്നു. അതാണു് സദാപി അവൾ മുഖം കുമ്പിട്ടിരിക്കുന്നതു്. എന്നാൽ കുനിഞ്ഞിരിക്കുമ്പോൾ വക്ഷസ്ഥലത്തു വേറൊരു ചന്ദ്രൻ ഉദിച്ചതുപോലെ പ്രകാശം ഏൽക്കുന്നു.

ഇതുകണ്ടു് ചന്ദ്രോപാലംഭശങ്കയുണ്ടായി അവളുടെ സർവാംഗം "മലേറിയ"യിലെന്നവണ്ണം കിടുകിടെ വിറയ്ക്കുന്നു. സ്വതേ സുകുമാരി, സുഭഗ, മനോജൻ കുറേക്കൂടി അവളെ ദുർബ്ബലയാക്കിയിരിക്കയാണു്. ചന്ദ്രനും ആമ്പലും, ചന്ദനക്കിണ്ണവും, ചെറുനാരങ്ങയും, കേശരഞ്ജനതൈലവും, ഹസ്സീൻസ്റ്റോവും ഇങ്ങേഅറ്റം പീയേഴ്സ്‌സോപ്പുകൂടി ഇപ്പോൾ മിസ്സിയമ്മയ്ക്കു വെറുപ്പാണു്. ഈ നിലയിൽ ഒരുത്തനെ കിട്ടിക്കഴിഞ്ഞാൽ ഇവൾ എന്തുചെയ്യുമെന്നു കർത്താവിനുതന്നെ അറിയാം."

ആകക്കൂടി ടൈഫായിഡ് ഫിവറിലും അധികം തപ്തയായ തരുണിയെക്കണ്ടു എന്റെഹൃദയം നൈറ്റ്റിക്ക് ആസിഡ് പോലെ അലിഞ്ഞുപോയി. ഞാൻ അതിമന്ദം അടുത്തുചെന്നു എന്റെ ചിറകു വിടുർത്തു അവളെ വീശി. ഞാനീവിധം 'എന്തുശുശ്രൂഷയുംചെയ്യാൻ ഞാനുണ്ടല്ലോ' എന്നു അഭിനയിക്കുന്നതുകണ്ടു അവളെന്നെ ഒന്നു നോക്കി. ഇതുതന്നെ സമയമെന്നു കരുതി ഞാനെന്റെ ഗ്രന്ഥക്കെട്ടഴിച്ചു.

"ഹൈ! തരുണി മൃണാളസമാനമനോഹാരിണിയായ മിസ്സിയമ്മേ! വന്ദനം. ഭവതിയുടെമനസ്സിൽ ചേക്കകെട്ടിയിരിക്കുന്ന പുരുഷൻ ആരുതന്നെയായാലും, ഭാഗ്യവാൻതന്നെ. അയാളുടെ ജീവിതം ധന്യ ധന്യം. അവന്റെ പുണ്യമേ പുണ്യം. ഭവതിയുമായി"ലവ്" ചെയ്യാൻ സംഗതിയാകുന്ന പുരുഷൻതന്നെയാണു്, ബ്രിട്ടീഷ്‌സാമ്രാജ്യത്തിലും മൂവുലകിലുംവച്ചു് അതിഭാഗ്യവാനായ "റാക്ക്ഫില്ലർ" മനുഷ്യരുടെകഥയോ പോകട്ടെ. ഹേ ഭീമനന്ദിനി! സുരേന്ദ്രനാഥൻ തുടങ്ങിയ ദേവരാജന്മാർകൂടി നിന്നെക്കിട്ടാൻവേണ്ടി ഇരുപത്തെട്ടു ഏകാദശിയും, രണ്ടുപട്ടിണിയും നോക്കിയിരിക്കയാണു്. മനുഷ്യരിൽ ആരെന്നു പറയേണ്ട, നാലു കൊള്ളത്തക്കവരുടെ നാവിലെല്ലാം നിന്റെ പേരേ ഉദിക്കുന്നുള്ളൂ., ആ നിലയ്ക്കു നീ ആശിക്കുന്ന പുരുഷൻ നിനക്കു കിട്ടുന്നില്ലെന്നു കാണുന്നതു് വലിയ ആശ്ചര്യംതന്നെ. നിന്റെ സ്മരണയിൽപെട്ട മന്ദാരമാലാലംകൃതമണിമന്ദിരങ്ങളിൽ സ്വവനിതാതിലകമായ ഇന്ദ്രാണിയുമൊന്നിച്ചു വർത്തമാനംപറയുകകൂടി ഇന്ദ്രനു മുഷിവായി കഴിഞ്ഞിരിക്കുന്നു. ക്ഷീരസാഗരത്തിന്റെ നടുമദ്ധ്യത്തിലിരുന്നിട്ടും, അനവ

ധി നടികൾ പ്രതിദിനം ചെന്നു കാലുകഴുകിവന്നിട്ടും നിന്റെ വിചാരംനിമിത്തം വാരീവരനായ വരുണൻ ശീതജ്വരം പിടിച്ചിരിക്കയാണു. ഭവതിയുടെ ചിന്തയിൽ "മാത്സര്യപരവശനായ കുബേരൻ" കണ്ണടച്ചു ചന്ദ്രമൗലിയെവിട്ട് അദ്ദേഹത്തിന്റെ സഖികളെ ആരാഞ്ഞുതുടങ്ങിയിരിക്കുന്നു. ചന്ദ്രചൂഡന്റെ തലയിലിരിക്കുന്ന ആ ശശാങ്കന്റെ ശീതളം കുബേരനു സഹിയല്ലാതായിരിക്കയാണു. ശ്രീമതിയുടെ 'ത്രൈലോക്യമോഹന' രൂപത്തെപ്പററികേട്ട ഭഗവാൻ അരവിന്ദബന്ധു രാഗാന്ധരോഗം പിടിപെട്ടരാപ്പകലില്ലാതെ ഭൂലോകം ചുററിത്തിരിയുന്നു. ശ്രീപാർവ്വതീദേവി വാമദേവന്റെ വാമഭാഗത്തിരിക്കുന്നതിൽ ഭവതിക്കു വൈമനസ്യമുണ്ടെങ്കിൽ പറഞ്ഞാൽ ഇക്ഷണം ഞാനതു മാററിത്തരാം. ഇതിനുംപുറമെ, നിമേഷനേരത്തിനകം അദ്ദേഹത്തിന്റെ വലത്തെമടിയിൽ നിനക്കു ഞാനിരിപ്പുവാങ്ങിത്തരാം. എന്തിനധികം പറഞ്ഞു സമയംകളയുന്നു? നായർബില്ലിൽ പ്രയോക്താവായ മി. ചങ്ങനാശ്ശേരിയുടെ ഏകപത്നീവ്രതം മാററണോ? ഇതാ ഈ നിമേഷം തയ്യാർ. ഞാൻ പലയോഗ്യന്മാരുടേയും പേരിവിടെപ്പറഞ്ഞു. ഈ ത്രിലോകത്തിലുംഉള്ള വിലാസിനികളും, തങ്കമ്മമാരും, ചെല്ലമ്മകളും. തലകുത്തിനടന്നാൽ ഒന്നു കണ്ണെടുത്തുനോക്കാത്ത പൂച്ചപ്പുരമാർഥികളിൽ അഗ്രഗണ്യന്മാരാണു ഇവരൊക്കെ. അതുകൊണ്ടു ഇവരിൽ ആരേയാണു 'മാരി' ചെയ്യാൻ—അല്ല—പാണിപീഡനംചെയ്യാൻ നീ ഇഷ്ടപ്പെടുന്നതെന്നു ദയവുചെയ്തുപറയൂ. പ്ലീസ്. എന്റെ ഈ ചക്കരവാക്കുകേട്ട് വെറും "ഡാഫർമാമാ"മാരുടെ പിത്തിലാട്ടമെന്നു നീ കരുതേണ്ട. ഞാനാണു സാക്ഷാൽ "അബ്ജയോനി"യുടെ വൈമാനികൻ. എനിക്കു അശക്യമായി ഈ മൂവുലകിൽ ഒന്നുംതന്നെയില്ലെന്നറിയൂ.

ഇതുകേട്ട് ആ മൃഗാക്ഷിക്കു എന്നിൽ വിശ്വാസംജനിച്ചു. അവൾ ചട്ടെന്നു ജാക്കററിനടിയിൽ കിടന്ന നിങ്ങളുടെ ഫോട്ടോവടക്കംചെയ്ത "ലാക്കെററ്" എടുത്തു എന്നെക്കാണിച്ചു. ഈ വിധം നിന്നിൽ അനുരക്തയായിരിക്കുന്ന ഒരു ഭുവനൈകസുന്ദരിയുടെ മനമറിഞ്ഞു ഞാൻ സന്തോഷംകൊണ്ടു നാലടി ഉയന്നു. ഫോട്ടോ കണ്ടശേഷം ഞാൻ ഹേ സുന്ദരീരത്നമേ! ഈയാൾ മധു, നീ മാധവി; ഈ യുവാവു കുമുദബന്ധു, നീ കൗമുദി; അയാൾ തേയില, നീ ആട്ടിൻപാൽ; നിങ്ങൾതമ്മിൽ ചേന്നാൽ 'മുത്തുംമണിയും' കണക്കു, 'കല്ലുംനെല്ലും' കണക്കു, യോജിച്ചു ചിരകാലം ആയുരാരോഗ്യസമ്പൽസമൃദ്ധരായിരിക്കുന്നതാണു. നളക്കീജയ്. ദമയന്തിക്കീജയ്. ഈ വിധം അവളെ വിശ്വസിപ്പിച്ചാശ്വസിപ്പിച്ചു. യാത്രചോദിച്ചതും, ആ കംബുകണ്ഠി അവളുടെകഴുത്തിൽനിന്നും ഈ ഹാരമെടുത്തു എന്റെ കഴുത്തിലിട്ടതും ഒന്നായിക്കഴിഞ്ഞു. ചന്ദ്രമായുടെ ചന്ദ്രികയെക്കാളും, ആനമുദ്രക്കുപ്പലാസ്സിലെ ആനയെക്കാളും അതിനിർമ്മലമായ ഈ ഹാരം നിന്റെ പ്രേമഭാജനത്തിന്റെ ദ്വിതീയഹൃദയംപോലെ നിന്റെ ഹൃദയത്തിനു ആനന്ദം നല്കട്ടെ.

ഈ മാല, മഹാരാജാവു വിക്ടോറിയാതിരുമേനി കൊടുത്ത കൈസർഹിന്ദ്ഗോൾഡ് മെഡൽ പോലെയോ, മഴക്കാലത്തു വെള്ളത്തേടൻ കൊണ്ടുക്കൊടുത്തമുണ്ടുപോലെയോ, കളിരുകാലത്തു കടത്തുറന്നൊടുത്തുകൊടുത്ത ഇംപീരിയൽ സിഗററ്റുപോലെയോ ചട്ടെന്നു കയ്യിൽവാങ്ങി. അദ്ദേഹത്തിന്റെ ശരീരം കുളുളിട്ടു. തൽക്ഷണം, ദമയന്തീദേഹസ്പർശംഉണ്ടായ ഒരു ഭാവന നളനുണ്ടായി. പക്ഷെ "പഞ്ചശരന്റെ" ശരം അഞ്ചും ഏററു വലയുന്ന അയാൾക്കു അവളുടെ ഒരു 'ബസ്റ്റ്ഫോട്ടോ' യെങ്കിലും കാണ്മാൻ കഴിയാത്തതിൽ വളരെ കുണ്ഠിതം ജനിച്ചു. കുറെനേരം ആലോചനാമഗ്നനായി നിന്നനിലയിൽതന്നെ നിന്നു. ആ ചിന്താസാഗരത്തിൽനിന്നു മുക്കളയിട്ടു കയറിയപ്പോൾ, "ഒരുകപ്പ്" നല്ല പോൾസൺസ് കാപ്പികുടിച്ച ആനന്ദമാണു തിരുമനസ്സിനുണ്ടായതു. അദ്ദേഹം തന്റെ ആപ്തമിത്രവും കൂട്ടിക്കൊടിപ്പിപ്പുകാരനുമായ, ഹംസത്തെ കെട്ടിപ്പിടിച്ചുമ്മവച്ചു.

ഹേ സ്നേഹിതാ! കല്പവൃക്ഷം ആവശ്യപ്പെടുന്നതു നൽകുന്നു. ചിന്താമണി വിചാരിക്കുന്നതു കൊടുക്കുന്നു. കമ്പനിക്കാരൻ എഴുതിയയച്ചാൽമാത്രം അയക്കുന്നു. ഇതൊന്നുംകൂടാതെതന്നെ എനിക്കു അലൗകികസുന്ദരിയായ ഒരു പ്രിയതമയെ തിരക്കിത്തന്നതിലേയ്ക്കു വളരെവളരെ 'താങ്ക്സ്' ഈ വിധം, രാജാവു പക്ഷിയോടു പറഞ്ഞതും. കോട്ടയ്ക്കകത്തെ ഉൗക്കൻമണി ന്നു—അടിച്ചതും ഒരേസമയത്തായിരുന്നു. കൃത്യനിഷ്ഠാപരനായ തിരുമേനി കോവിലിൽ എഴുന്നള്ളത്തിനായി അകത്തേയ്ക്കുപോയി.

---


## നല്ല സംഗീതനാടകങ്ങൾ.

പാർസി, ഹിന്ദുസ്ഥാനി. കർണ്ണാടകം, തെലുങ്കു, തമിഴ മുതലായ വിവിധഗാനരീതികളും വിരുത്തങ്ങളും ലളിതമധുരമായഗദ്യങ്ങളും ചേത്തു രചിച്ച

| | | |
|---|---|---|
| കോവിലൻചരിത്രം | അണ | ൪ |
| അല്ലിറാണിചരിത്രം | ,, | ൪ |
| സത്യവാൻസാവിത്രി | ,, | ൬ |
| നല്ലതങ്കാൾചരിത്രം | ,, | ൧൨ |

പി. കെ. ശിവരാമപിള്ള,
കൊല്ലം—പരവൂർ.

# * പാതിരിയും ശിഷ്യരും

—— ÷ ——

(ടി. എൻ.)

[ഒരു ക്രിസ്ത്യൻപാതിരിയും ചീനദേശക്കാരായ മൂന്നു ശിഷ്യന്മാരും തമ്മിലുണ്ടായ സംഭാഷണം]

പാതിരി, തൻെറ ശിഷ്യന്മാൎക്കു ക്രിസ്തുമതത്തെപ്പററി വേണ്ട ഉപദേശം നൽകിയശേഷം, അവൎക്കു എത്രത്തോളം ജ്ഞാനമുണ്ടായിട്ടുണ്ടെന്നു അറിവാനായി, ൩-ശിഷ്യന്മാരോടുമായിട്ടു ചോദിക്കുന്നു:- ഹേ കുഞ്ഞുങ്ങളെ! ദൈവം ഏകമോ? അനേകമോ?

ഒന്നാംശിഷ്യൻ:—ദൈവം മൂന്ന്.

രണ്ടാം ശി:—ദൈവം രണ്ട്-

മൂന്നാം ശി:—ദൈവമേ ഇല്ല.

പാതിരി:-കഷ്ടം! ഞാൻ ഏററവും മനസ്താപപ്പെട്ടുന്നു. പാപിയായ ചെയിത്താനെപ്പോലെ നിങ്ങൾ ഉത്തരം പറയുന്നതെന്താണ്?

മൂന്നു ശിഷ്യന്മാരും:-അങ്ങു ഞങ്ങൾക്കു ഉപദേശിച്ചുതന്ന ഈ മതംഎവിടെനിന്നാണ് അങ്ങെയ്ക്കു കിട്ടിയതെന്നു ഞങ്ങൾക്കു അറിയാൻവയ്യാ. എവിടുന്നു കിട്ടിയാലും അങ്ങുതന്നെയാണ് ഈവിധത്തിൽ ഞങ്ങളെ പഠിപ്പിച്ചതു്; നിശ്ചയം.

പാതിരി:-നിങ്ങൾ അതിപാഷണ്ഡികൾതന്നെ.

മൂന്നുശിഷ്യന്മാരും:-അങ്ങയുടെ ഉപദേശം ഞങ്ങൾ കഴിയുന്നതും ശ്രദ്ധാപൂൎവ്വംകേട്ടു. ഞങ്ങൾക്കു അങ്ങേ നിന്ദിക്കണമെന്നു അശേഷംആഗ്രഹംഇല്ല. അങ്ങിനെ ഇരിക്കെ അങ്ങയുടെ ഈ ശാസന ഞങ്ങൾക്കു വളരെ ആശ്ചൎയ്യം ജനിപ്പിക്കുന്നു.

പാതിരി അല്പംധൈൎയ്യം അവലംബിച്ചിട്ട് വീണ്ടുംപ്രഥമശിഷ്യനോടായിട്ട് ഇങ്ങനെ ചോദിച്ചു:- നീ എൻെറ ഉപദേശം ശ്രദ്ധാപൂൎവ്വം കേട്ടല്ലോ. എന്നാൽ മൂന്നു ഈശ്വരൻഉണ്ടെന്നു നീ എങ്ങിനെ അനുമാനിച്ചു?

പ്രഥ. ശി:-അങ്ങു് പറഞ്ഞിട്ടുണ്ടല്ലോ, പിതാ-ഈശ്വരൻ. പുത്രൻ ഈശ്വരൻ; പരിശുദ്ധാത്മാവു് (ഹോളിഘോസ്റ്റ്) ഈശ്വരൻ. ഇപ്രകാരം കണക്കാക്കിയാൽ-ഒന്നു്. ഒന്നു്. ഒന്നു്-മൂന്നു ഒന്നുചേൎന്നാൽ ഞങ്ങളുടെ കണക്കിൻപ്രകാരം നിശ്ചയമായും ൩. എന്നു വരുന്നു.

* കാലംചെയ്ത രാജാരാമമോഹൻറായി ബംഗാളിഭാഷയിൽ എഴുതിയിട്ടുള്ള ഒരു സരസലേഖനത്തിൻെറ പരിഭാഷ.

പാതിരി:-ഹാ കഷ്ടം! നീ അതിമൂഢൻതന്നെ എന്നു ഞാൻ കാണുന്നു- എൻെറ ഉപദേശത്തിൽ പാതിമാത്രമേ നീ ഓൎമ്മിക്കുന്നൊള്ളു. ഈ മൂന്നും ചേൎന്നു ഒരീശ്വരൻതന്നെയാണെന്നു് ഞാൻ നിന്നോടുപറഞ്ഞിട്ടില്ലയോ?

പ്ര.ശി:-യഥാൎത്ഥംതന്നെ. അങ്ങു് അതും പറഞ്ഞിട്ടുണ്ട്. എന്നാൽ അങ്ങെയ്ക്കുതന്നെ പക്ഷെ തെററുവന്നിരിക്കാമെന്നു ഞാൻ അനുമാനിച്ചുപോയി. അതുകൊണ്ടു് ആദ്യംപറഞ്ഞതിനെ ഞാൻ സത്യമെന്നു വിചാരിച്ചു.

പാതിരി:-അങ്ങിനെ അല്ല. നീ മൂന്നുപേരെ മൂന്നു ഈശ്വരൻ എന്നു ഒരിക്കലും വിശ്വസിക്കരുതു്. അവരുടെ ശക്തിയും പ്രതാപവും തുല്യമല്ലെന്നും നിനയ്ക്കരുതു്. എന്നാൽ ഇവർ മൂന്നുപേരും വാസ്തവത്തിൽ ഒരീശ്വരൻതന്നെയാണ്.

പ്ര. ശി:-ഇതു തീരെ യുക്തിവിഹീനംതന്നെ. ചീനദേശീയരായ ഞങ്ങൾ പരസ്പരവിരുദ്ധങ്ങളായ വാക്യങ്ങളെ വിശ്വസിക്കയില്ല.

പാതിരി:-ഇതൊരു രഹസ്യവിഷയമാണ്.

പ്ര. ശി:-ഇതു ഏതുവിധം നിഗ്രഢവിഷയമായിരിക്കുന്നു?

പാതിരി:-ഇതു് അതിനിഗ്രഢവിഷയം. എന്നാൽ നിന്നെ പറഞ്ഞു മനസ്സിലാക്കുന്നതു് എങ്ങിനെ എന്നു് എനിക്കു അറിയാൻ പാടില്ല. ഈ രഹസ്യം ഒരുവിധത്തിലും നിന്നെ മനസ്സിലാക്കാൻ സാധിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു.

പ്ര. ശി:-(ഇതുകേട്ടു് ചിരിച്ചുകൊണ്ടു) ഇങ്ങനെ പറഞ്ഞു:-"മനസ്സിലാക്കാൻ സാധിക്കാത്ത ഈ മതത്തെ ഉപദേശിക്കാനാണോ നിങ്ങൾ ഇരുപതിനായിരം മയിൽ സഞ്ചരിച്ചു് ഇവിടെ വന്നതു്? അത്ഭുതംതന്നെ."

പാതിരി:-കഷ്ടം! ഇതു സ്ഥൂലബുദ്ധികളുടെ വൎത്തമാനം ആണ്. ചീനദേശത്തിൽ, പ്രബലനായ ചെകുത്താൻ തൻെറ ജോലിയെ യഥാൎത്ഥമായി നിൎവ്വഹിച്ചിരിക്കുന്നു!

ഇത്രയുംപറഞ്ഞിട്ടു് ൨-ാമത്തെ ശിഷ്യനോടു ഇങ്ങനെ ചോദിച്ചു:-

"ഈശ്വരൻരണ്ടെന്നു നീ എങ്ങനെ നിശ്ചയിച്ചു?"

ദ്വിതീയശിഷ്യൻ:- അനേകം ഈശ്വരന്മാരുണ്ടെന്നായിരുന്നു എൻെറ ആദ്യത്തെ വിശ്വാസം. എന്നാൽ അങ്ങു് എണ്ണത്തെ അല്പം കുറച്ചു.

പാതിരി:-ഈശ്വരൻ രണ്ടാണെന്നു് ഞാൻ നിനക്കു ഉപദേശിച്ചു തന്നിട്ടുണ്ടോ? ഏതായാലും നി

ങ്ങളുടെ മൂഢതഹേതുവായിട്ട് നിങ്ങളുടെ മേൽഗതിയെപ്പററി ഞാൻ നിരാശപ്പെടുന്നു.

ദ്വി. ശി:—രണ്ടീശ്വരന്മാരുണ്ടെന്ന് അങ്ങ് സ്പഷ്ടമായി പറഞ്ഞിട്ടില്ല. എങ്കിലും അങ്ങ് ഉപദേശിച്ചിട്ടുള്ളതിന്റെ സാരം അതുതന്നെ.

പാതിരി:—ഈ നിഗ്രൂഢവിഷയത്തിൽ നീ യുക്തി ചെലുത്തിയിരിക്കുന്നുവോ?

ദ്വി. ശി:—ഞങ്ങൾ ചീനക്കാരാണ്. നാനാവസ്തുക്കളെ അറിഞ്ഞാൽ, പിന്നീട് അവയെ വിഭജിക്കും. മൂന്നുപേർ പ്രത്യേകം പ്രത്യേകം പൂർണ്ണ ഈശ്വരന്മാരാണെന്ന് അങ്ങ് ആദ്യം പഠിപ്പിച്ചു. പിന്നീട് പശ്ചിമദേശത്തിലെ ഒരു ഗ്രാമത്തിൽ വെച്ച് ഇവരിൽ ഒരാൾ വളരേക്കാലം മുൻപ് മരിച്ചുപോയി എന്നും പറഞ്ഞു. ഇതിനാൽ ഇപ്പോൾ രണ്ടീശ്വരന്മാരുമാത്രമെ ഉള്ളു എന്നു ഞാൻ നിശ്ചയിച്ചു.

പാതിരി:—എന്തൊരുകഷ്ടം. ഈ മൂഢന്മാരെ ഉപദേശിക്കുന്നതു നിഷ്ഫലംതന്നെ.

പിന്നീടു മൂന്നാമത്തെ ശിഷ്യനോട് ഇങ്ങനെ ചോദിച്ചു:—നിന്റെ രണ്ടു സഹോദരന്മാരും പാഷണ്ഡികൾ തന്നെ. എന്നാൽ നീ അവരേക്കാളും അധമൻ. എന്തുകൊണ്ടെന്നാൽ ഈശ്വരൻ ഇല്ലെന്നാണല്ലോ നീ പറഞ്ഞത്.

തൃതീയശിഷ്യൻ:— ഞാൻ മൂന്നീശ്വരന്മാരെപ്പററി കേട്ടിരുന്നു. എന്നാൽ അവരെല്ലാം ഒന്നുതന്നെ എന്നു പറഞ്ഞ ഉപദേശമാണ് എനിക്കു ഏററവും ഹൃദയംഗമമായതു്. ഇതു് എനിക്കു നല്ലവണ്ണം മനസ്സിലാകയും ചെയ്തു. മറെറാന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചില്ല. എന്റെ ബുദ്ധിയിൽ കയറിയതും ഇല്ല. ഞാൻ പണ്ഡിതനല്ലെന്നു അങ്ങേയ്ക്കു് അറിയാമല്ലോ? അതിനാൽ മനസ്സിലായതുമാത്രം ഞാൻ വിശ്വസിച്ചു. ഈശ്വരൻ ഒന്നെന്നും അദ്ദേഹത്തിന്റെ നാമത്താൽ നിങ്ങൾക്കു ക്രിസ്ത്യാനി എന്നു പേർ വന്നുഎന്നും ഞാൻ ധരിച്ചു.

പാതിരി:— ശരിതന്നെ. എന്നാൽ ഈശ്വരൻ ഇല്ലെന്നു നീ മുൻപു പറഞ്ഞ മറുപടി കേട്ടപ്പോൾ ഞാൻ അത്യന്തം ആശ്ചര്യപ്പെട്ടുപോയി.

തൃ. ശി: —(ഒരു വസ്തു കൈയിൽ എടുത്തു കാണിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു):— "ഈ വസ്തു ഇപ്പോൾ ഉണ്ട്. ഇതിനെ നീക്കിയാൽ ഈ സ്ഥലത്തു ഈ വസ്തു ഇല്ലാതിരിക്കുമല്ലോ?"

പാതിരി:— ഈ ദൃഷ്ടാന്തം ഇവിടെ എങ്ങിനെ യോജിക്കും?

തൃ. ശി: — നിങ്ങൾ പശ്ചിമദേശത്തിലെ ബുദ്ധിമാനാണ്. ഞങ്ങളുടെ ബുദ്ധി നിങ്ങളുടേതുപോലെ അല്ല. ദുർഗ്രഹങ്ങളായ വാക്യങ്ങൾ ഞങ്ങൾക്കു മനസ്സിലാകയില്ല. അതുകൊണ്ടു്, ഒരീശ്വരനല്ലാതെ മററു യാതൊന്നും ഇല്ലെന്നും, ക്രിസ്തു യഥാർത്ഥ ഈശ്വരൻ ആയിരുന്നുഎന്നും, എന്നാൽ ഏകദേശം ൧൯൦൦—വർഷം മുൻപ് അദ്ദേഹത്തെ ഒരു വൃക്ഷത്തിൽ തറച്ചു കൊന്നു എന്നും അങ്ങു പറഞ്ഞതിനാൽ ഈശ്വരൻ ഇപ്പോൾ ഇല്ലാ എന്നല്ലാതെ മറെറന്തുത്തരമാണ് നൽകാനുള്ളതു്?

പാതിരി:—നിങ്ങളുടെ തെററിനെ ക്ഷമിക്കാൻ ഞാൻ ഈശ്വരസന്നിധിയിൽ പ്രാർത്ഥിക്കും. നിങ്ങൾ യഥാർത്ഥമതം കൈക്കൊള്ളാത്തതിനാൽ ജീവിതകാലവും, മരണാനന്തരവും നിങ്ങൾ കഷ്ടപ്പെടേണ്ടിവരും.

മൂന്നു ശിഷ്യന്മാരും:— ഇതു ആശ്ചര്യംതന്നെ. ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കാത്ത മതം നിങ്ങൾ ഉപദേശിക്കുന്നു. അതു മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ട് ഞങ്ങൾ നരകത്തിൽ പോകുമെന്നും നിങ്ങൾ പറയുന്നുവല്ലോ? നല്ല മതോപദേശം!!

—:*:*:—

---

ഒരാൾ:— [സ്നേഹിതനോട്] എന്റെ ഭാര്യയ്ക്കു യാതൊരുകാര്യവും ഓർമ്മയുണ്ടാവുന്നില്ല. മറവി ജാസ്തിയായിരിക്കുന്നു.

സ്നേഹി:—എന്റെ ഭാര്യയ്ക്കും ഇതേ രോഗം തന്നെ ഉണ്ടായിരുന്നു. പക്ഷെ ഞാൻ ഒരു വിദ്യ പ്രയോഗിച്ചു. ഇപ്പോൾ വേണ്ട കാര്യമെല്ലാം ഓർമ്മയുണ്ടു്.

ആൾ:—എന്താണ് ആ വിദ്യ? ഞാൻ പ്രയോഗിച്ചു നോക്കട്ടെ.

സ്നേ:—ഓർമ്മവെയ്ക്കേണ്ട കാര്യങ്ങളെ ഒരു കഷണം കടലാസ്സിൽ എഴുതി ചുവരിൽ തൂക്കിയിരിക്കുന്ന മുഖക്കണ്ണാടിയുടെ അടുത്തു പതിക്കുക. മണിക്കൂറിൽ രണ്ടു പ്രാവശ്യമെങ്കിലും അവർ അതു നോക്കാതിരിക്കില്ല. ഇതു തന്നെ വിദ്യ.

# പുതിയ മലയാളപുസ്തകങ്ങൾ.

൧. പത്മാലയം–(നോവൽ) പാറയ്ക്കൽ ഗൌരിഅമ്മ എഴുതിയതും
ഇന്ദുലേഖയെക്കാൾ രസകരവുംആയ സാമുദായികനോവൽ
൧–൦ ൨–൦ ഭാഗംകൂടി — വില ക ൩–൦–൦

൨. മൃണാളിനി– (നോവൽ)
ബങ്കിമചന്ദ്രചാറർജിയുടെ മൂലത്തിൽനിന്നു പരിഭാഷപ്പെടുത്തിയ
ചരിത്രനോവൽ — ക ൧–൪–൦

൩. വിലാസിനി [ഡിഡക്റ്റീവ് നോവൽ]
കല്ക്കത്താപട്ടണത്തിൽനടന്ന ഒരു ഭയങ്കരകൊലപാതകം
തുമ്പുണ്ടാക്കുന്ന കഥ. — ക ൧–൪–൦

൪. ശിവാജി–[ചരിത്രനോവൽ]
ശിവാജിയുടെ യഥാർത്ഥചരിത്രം. ഒരു നോവലിനേക്കാൾ
രസകരമായതു. — ക ൧–൪–൦

൫. ശ്രീരാമകൃഷ്ണപരമഹംസൻ. ജീവചരിത്രം ഉപദേശങ്ങൾ കൂടി — ക ൧–൦–൦

൬. കാമശാസ്ത്രം–ഗദ്യം
വാത്സ്യായനമഹർഷിയുടെ മൂലഗ്രന്ഥത്തിൽനിന്നു പരിഭാഷ.
ഇതിൽ സ്ത്രീപുരുഷലക്ഷണങ്ങൾ, വിവാഹക്രമങ്ങൾ, ദാമ്പത്യ
ധർമ്മങ്ങൾ, സംയോഗരഹസ്യങ്ങൾ പലവിധം, അനേകവിധ
മുള്ള സുരതവിധികൾ മുതലായി രഹസ്യങ്ങളായ പലതും
വിവക്ഷിച്ചിരിക്കുന്നു. കൊക്കോ ശാസ്ത്രത്തേക്കാൾ നല്ലതു്. — ക ൨–൦–൦

## മററു പ്രസിദ്ധ പുസ്തകങ്ങൾ

| | | | |
|---|---|---|---|
| ൧. അമ്മയും മകളും–നോവൽ | ക ൧–൪–൦ | ശിവപാദാദികേശസ്തവം വ്യാഖ്യാനം | |
| ൨. സ്വർണ്ണകുമാരി ടി | ക ൦–൮–൦ | | ക ൦–൭–൦. |
| ൩. വിരുതൻശങ്കു ടി | ക ൧–൪–൦ | വിഷ്ണുപാദാദികേശസ്തവം | ക ൦–൫–൦. |
| ൪. വീട്ടിലും പുറത്തും ടി | ക ൧–൮–൦ | ദക്ഷിണാമൂർത്തിസ്തോത്രം | ക ൦–൫–൦. |
| ൫. പ്രേമവല്ലി ടി | ക ൧–൦–൦ | വിംശതി വ്യാഖ്യാനം | ക ൦–൬–൦. |
| ൬. അഷ്ടപദി വ്യാഖ്യാനം | ക ൧–൦–൦ | ആനന്ദലഹരി | ക ൦–൪–൦. |
| ൭. ശ്രീകൃഷ്ണകർണ്ണാമൃതം ഭാഷ | ക ൦–൮–൦ | ദേവ്യപരാധക്ഷമാപണസ്തോത്രം | ക ൧–൮–൦. |
| ൮. ശൃംഗാരശതകം പദ്യം | ക ൦–൮–൦ | സുബ്രഹ്മണ്യാപാസ്തിക്രമം | ക ൦–൯–൦. |
| ൯. നിറവറക്കുണ്ടിലെ ഭൂതത്താൻ | ക ൦–൪–൦ | ശിവമഹിമസ്തോത്രം | ക ൦–൨–൦. |
| ൧൦. മാലതീദേവി | ക൦–൬–൦ | ശ്രീസ്തുതി | ക ൦–൨–൦. |
| ൧൧. ഭജനകീർത്തനമാല | ക൦–൧൨– | ആനന്ദരാമായണം ഗദ്യം | ക ൨–൦–൦ |

☞ ഞങ്ങളുടെ വലിയ പട്ടിക സൌജന്യമായി കൊടുക്കും. വി. പി. ചിലവ് ആവശ്യ
ക്കാർ വഹിക്കണം.

മാനേജർ,

ജ്ഞാനസാഗരം പുസ്തകശാല,

തൃശ്ശിവപേരൂർ.

# അൽഭുതസൌധം

അഥവാ

## രാധയുടെ രഹസ്യം

—*—

"പാറപ്പുറം വായിച്ചിട്ടുള്ളവർ അൽഭുതസൌധം വായിക്കട്ടെ"

പാശ്ചാത്യഭൂഖണ്ഡത്തെ ആകമാനം ഇളക്കിമറിച്ച പ്രേക്ഷാഭജനകമായ "കാനൻബെറിഹൌസ്" എന്ന ചരിത്രസംബന്ധമായ ആഖ്യായികയുടെ ഒരു തർജ്ജമ. നോവലെഴുത്തുകാരിൽ അഗ്രേസരനായ റെയിനാൾഡ് എന്ന മഹാന്റെ ഈ വിശിഷ്ടഗ്രന്ഥത്തോട് കിടപിടിക്കത്തക്ക മറ്റൊരാഖ്യായിക ഇതേവരെ ഒരുഭാഷയിലുമുണ്ടായിട്ടില്ലെന്നുള്ളത് സർവസമ്മതമാണ്. ലോകത്തിലുള്ള സകലഭാഷകളിലും സംക്രമിച്ചുകഴിഞ്ഞ ഈ ഉൽകൃഷ്ടകൃതി ഇതാ കൈരളിക്കു ലഭിച്ചിരിക്കുന്നു. വിപ്രലംഭശൃംഗാരത്തിന്റെ മേന്മയും കരുണരസത്തിന്റെ തികവും ഈ ആഖ്യായികയിലെന്നപോലെ മറ്റൊരു ഗ്രന്ഥത്തിലും കാണാൻ കഴിയുന്നതല്ല. "വാക്യംരസാത്മകം കാവ്യം" എന്ന ലക്ഷണത്തിനു ഈ ഗദ്യകാവ്യം ഒരു ഉൽകൃഷ്ടദൃഷ്ടാന്തമാണ്. കൃത്യാകൃതത്തെ ഉപദേശിക്കാൻ ഈ ഗ്രന്ഥത്തിനുള്ള ശക്തി അന്യാദൃശമാകുന്നു. വായനക്കാരുടെ ഉല്ക്കണ്ഠയെ നിമിഷംപ്രതി വർദ്ധിപ്പിക്കുന്നതായ ഇതുപോലെ മറ്റൊരു നോവൽ ഉണ്ടെന്നുതന്നെ തോന്നുന്നില്ല. മൂലഗ്രന്ഥം ഇംഗ്ലണ്ടിലും ഇംഗ്ലണ്ടുചരിത്രം അറിഞ്ഞിട്ടുള്ളവരുടെ ഇടയിലും പ്രക്ഷുബ്ധതരങ്ങളായ വികാരങ്ങൾ ചെലുത്തുന്നതിനു പര്യാപ്തമായതാണ്. അൻപതദ്ധ്യായങ്ങളുള്ള ഈ വലിയ ഗ്രന്ഥത്തിനു നിശ്ചയിച്ചിരിക്കുന്ന വില ഒന്നേകാൽരൂപാമാത്രം അപേക്ഷിക്കേണ്ടും മേൽവിലാസം:—

എസ്സ്. റി. റെഡ്യാർ- ആൻഡ് സൺസ്,
വി. വി. പ്രസ്സ്, - കൊല്ലം.

---




## പുതിയപുസ്തകങ്ങൾ

—*—

സാഹിത്യാലോചനം:- ക. ൧- ൮-൦
(പി. എം. ശങ്കരൻനമ്പ്യാർ
ബീ. എ. ഓണേഴ്സ്.)
ഭ്രാന്തരായർ നോവൽ:- ൧-൧൨-൦
(അപ്പൻതമ്പുരാൻ)
വിവേകാനന്ദസ്വാമികൾ:- ൧-൪-൦
(ജീവചരിത്രം)
വേദാന്തസാരം:- ൦-൧൨-൦
(ഒരു വിശേഷതരമായ ഗദ്യഗ്രന്ഥം)
ഭജനസ്തോത്രമഞ്ജരി:-(നോവൽ) ൦-൮-൦
ശ്രീകൃഷ്ണകർണ്ണാമൃതം:- ൦-൧൨-൦
൩൨൧-(സ്തോത്രങ്ങൾ ഭാഷാവ്യാഖ്യാനം)
ഗോപികാഗീത:-(ഭാഷാവ്യാഖ്യാനം ൦-൧൨-൦
ശ്രീരാമകർണ്ണാമൃതം:- ൦-൬-൦
[൪൦൦-ൽ അധികം സ്തോത്രങ്ങൾ]
ഗംഗാലഹരി:-[ഭാഷാവ്യാഖ്യാനം] ൦-൪-൦

സരസ്വതീവിലാസം പുസ്തകശാല, തൃശ്ശിവപേരൂർ.

# വിദൂഷകൻ.

# THE MALABAR PUNCH.

രാജ്യതന്ത്രംതുടങ്ങിയ സർവതന്ത്രങ്ങളേയുംപററി
സ്വതന്ത്രമായി പ്രതിപാദിക്കുന്ന

## ഒരു വിനോദമാസിക.

---

വായിച്ചാൽ ആരും ചിരിച്ചു മണ്ണുകപ്പിപ്പോകുന്ന
ഫലിതങ്ങളും വെടികളും വിനോദങ്ങളും വിമർശങ്ങളും തമാശകളും നേരമ്പോക്കുകളും
മാത്രമല്ല,
ഫലിതലേഖനങ്ങളും വിനോദകഥകളും സരസകവിതകളും ഹാസകൃതികളും
മാത്രമല്ല,
ഹാസ്യരസവും ഹൃദ്യഗദ്യവും പ്രൌഢവിഷയവും കൂടികലൎന്ന സരസകോമളമായ
പത്രാധിപക്കുറിപ്പുകളും
മാത്രമല്ല,
ആദ്യന്തം മഹാകാര്യമായ നേരമ്പോക്കുകളും, ബഹുനേരമ്പോക്കായ കാര്യങ്ങളുംകൊണ്ടു
ആകപ്പാടെ ബഹുരസകരമായ

## ഒരുത്തമചിത്രപത്രഗ്രന്ഥം.

ഏതന്യായത്തേയും ഏതക്രമത്തേയും ആരുടെഅഴിമതിയേയും മുഖംനോക്കാതെ പരിഹസിക്കുന്ന

## മനോഹരമായ
## വിചിത്രവിനോദചിത്രങ്ങൾ

കൊണ്ടു ഓരോലക്കവും സവിശേഷം ആകർഷണീയമായിരിക്കുന്നതാണ്.

## വരിസംഖ്യ

൧൨-ലക്കങ്ങൾകൂടിയ ഒരു കൊല്ലത്തേക്കു ൨ ക. മാത്രം.
ഒരു ലക്കത്തിനു ൪ ണ.
വി. പി. ഏർപ്പാടു നഷ്ടമാകയാൽ ആവശ്യമുള്ളവർ മണിയാർഡർസഹിതം എഴുതുക.
ഓരോലക്കവും അപ്പഴപ്പോൾ എല്ലാ പ്രധാനപട്ടണങ്ങളിലും രൊക്കവിലയ്ക്കു
വില്ക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നു.
പഴയലക്കങ്ങളും ഏജൻറന്മാരിൽനിന്നും വാങ്ങാവുന്നതാകുന്നു.

മാനേജർ, "വിദൂഷകൻ"
കൊല്ലം — പരവൂർ.

PRINTED AND PUBLISHED BY S. S. CHETTIYAR, AT THE V. V. PRESS, PARAVOOR, QUILON.